# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/456/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊടുവള്ളി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/456/2023 തീയ്യതി: 31/03/2023

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2021 മുതൽ 16-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി. എം. വി. | ജോയിന്റ് ഡയറക്ടർ | 17-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.ഹരി. കെ. പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

2.ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

3.ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4.ശ്രീ.ദേവാനന്ദ് ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.ലത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

6.ശ്രീ.ബിബിൻ. ഇ. സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി. അബ്ദു റഹിമാൻ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രവീൺ.എ | സെക്രട്ടറി | 01-04-2021 | 07-03-2022 |
| ശ്രീ. സുജിത്ത് പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റെജിമോൾ ജോർജ്ജ് | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റിൻസി ആന്റണി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽ കുമാർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ശിഹാബുദ്ധീൻ.പി.കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് അബ്ദുൽ മജീദ്.പി.പി | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 01-04-2021 | 31-03-2022 |
| ഡോ.സാഹിറ.വി.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.ശശി നടുവിലക്കണ്ടി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ്യ.കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.ഷൈജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി.അപർണ്ണ | കൃഷി ഓഫീസർ | 01-04-2021 | 14-07-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ആരണ്യ | കൃഷി ഓഫീസർ | 15-07-2021 | 17-11-2021 |
| ശ്രീ. മനോജ്. പി.ആർ. | കൃഷി ഓഫീസർ | 18-11-2021 | 09-01-2022 |
| ശ്രീമതി.അപർണ | കൃഷി ഓഫീസർ | 10-01-2022 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | രസീതി പരിശോധന- അപാകതകൾ | 1-9 |
| 11 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 1-11 |
| 13 | തെരഞ്ഞെടുപ്പ് നിക്ഷേപം മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. | 1-12 |
| 14 | ചെയർ പേഴ്സൺന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക വൈകി അടവാക്കിയിട്ടും പലിശ ഈടാക്കിയില്ല | 1-13 |
| 15 | കൊടുവള്ളി നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല. | 1-14 |
| 16 | നികുതി ഇളവ് നൽകിയത് ക്രമ പ്രകാരമാണോ എന്ന് വ്യക്തമല്ല. | 1-15 |
| 17 | നഗരസഭ പരിധിയിലുള്ള 4 ജിംനേഷ്യത്തിന് KPPR നിയമ പ്രകാരമുള്ള ലൈസൻസില്ല . | 1-16 |
| 18 | വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-17 |
| 19 | വയൽ നികത്തി അനധികൃതനിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചില്ല. | 1-18 |
| 20 | എം.പി.സി ഹോസ്പിറ്റലിൽ അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടും തുടർനടപടികൾ സ്വീകരിച്ചില്ല. | 1-19 |
| 21 | പാർക്കിംഗ് ഏരിയ തരം മാറ്റി ഉപയോഗിക്കുന്നു.- തുടർനടപടികൾ സ്വീകരിച്ചില്ല. | 1-20 |
| 22 | ഗ്രേഡ് വാങ്ങിയതിന് ശേഷം പ്രമോഷൻ - റൂൾ 30ന് പകരം 28(1) പ്രകാരം ശമ്പള നിർണ്ണയം നടത്തി | 1-21 |
| 23 | കണ്ടിജന്റ് ജീവനക്കാരുടെ നിയമനം - അപാകതകൾ | 1-22 |
| 24 | പി.എം.എ.വൈ - ബാങ്ക് അക്കൗണ്ടിൽ നിന്ന് ക്ലിയറൻസ് ചാർജ് ഈടാക്കുന്ന മറ്റ് അപാകതകളും | 1-23 |

| | | |
|---|---|---|
| 25 | DSR 2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ പ്രവൃത്തി നടത്തിയപ്പോൾ 2018നിരക്ക് അനുവദിച്ചു | 1-24 |
| 26 | ചോലക്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അവ്യക്തത | 1-25 |
| 27 | ടെണ്ടർ കുറവ് ബില്ലിൽ കിഴിവ് ചെയ്തില്ല | 1-26 |
| 28 | മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - നഗരസഭ ഫണ്ടിന്റെ അധിക ചെലവിനു കാരണമായി | 1-27 |
| 29 | റോഡ് നിർമ്മാണത്തിൽ ലഭിച്ച കല്ലുകൾ നിലവിലും ഉപയോഗപ്പെടുത്തിയില്ല/ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 1-28 |
| 30 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - അളവു രേഖപ്പെടുത്തി തുക നൽകി | 1-29 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - പകുതി ചെലവും സ്പിൽഓവർ പദ്ധതികൾക്ക് | 1-30 |
| 32 | കൃഷി വ്യാപനത്തിനുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 33 | തെങ്ങിന് വളം - സബ്സിഡി നൽകിയതിൽ അപാകത | 1-32 |
| 34 | വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-33 |
| 35 | ഐ.കെ.എമ്മിന് വിഹിതം നൽകൽ - തുക ചെലവഴിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമില്ല | 1-34 |
| 36 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-35 |
| 37 | ജി.ഐ.എസ് മാപ്പിങ്ങ് പദ്ധതി - അപാകതകൾ | 1-36 |
| 38 | ഐ.ടി.ഐക്ക് ഭൂമി വാങ്ങൽ - അപാകതകൾ | 1-37 |
| 39 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വൈദ്യുതീകരണം പൂർത്തിയായില്ല | 1-38 |
| 40 | എസ്.എസ്.എ വിഹിതം നൽകൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-39 |
| 41 | വയോമിത്രം പദ്ധതി - വിഹിതം നൽകിയിട്ടും പ്രവർത്തനങ്ങളൊന്നും നടന്നില്ല | 1-40 |
| 42 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - പ്രാഥമിക പഠനം നടത്താത്തതും മറ്റ് അപാകതകളും | 1-41 |
| 43 | ഇ.എം.എസ് ഭവന പദ്ധതി - പലിശ ഇനത്തിൽ വൻതുക ഒടുക്കി. | 1-42 |
| 44 | റിംഗ് കംമ്പോസ്റ്റ് വിതരണം ചെയ്തത്- നിർവ്വഹണത്തിൽ അപാകതകൾ | 1-43 |
| 45 | ബയോഗ്യാസ് പ്ലാന്റ് - നിർവ്വഹണത്തിൽ അപാകതകൾ | 1-44 |
| 46 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - നിർവ്വഹണത്തിൽ അപാകതകൾ | 1-45 |
| 47 | പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത്- അപാകതകൾ | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | DSR 2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ പ്രവൃത്തി നടത്തിയപ്പോൾ 2018 നിരക്ക് അനുവദിച്ചു | 3-1 |
| 2 | ടെണ്ടർ കുറവ് ബില്ലിൽ കിഴിവ് ചെയ്തില്ല | 3-2 |
| 3 | റിംഗ് കംമ്പോസ്റ്റ് വിതരണം ചെയ്തത്- നിർവ്വഹണത്തിൽ അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം - 3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2021 -22 വർഷത്തെ ബജറ്റ് കൊടുവള്ളി നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.02.2021 തീയതിയിലെ തീരുമാന നം. 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 25.03.2022 ലെ ഭരണസമിതി തീരുമാന നം. 1 പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 02.08.2022 |

വാർഷിക കണക്ക് സമയബന്ധിതമായി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മുനിസിപ്പാലിറ്റിയുടെ 2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ്, ഓഡിറ്റ് റിക്കവറി എന്നിവ ബന്ധപ്പെട്ടവർക്ക് അടവാക്കാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

2.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 462078/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.ബി-11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 9841353/- രൂപയും 559647/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബി-4 ഷെഡ്യൂളിൽ ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി, ഗുണഭോക്തൃവിഹിതം, അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എ.സി.ആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം അഡ്വാൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ള, താഴെപ്പറയുന്ന തുകകൾക്ക്, ആധികാരികമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല :

| Code No. | Particulars | Amount (Rs) |
|---|---|---|
| 460500101 | Advance To Beneficiary Committee Convenors – Municipal Fund | 150000 |
| 460500204 | Advance To Implementing Agencies – Scheme Expenditure | 1100 |

| | | |
|---|---|---|
| 460500304 | Advance To Projects – Scheme Expenditure | 20000 |

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 251608/- രൂപ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് (460600100) എന്ന ഇനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

8.വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ (എംപ്ലോയീസ്), തൊഴിൽ നികുതി രജിസ്റ്റർ (ട്രെഡേഴ്സ്), ഡി&ഒ രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

9. ഷെഡ്യൂൾ B-7 (ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള ഡെപ്പോസിറ്റുകൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Code No. | Particulars | Amt As Per B-7 |
|---|---|---|
| 340100105 | Supplier's EMD | 2,45,861 |
| 340100205 | Supplier's Security Deposit | 94,150 |
| 340100301 | Contractor's Retention Money | 37,747 |
| 340200100 | Rent Deposit | 36,59,637 |
| 340200200 | Auction Deposit | 6,18,047 |
| 340200600 | Election Deposit (Candidates) | 2,09,000 |
| 340800100 | Deposit Received From Others | 1,61,034 |
| 340809900 | Other Deposits Received | 5,55,432 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Other Grants & Contribution For Specific Purpose ഇനത്തിൽ 1149797/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വിവിധ അക്കൗണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന തുകകളുടെ വരവ് - ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ മനസിലാക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

11.പരിശോധനക്ക് ഹാജരാക്കിയ ബാങ്ക് അക്കൗണ്ടുകളിലെ റീകൺസിലിയേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ചെലവ്,നിക്കീയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,22,09,325 |
| ഓഡിറ്റ് വർഷത്തെ വരവ് | 16,38,95,255 |
| ആകെ | 19,61,04,580 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,75,03,417 |
| നീക്കിയിരിപ്പ് | 3,86,01,163 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 25529400 | 25529400 | 24493830 | 1035570 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 9313333 | 9313333 | 4735162 | 4578171 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | | 0 | 25268000 | 25268000 | 11439445 | 13828555 |
| മെയിന്റനൻസ്-നോൺ റോഡ് | | 0 | 8974469 | 8974469 | 6410736 | 2563733 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied (ട്രഷറി മുഖേന) | | 0 | 3780766 | 3780766 | 2827041 | 953725 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied (PFMS മുഖേന) | | 0 | 19992000 | 19992000 | 5575067 | 14416933 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied (ട്രഷറി മുഖേന) | | 0 | 1087847 | 1087847 | 0 | 0 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied (PFMS മുഖേന) | | 0 | 13328000 | 13328000 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 26270000 | 26270000 | 26270000 | 0 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | | 3322687 | 5081230 | 8403917 | 8396335 | 7582 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | പി.എം.എ.വൈ | 434333 | 6235665 | 6669998 | 6620117 | 49881 |
| | എൻ.യു.എൽ.എം | 684005 | 447296 | 1131301 | 1131301 | 0 |
| | ആർ.എം.എസ്.എ | 3108639 | 0 | 3108639 | 0 | 3108639 |
| | എസ്.എൻ.പി | -1112998 | 1546538 | 433540 | 1234669 | -801129 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 36483 | 0 | 36483 | 0 | 36483 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10702726 | 27976425 | 38679151 | 29223042 | 9456109 |
| | ട്രഷറി അക്കൗണ്ട് | 0 | 37809941 | 37809941 | 37773342 | 1036599 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 410 | 310 | 48 | 52 |

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2160 | 07 |
| കർഷക തൊഴിലാളി പെൻഷൻ | 7594600 | 445 |
| വിധവാ പെൻഷൻ | 35324800 | 1914 |
| വാർദ്ധക്യകാല പെൻഷൻ | 51556800 | 2902 |
| വികലാംഗ പെൻഷൻ | 11060300 | 590 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1570400 | 86 |
| വിവാഹ ധനസഹായം | 210000 | 07 |

## 1-7 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. തൻവർഷത്തെ രജിസ്റ്ററുകൾ, ഫയലുകൾ, മിനിട്സുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് പരിശോധിച്ചതിൽ നഗരസഭയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല എന്നു കാണുന്നു. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടികൾ യഥാസമയം സമർപ്പിക്കേണ്ടതുമാണ് .എന്നാൽ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കാത്തത് ഗൗരവമായ അപാകതയാണ് അപാകതകൾ ഭരണസമിതി പരിശോധിച്ച് അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫയലുകളുടെ കൈകാര്യം സംബന്ധിച്ച് ഖണ്ഡിക 1-42, 1-45 എന്നിവയിലെ പരാമർശങ്ങൾ കൂടി കാണുക.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 24.03.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,32,530/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-9 രസീതി പരിശോധന- അപാകതകൾ

1. മാന്വൽ രസീതി സ്റ്റോക്ക് രജിസ്റ്ററിൽ മെയിൻ സ്റ്റോക്ക് പ്രകാരം വരവ് വന്ന രസീതി ബുക്കുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ അതുൾപ്പെടെയുള്ള ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 24/02/2021 ന് 13 രസീതി ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, രസീതി ബുക്ക് 201 മുതൽ 300 വരെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ 113 രസീതി ബുക്കിന്റെ (രസീതി ബുക്ക് 188 മുതൽ 300 വരെ) വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 22/09/2022 ന് ശേഷം 200 രസീതി ബുക്ക് 301 മുതൽ 500 വരെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്ത തിയതി രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടില്ല.

2. ഹെൽത്ത് വിഭാഗം ഉപയോഗിച്ച മാന്വൽ രശീതി ബുക്ക് നമ്പർ 214, 381, 393,399 എന്നിവയിൽ Double Side കാർബൺ ഉപയോഗിക്കാതെയാണ് രശീതി തുക പിരിച്ചത്.

3. മാന്വൽ രസീതി ബുക്ക് നമ്പർ 325 ( രസീതി നമ്പർ 32401 മുതൽ 32402 വരെ) എന്നിവയിലെ രശീതി തുക പിരിച്ചിട്ടുണ്ട്. എന്നാൽ അവ പരിശോധിക്കുന്നതിന് ആവശ്യമായ കലക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് സമയത്ത് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ഡേബുക്ക് പ്രിന്റെടുത്ത് നൽകിയത് ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട ക്യാൻസൽ ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245 വകുപ്പിലേയും 2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ വാർഷിക കണക്കിലെ വരവ് കൃത്യത പരിശോധിക്കാൻ സാധിക്കില്ല, പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ എല്ലാ സ്ഥാപനത്തിന്റെയും അർദ്ധവാർഷിക റിട്ടേൺ സമർപ്പിച്ചിട്ടുണ്ടോയെന്നും, തൊഴിൽ നികുതി രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷത്തെ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാലും സ്ഥാപനങ്ങൾ തൊഴിൽ നികുതി പരിതിയിൽ നിന്ന് ഒഴിവായി പോയിട്ടുണ്ടോ എന്നും കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല,

വാർഡ് അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കുകയും നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി

ഈടാക്കാൻ വേണ്ട നടപടികൾ സ്ഥാപനം കൈക്കൊണ്ടിട്ടില്ല. പകരം അടവാക്കിയ തുക തന്നെ ഡിമാന്റ് ആയി കണക്കാക്കുന്നു.

ട്രേഡേഴ്സ് തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല, ആയതിനാൽ വാർഷിക കണക്കിലെ വരവ് കൃത്യത പരിശോധിക്കാൻ സാധിക്കില്ല,

1.മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല 2021-22 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | നാസർ ടി. പി. |
| 2 | പി. പി അബൂബക്കർ |
| 3 | അൻവർ സാദിഖ് |
| 4 | മുഹമ്മദ് ഷാഫി. കെ. പി. |
| 5 | കെ.എം പ്രമോദ് |
| 6 | അബ്ദുൾ കരീം |
| 7 | റഹീസ് പി. കെ. |
| 8 | അബ്ദുറഹിമാൻ പി. |
| 9 | ഷിഹാബുദ്ദീൻ വി. ടി. |
| 10 | എൻ. എം. മൻസൂർ |
| 11 | അബ്ദുൾ ലത്തീഫ് |
| 12 | സദാനന്ദൻ പി. വി. |
| 13 | സി. പി. അബ്ദുൾ റഷീദ് |
| 14 | സുനീറ |
| 15 | മൊയ്തീൻ കോയ |
| 16 | കമറുദ്ദീൻ സി. എം. |
| 17 | ഹാഷിം എം. കെ. |
| 18 | നിസാർ ടി. പി. |
| 19 | യു. കെ. സുബൈർ |
| 20 | അബ്ദുറഹിമാൻ എം. |
| 21 | അബ്ദുൾ റസാഖ് സി.പി. |
| 22 | സക്കീർ എം. |
| 23 | സാദിഖ് റഹ്മാൻ കെ.എം. |
| 24 | മുഹമ്മദ് ഷരീഫ് കെ.പി. |
| 25 | കാന്തൻ പി.കെ. |
| 26 | മുഹമ്മദ് ബഷീർ |
| 27 | പ്രമോദ് കെ.എം. |
| 28 | സാദിഖ് അലി പി. |
| 29 | മൻസൂർ എൻ.എം. |
| 30 | സദാനന്ദൻ |

| | |
|---|---|
| 31 | ഉദയകുമാർ |
| 32 | ഹർഷൻ ടി. |
| 33 | അബ്ദുൾ ഹക്കീം |
| 34 | സൈദു പി.കെ. |

കരാറുകാർ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും ഹാജരാക്കിയിട്ടില്ലാത്ത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്,

2.ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വരുമാനം സബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ ബിൽഡിംഗ് സൂപ്പർവൈസർമാർ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

നഗരസഭ പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/2021-22 തിയതി. 29.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും, തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, കരാറുകാർ മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട എല്ലാവരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-11 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നൽകിയതിലെ - അപാകതകൾ

കൊടുവള്ളി നഗരസഭയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 62 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 6 എണ്ണം ഒഴിഞ്ഞ് കിടക്കുന്നു, ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നത് സംബന്ധമായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക ഡെപ്പോസിറ്റ് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന 62 മുറികളുടെ വാടകക്കാരുടെ ഡെപ്പോസിറ്റ് തുക എത്ര എന്ന് സൂചിപ്പിക്കുന്ന വാടകക്കരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക എത്ര പേരിൽ നിന്നും ഈടാക്കുവാനുണ്ട് എന്നതിനെ സംബന്ധിച്ചോ ആധികാരികമായ യാതൊരു രേഖയും മുനിസിപ്പാലിറ്റി ഹാജരാക്കിയിട്ടില്ല.

2021-22 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ വാടക ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 36,35,637/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല, എതൊക്കെ മുറിയുടെ ഡെപ്പോസിറ്റാണ് ഈടാക്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഡെപ്പോസിറ്റ് തുകയുടെ വിശദാംശം ലഭ്യമല്ല.

മുൻവർഷങ്ങളിൽ വാടകക്കാർ ഡിപ്പോസിററ് തുക തിരികെ വാങ്ങിയിട്ടുണ്ടോയെന്നും വാടക

കുടിശ്ശികയിലേക്ക് ഡിപ്പോസിററ് തുക അഡ്ജസ്ററ് ചെയ്യിരുന്നോയെന്നും മേൽ രേഖകളുടെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധ്യമല്ല. മുറികളുടെ ഡെപ്പോസിറ്റ് തുകയെ സംമ്പന്ധിച്ച് കൃത്യമായ ഒരു വിവരവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു.

2. വാടക കെട്ടിടങ്ങളുടെ ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ബൈലോയ്ക്ക് അംഗീകാരം സർക്കാർ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു.

3. വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല

2021-22 ൽ ആകെയുള്ള 62 വാടക ക്കെട്ടിടങ്ങളിൽ ആരും തന്നെ വാടക പുതുക്കുന്നതിനായി കരാർ പത്രം മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടില്ല. നാളിതുവരെ വാടകക്കാരുമായി കരാറിലേർപ്പെടാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ കൗൺസിലോ ഇത് പരിശോധിക്കുകയോ അപാകത പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യിട്ടില്ല.

ഇക്കാരണത്താൽ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 215(8) പ്രകാരം വാടകയിനത്തിലോ കെട്ടിടത്തിന്റെ മറ്റ് ഭൗതിക തകരാറുകൾ മൂലമോ ഉണ്ടാവുന്ന നഷ്ടങ്ങൾ വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് സാധിക്കാതെവരുകയും ഡെപ്പോസിറ്റ് തുകയുടെ വാർഷിക പലിശയിനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു.

4. വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാൽ 2021-22 വാർഷിക കണക്കിലെ വാടക വരവ് കൃത്യത പരിശോധിക്കാൻ സാധിക്കില്ല.

2021-22 വാർഷിക കണക്ക് പ്രകാരം തൻവർഷം 12,77,117/- രൂപയും കുടിശ്ശികയായി 8,19,256/- രൂപയും വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട് എന്നാൽ രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാൽ ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റ്/അഡ്വാൻസിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർ ലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യാതെ ലക്ഷങ്ങൾ കുടിശ്ശികയായി തുടരുന്നു. ഇത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ, നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (B) ( A) പ്രകാരം നഗരസഭയുടെ നികുതി, ഫീസ്,വാടക,മറ്റുവരവുകൾ എന്നിവ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. എന്നാൽ നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാടകക്കു നൽകുന്നതിലും വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

വാടക ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്

1-12 തെരഞ്ഞെടുപ്പ് നിക്ഷേപം മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

2020 ഡിസംബർ മാസം നടന്ന മുനിസിപ്പൽ കൌൺസിൽ തെരഞ്ഞെടുപ്പിന്റെ ഭാഗമായി 221 സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പ് നിക്ഷേപമായി 4,21,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 201 പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം അപേക്ഷ സമർപ്പിച്ച സ്ഥാനാർത്ഥികൾക്ക് എത്രയും പെട്ടെന്ന് നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്.

അപേക്ഷ സമർപ്പിച്ച 107 സ്ഥാനാർത്ഥികൾക്ക് അവരുടെ നിക്ഷേപ തുകയായ 212000/- രൂപ തിരിച്ച് നൽകിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 209000/- രൂപ തെരഞ്ഞെടുപ്പ് നിക്ഷേപം അവശേഷിക്കുന്നുണ്ട്, സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും, സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 കവിയാതിരിക്കുകയുമാണെങ്കിൽ നിക്ഷേപം 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 201(4) 3-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്, എന്നാൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല, അപാകതക്ക് വിശദീകരണം നൽകേണ്ടതും മേൽ തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-13 ചെയർ പേഴ്സൺന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക വൈകി അടവാക്കിയിട്ടും പലിശ ഈടാക്കിയില്ല

ഫയൽ നമ്പർ - R2-10321/19

മുനിസിപ്പൽ ചെയർപേഴ്സന്റെ ദുരിതാശ്വാസ നിധിയിലേക്ക് 2,50,000/- രൂപയിൽ കുറയാത്ത തുക സംഭാവനയായി നൽകണം എന്ന നിബന്ധനയോടെ മുനിസിപ്പൽ കൗൺസിലിന്റെ 30.11.2019 തിയ്യതിയിലെ 9-ാം നമ്പർ തീരുമാനം, 24.12.2019 ലെ 3/1 നമ്പർ തീരുമാനം എന്നിവ പ്രകാരമാണ് കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ ഉള്ള മിനി സ്റ്റേഡിയത്തിൽ 2020 ജനവരി 5 മുതൽ ഫെബ്രുവരി 10 വരെ കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിന് ലൈറ്റ്നിങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന് സ്റ്റേഡിയം വിട്ടു നൽകിയത്. സംഘാടകരിൽ നിന്നും 10.01.2020 തീയ്യതിയിലെ 005678, 14.01.2020 തിയ്യതിയിലെ 005679, 005680, നമ്പർ ചെക്കുകൾ മുഖേന 2,50,000 രൂപയുടെ (യഥാക്രമം 1 ലക്ഷം രൂപ, 50,000/- രൂപ, 1 ലക്ഷം രൂപ) ചെക്കുകൾ ലഭിക്കുകയും നഗരസഭാ അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്തു. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് (100451201020018) പ്രകാരമുള്ള ചെക്കുകൾ കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിൽ കലക്ഷനായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ ആവശ്യമായ പണം ഇല്ല എന്ന പേരിൽ ചെക്ക് മടങ്ങിയതിനാൽ ക്ലബ്ബിന്റെ വഞ്ചനാപരമായ ഈ നടപടിക്കെതിരെ 24.12.2020 ന് സെക്രട്ടറി നോട്ടീസ് നൽകുകയും ചെയ്തു.

തുക ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് 24/03/20 ലെ 2/1 നമ്പർ തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 04/05/2020 ലെ 2/ 1 നമ്പർ തീരുമാനപ്രകാരം നഗരസഭ ഇത്തരത്തിലുള്ള വണ്ടിച്ചെക്ക് നൽകി കബളിപ്പിച്ച പ്രസ്തുത ക്ലബ്ബിനെതിരെ നിയമ നടപടി സ്വീകരിക്കാൻ 01/06/2020 അഡ്വക്കേറ്റ് ശ്രീ. സി. എം. ഖാലിദിനെ ഏൽപ്പിക്കുകയും അദ്ദേഹം 13/08/2020 ന് പ്രസ്തുത കക്ഷികൾക്ക് വക്കീൽ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

കുടിശ്ശിക അടവാക്കാത്തതിനാൽ 2023 ജനവരി 10 മുതൽ ഫെബ്രുവരി 28 വരെ കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിന് ലൈറ്റ്നിങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന് അനുമതി നിഷേധിച്ചതിനാലാണ് രണ്ടാമതും 23/11/2022 ന് 250000/- രൂപ അടവാക്കിയതും 2023 ൽ മത്സരങ്ങൾ നടത്തുന്നതിന് സെക്രട്ടറി അനുമതി നൽകിയതും, എന്നാൽ 10/01/2020, 14/01/2020 എന്നീ ദിവസങ്ങളിൽ അടവാക്കേണ്ട തുക 23/11/2022 ൽ വൈകി അടവാക്കിയപ്പോൾ ഈടാക്കേണ്ടിയിരുന്ന പിഴ പലിശ ഈടാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.28/2021-22 തിയ്യതി 29/03/2023). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈടാക്കാനുള്ള പിഴ പലിശ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-14 കൊടുവള്ളി നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് 230,231,233 വകുപ്പ് പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.01.2011ലെ സ.ഉ (അ) നം.18/2011ഉം 19/2011 പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയം ബാധകമാക്കി നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ നഗരസഭ നാളിതുവരെ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(4) പ്രകാരം മേൽ പ്രതിപാദിച്ച അവശ്യ വിവരങ്ങൾ ഉൾപ്പെടുത്തി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പൂർണ്ണ സംഖ്യയിൽ മുനിസിപ്പാലിറ്റി പ്രമേയം മൂലം നിശ്ചയിക്കേണ്ടതും കൌൺസിൽ അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളും അവ പ്രാബല്യത്തിലിരിക്കുന്ന കാലയളവും വ്യക്തമാക്കുന്ന വിജ്ഞാപനം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

മേൽ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നഗരസഭ, നഗരസഭ കൗൺസിലിന്റെ 27.12.2016 തീയതിയിലെ 233/16 തീരുമാന പ്രകാരം വസ്തുനികുതി നിരക്കും, മേഖലകൾ തിരിച്ചും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കൊടുവള്ളി നഗരസഭ നാളിതുവരെ ഇത്തരത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ് വെയറിൽ നിലവിൽ നികുതി അടവാക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും ഉൾപ്പെടുത്തിയതായി കാണുന്നില്ല. സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രധാന വരുമാന ഇനമായ വസ്തുനികുതിയിനത്തിൽ മുൻസിപ്പൽ ഫണ്ടിന് ഭീമമായ വരുമാന നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിൽ വന്ന പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. അന്തിമ വിജ്ഞാപനത്തിന് എതിരായി നികുതി നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ സെറ്റ് ചെയ്ത് നികുതി നിർണ്ണയിക്കുന്നു .

കൊടുവള്ളി ഗ്രാമപഞ്ചായത്ത് 01.11.2015 പ്രാബല്യത്തിൽ നഗരസഭയായി മാറിയതിനാൽ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിന്റെ 26.07.2016 തീയതിയിലെ 110/16 തീരുമാന പ്രകാരം വസ്തുനികുതി നിരക്കും, മേഖലകൾ തിരിച്ചും കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് 10.01.2017 ലെ ബി3 – 1027/17 ഫയൽ പ്രകാരം നഗരസഭ കൗൺസിലിന്റെ 27.12.2016 തീയതിയിലെ 233/16 തീരുമാന പ്രകാരവും വസ്തുനികുതി നിരക്കും, മേഖലകൾ തിരിച്ചും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ ,റെസ്റ്റോറന്റ് ,ഷോപ്പുകൾ ,ഗോഡൗണുകൾ എന്നിവയ്ക്ക് ച.മീറ്ററിന് 85/- രൂപയും, വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് ച.മീറ്ററിന് 125/- രൂപയുമാണ്. എന്നാൽ വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയിൽ ഇതിന് പകരം സെറ്റ് ചെയ്തിരിക്കുന്ന നിരക്കുകൾ യഥാക്രമം ച.മീറ്ററിന് 90/-രൂപ, 140 /- രൂപ എന്നാണ് അന്തിമ വിജ്ഞാപനത്തിന് വിരുദ്ധമായി നികുതി ഈടാക്കുന്നത് ശരിയായ നടപടിയല്ല.

2.കെട്ടിടങ്ങളുടെ അവശ്യ വിവരങ്ങൾ ലഭ്യമാക്കിയിട്ടും നികിതി നിർണ്ണയം പൂർത്തീകരിച്ചില്ല .

വസ്തു നികുതി സംബന്ധിച്ച മതിയായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലാത്തതിനാലും, പ്രസ്തുത വിവരങ്ങൾ ഫീൽഡിൽ ചെന്ന് ശേഖരിക്കുന്നതിന് മതിയായ ജീവനക്കാർ ഇല്ലാത്തതിനാലും ഓഫീസിന്റെ സുഗമമായ പ്രവർത്തനം കണക്കിലെടുത്തും വസ്തുനികുതി പരിഷ്കരണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനും ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിനും കരാർ വ്യവസ്ഥയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്താൻ 09.03.2017 ലെ 52/17നമ്പർ കൗൺസിൽ പ്രകാരം, തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 19/02/2016 ലെ സ.ഉ (സാധാ) നം.687/2016 ത.സ്വ.ഭ.വ ഉത്തരവ്, 16.05.2017 ലെ 9 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019 - 20 സാമ്പത്തിക വർഷം മേൽ സൊസൈറ്റി ജി.ഐ.എസ് മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി നഗരസഭ നാളിതുവരെ പദ്ധതി പ്രകാരം 35,00,000/- രൂപ മേൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നിട്ടും നികുതി പരിഷ്കരണം പാതി വഴിയിലാണ്.

3.വസ്തുനികുതി പരിഷ്കരണത്തിന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചു - ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചില്ല.

വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡാറ്റകളിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും , അസസ്മെന്റ് രജിസ്റ്റർ പുതുക്കി തയ്യാറാക്കുന്നതിനും കുടുംബശ്രീ മുഖേന 5 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരസഭ സെക്രട്ടറിയുടെ 12.07.021 ലെ ആർ 1/4484 /2018 നമ്പർ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നഗരകാര്യ സെക്രട്ടറി 01.09.021 ലെ ഇ6 – 14768/2021 നമ്പർ ഉത്തരവ് പ്രകാരം 5 ജീവനക്കാരെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ (സംറ ഇ.പി -10/11/2021, ബിന്ദു -24/11/2021 ) നിയമിക്കുകയും ചെയ്തായി കാണുന്നു. മറ്റ് ജീവനക്കാരെ നിയമിച്ചതിന്റെ വിവരം ലഭ്യമല്ല. നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. എന്നിട്ടും നാളിതുവരെ നികുതി നിർണ്ണയം പൂർത്തിയാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4. വസ്തുനികുതി കുടിശ്ശിക പെരുകുന്നു .

തൻവർഷത്തെ വാർഷിക കണക്ക് B – 15 ഷെഡ്യൂൾ പ്രകാരം ചുവടെ പറയും പ്രകാരമാണ് വസ്തുനികുതി കുടിശ്ശിക

| | |
|---|---|
| തൻവർഷത്തെ വസ്തുനികുതി | 22,84,981/- |
| കുടിശ്ശിക | 20,66,293/- |
| | 43,51,274/- |

നികുതി പരിഷ്കരണം പൂർത്തിയാവാത്തതിനാലും ,സഞ്ചയ സോഫ്റ്റ് വെയറിലെയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും, നികുതി നിർണ്ണയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാലും മേൽ കുടിശ്ശികയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് മറ്റ് രേഖകൾ ലഭ്യമല്ല. നികുതി നിർണ്ണയം പൂർത്തിയാവാത്ത സാഹചര്യത്തിൽ കുടിശ്ശിക ഡിമാന്റ് ചെയ്തതിന്റെ ആധികാരികത വ്യക്തമല്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (04/2021 - 22/ 22.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കി പ്രധാന വരുമാന ഇനമായ വസ്തു നികുതിയിനത്തിൽ പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി

പുനർണ്ണയിച്ചും മുൻസിപ്പൽ ഫണ്ടിന് ഉണ്ടാവുന്ന ഭീമമായ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറിയും മുൻസിപ്പൽ കൗൺസിലും ശ്രദ്ധിക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-15 നികുതി ഇളവ് നൽകിയത് ക്രമ പ്രകാരമാണോ എന്ന് വ്യക്തമല്ല.

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 22 (l) പ്രകാരം ടൗൺ പഞ്ചായത്തിന് കിട്ടേണ്ടതായ നികുതികളുടേയും, ഫീസുകളുടേയും, വാടകകളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും, വകുപ്പ് 22 (lv) പ്രകാരം മാസം തോറുമുള്ള ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കലും ധനകാര്യ സറ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. മുൻസിപ്പാലിറ്റിയിൽ 2021-22 സാമ്പത്തിക വർഷം ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നതിനുവേണ്ടി മേൽ നിയമത്തിലെ 239ാം വകുപ്പ് പ്രകാരം കെട്ടിട ഉടമസ്ഥർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ റവന്യൂ ഇൻസ്പക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തി ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നികുതി ഇളവിന് ശുപാർശ ചെയ്തിട്ടുമുണ്ട്. എന്നാൽ 2021 -22 സാമ്പത്തിക വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി ഇളവ് സംബന്ധിച്ച് ചർച്ച നടത്തിയതായോ തീരുമാനമെടുത്തിട്ടുള്ളതായൊ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ കാണുന്നില്ല.

2021-22 സാമ്പത്തിക വർഷത്തിന്റെ ഒന്നാം അർദ്ധവർഷം 46 അപേക്ഷകളിലായി 319 കെട്ടിടനമ്പറുകൾക്കും, 2-ാം അർദ്ധവർഷം 45 അപേക്ഷകളിലായി 214 കെട്ടിടനമ്പറുകൾക്കും വേക്കൻസി റെമിഷൻ അനുവദിച്ച് കിട്ടുന്നതിനായി കെട്ടിട ഉടമസ്ഥർ അപേക്ഷ നൽകിട്ടുണ്ട്. ഇവയിൽ നികുതിയിളവ് അനുവദിക്കുന്നത് സംബന്ധിച്ച് റവന്യൂ ഇൻസ്പെക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും,ആയതിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല. മേൽ പ്രകാരമുള്ള അപേക്ഷകളിൽ ഏതാനും കെട്ടിട നമ്പരുകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡേറ്റാ ബേസിൽ പരിശോധിച്ചുവെങ്കിലും, കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ സഞ്ചയ സോഫ്റ്റ് വെയറിലെ ഡേറ്റാ ബേസിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (03/2021 -22/ 22.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപരമായ നടപടികൾ സ്വീകരിച്ചാണോ വേക്കൻസി റെമിഷൻ നൽകിയതെന്ന് ഉറപ്പ് വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 നഗരസഭ പരിധിയിലുള്ള 4 ജിംനേഷ്യത്തിന് KPPR നിയമ പ്രകാരമുള്ള ലൈസൻസില്ല .

1963 ലെ Kerala Places Of Public Resort Act ലെ 3 -ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള താൽക്കാലിക നിർമ്മാണമോ സ്ഥിരനിർമ്മിതമായതോ ആയ 50 ച.മീറ്റർ വിസ്തീർണ്ണമുള്ള അടച്ചിട്ട സ്ഥലമോ, കെട്ടിടമോ ലൈസൻസ് ഇല്ലാതെ പൊതുറിസോർട്ടിനോ, വിനോദത്തിനോ ഉപയോഗിക്കാൻ പാടില്ലെന്നും , പ്രസ്തുത ലൈൻസിനായി 4-ാം വകുപ്പ് പ്രകാരം നഗരസഭ കമ്മീഷണർക്ക് അപേക്ഷ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയുടെ രേഖകളുടെയും അടിസ്ഥാനത്തിൽ നഗരസഭ കമ്മീഷണർ വ്യാപാര ലൈസൻസ് കൂടാതെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് അനുവദിക്കേണ്ടതാണെന്നും പ്രതിപാദിക്കുന്നുണ്ട്.

ജിംനേഷ്യങ്ങൾക്ക് 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് നൽകുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 01.08.2022 ലെ എൽ എസ്ജിഡി - ആർ ഡി1 /47/2022 നമ്പർ സർക്കുലർ പ്രകാരവും ബഹു. കേരള ഹൈക്കോടതിയുടെ 11/07/2022 ലെ 22937/2021 വിധിന്യായത്തിലും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ ശ്രീ ബിജുരാമചന്ദ്രൻ, ദേവഗാന്ധാരം എന്ന വ്യക്തി വിവരവകാശ നിയമ പ്രകാരം അപേക്ഷിച്ചതിന് സെക്രട്ടറി നൽകിയ മറുപടിയിൽ നഗരസഭ പരിധിയിൽ 4 ( കൊടുവള്ളി- 2, മാനിപുരം

-1, പാലക്കറ്റി -1 ) ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിന് നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ലെന്നും 30.11.2022 ലെ G1/H2 -6621/2022 നമ്പർ മറുപടി നൽകിയിട്ടുണ്ട്. 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരേ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2021 -22/ 24.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിന് ബാധകമായ നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്നും,തനത് ഫണ്ട് ചോർച്ച ഉണ്ടാവുന്നില്ലെന്ന് സെക്രട്ടറിയും, റവന്യൂസെക്ഷനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1.ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല ,

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു സ്ഥലവും,ഉപയോഗിക്കാൻപാടില്ലാത്തതാകുന്നു.
2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പകുതിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ചുവടെ പറയുന്ന കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ 2013പ്രകാരം) താഴെ ചേർക്കുന്നു

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ എണ്ണം | 3786 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ എണ്ണം | 623 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ എണ്ണം | 10 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിലുള്ള കെട്ടിടങ്ങളുടെ എണ്ണം | 15 |
| ബങ്കുകൾ,പെട്ടികടകൾ,കമ്പ്യൂട്ടർ സെന്ററുകൾ | 4 |

| | |
|---|---|
| അസംബ്ലികെട്ടിടം ,കൺവെൻഷൻ സെന്റർ മുതലായവ | 169 |
| കൈത്തറി ഷെഡ്, കയർ പിരിഷെഡ് മുതലായവ | 6 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 45 |
| റിസോർട്ട് | 5 |
| | 4663 |

നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ, മുൻവർഷം പ്രവർത്തിച്ചിരുന്നതിൽ തൻവർഷം പ്രവർത്തന രഹിതമായ, പുതുതായി പ്രവർത്തനം തുടങ്ങിയ സ്ഥാപനങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാവാതെ തന്നെ സഞ്ചയ സ്റ്റോറ്റ് വെയർ പ്രകാരം ലഭ്യമായ കണക്ക് പ്രകാരം നഗരസഭ പരിധിയിൽ 4663 വാണിജ്യ കെട്ടിടങ്ങൾ ഉണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നഗരസഭയ്ക്ക് വേണ്ടി തയ്യാറാക്കി 2019-20 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ എണ്ണം 6008 എന്നാണ്. 2021 - 22 ൽ വാണിജ്യ ആവശ്യത്തിനുള്ള മേൽ കെട്ടിടങ്ങളിൽ 319 എണ്ണം വേക്കൻസി റമിഷനായി അപേക്ഷിച്ചിട്ടുണ്ട്. തൻ വർഷം നഗരസഭയിലെ 36 വാർഡുകളിലായി കെട്ടിടങ്ങൾ/മുറികളിൽ പ്രവർത്തിക്കുന്ന 1407 കച്ചവട/വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ വാണിജ്യ കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ നാലിൽ ഒന്ന് സ്ഥാപനങ്ങളാണ് കച്ചവട/വ്യാപാര ലൈസൻസ് എടുത്തു പ്രവർത്തിച്ചു വരുന്നത് എന്ന് കാണുന്നു. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന് കണക്കാക്കിയാലും നൽകിയ ലൈസൻസുകളുടെ എണ്ണവും കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ ഭീമമായ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ക്ക് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുന്നു.

ലൈസൻസിനായി കച്ചവടക്കാർ സമർപ്പിച്ച അപേക്ഷ അടിസ്ഥാനപ്പെടുത്തി സഞ്ചയ സ്റ്റോറ്റ് വെയറിൽ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുന്നതായും, കെട്ടിട ഉടമസ്ഥന്റെ വിവരം അപേക്ഷയിലും, സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നതായും കാണുന്നു. മേൽകാര്യങ്ങളിൽ നിന്നും ലൈസൻസ് അപേക്ഷകളിൽ കൃത്യമായും, വസ്തുനിഷ്ഠമായും അന്വേഷിക്കാതെയാണ് അപേക്ഷകളിൽ തീരുമാനമെടുത്ത് ലൈസൻസ് അനുവദിക്കുന്നതെന്ന് അനുമാനിക്കാവുന്നതാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസിനായി അപേക്ഷിച്ച വ്യക്തി | കെട്ടിട നമ്പർ | അപേക്ഷ പ്രകാരം ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം ഉടമസ്ഥന്റെ പേര്/ കെട്ടിടത്തിന്റെ ഉപയോഗക്രമം | വ്യാപാരം | അപേക്ഷ തീയതി/ | ലൈസൻസ് നം./ തീയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | മുനീർ പുറയിൽ പീടികതൊട്ടുകയിൽ | 18/179 | അബ്ദുറഹിമാൻ, വായപ്പുറം, പറമ്പത്ത്കാവ് | പാർപ്പിടാവശ്യം | ഫർണിച്ചർ വാങ്ങി വിൽക്കുന്നതിന് | H2-4503/ 17.04.21 | 81/19.04.21 |
| 2 | നവാസ് കെ അക്കരപറമ്പിൽ | 21/658 21/659 | കോയക്കുട്ടി .കെ.സി | അബ്ദുൽ ഗഫൂർ , ജുമൈലത്ത് പറമ്പങ്ങോടൻ ചാലിൽ പ്രായിൽ ഹൌസ്, അക്കിപോയിൽ, കൊടുവള്ളി | സലൂൺ | H2-4060/ 20.03.2021 | 164/30.04.21 |
| 3 | പി.ആലി S/o അബൂബക്കർ | 14/318, A,B,C,D,E | അബ്ദുൾനാസർ മുതൽപേർ | കണാരൻ, കുന്നത്തിൽ പാർപ്പിടാവശ്യം | എക്സ്പ്രസ്സ് മോട്ടോർസ് | H2-3734/ 19.03.2021 | 672/13 /09/21 |
| 4 | ഫൈസൽ ടി.പി | 19/849 D | എൻ.പി അബു | സിറാസ്എൻ.പി മുതൽപേർ , നെല്ലിക്കോട്ട് പറമ്പത്ത്, കൊടുവള്ളി, | വസ്ത്രവ്യാപാരം | H2- 11072/ 29.12.21 | 1393/30 /012/21 |

ക്രമനമ്പർ 3 പ്രകാരമുള്ള കെട്ടിടത്തിൽ എക്സ്പ്രസ്സ് മോട്ടോർസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും 14/318 A എന്ന കെട്ടിടത്തിന് മാത്രമാണ് സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളത്. മറ്റ് നമ്പറുകൾ നിലവിലില്ല എന്നാണ് സഞ്ചയ പ്രകാരം മനസ്സിലാവുന്നത്. ഇല്ലാത്ത കെട്ടിടനമ്പറുകളിൽ കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

3. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 5 (1എ) പ്രകാരം ചട്ട പ്രകാരമുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും,അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും,സമർപ്പിക്കാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഉടനെ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. (1ബി) പ്രകാരം രേഖകൾ എല്ലാം ലഭ്യമാകുന്ന പക്ഷം 5 ദിവസത്തിനകം ഉത്തരവ് വഴി തനിക്ക് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള വ്യവസ്ഥകൾക്കും,നിബന്ധനങ്ങൾക്കും വിധേയമായി വ്യവസായങ്ങളോ ഫാക്ടറികളോ സംരംഭക പ്രവർത്തനങ്ങളോ മറ്റ് സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകേണ്ടതാണ്. കൂടാതെ ചട്ടം 6 (4) പ്രകാരം അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയത് തീർപ്പ് കൽപ്പിക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടത്തിന് വിരുദ്ധമായി പുതിയതും,പുതുക്കുന്നതും ഉൾപ്പെടെ 1000 അധികം അപേക്ഷകൾ പരിശോധിച്ചതിൽ പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസി അപേക്ഷ സമർപ്പിക്കുന്നതിലും, കൂടാതെ ലൈസൻസ് പുതുക്കുന്നതിനും കാലതാമസം നേരിട്ടുണ്ട്. ആയതിനുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വ്യാപാരം | അപേക്ഷ തീയതി/ | സ്ഥാപനം പ്രവർത്തനം ആരംഭിച്ച തീയതി | ലൈസൻസ് നം./തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | നവാസ് കെ അക്കരപറമ്പിൽ | 21/658 21/659 | സലൂൺ | H2- 4060/ 20.03.2021 | 01.04.21 | 164/30.04.21 |
| 2 | ഫൈസൽ ടി.പി | 19/134 ST | ഹാർഡ് വേർഷോപ്പ് | H2- 3571/ 12.03.2021 | പുതുക്കൽ | 972/16.10.21 |
| 3 | പി.ആലി S/o അബൂബക്കർ | 14/318A,B,C,D,E | എക്സ്പ്രസ്സ് മോട്ടോർസ് | H2- 3734/ 19.03.2021 | പുതുക്കൽ | 672/13 /09/21 |

പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസി അപേക്ഷ സമർപ്പിക്കുന്നതിലും, കൂടാതെ ലൈസൻസ് പുതുക്കുന്നതിനും കാലതാമസം നേരിട്ടത്തിന് കാരണം വ്യക്തമല്ല.

4. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക/ അനുവദിക്കുക എന്ന രീതിയാണ് നഗരസഭ നിലനിന്നു പോരുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുന്നതിലെ പൊതു അപാകതകൾ

1. 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടത്തിലെ പട്ടിക III പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധനം നിക്ഷേപം അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ നഗരസഭയിൽ 2021-22 കാലഘട്ടത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ലൈസൻസിനുള്ള അപേക്ഷയിലോ, ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലോ മൂലധന നിക്ഷേപത്തെക്കുറിച്ച് പരാമർശിക്കുന്നില്ല.

2.ലൈസൻസിനായുള്ള അപേക്ഷ സ്ഥാപനത്തിൽ സമർപ്പിക്കുന്നുണ്ടെങ്കിലും, ലൈസൻസ് ഫീ അടവാക്കിയതിനു ശേഷം രസീത് മാത്രമേ നൽകുന്നുള്ളൂ. അപേക്ഷകൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളൂ. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ആയതിനുള്ള കാരണം അപേക്ഷയിലോ, ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തുന്നില്ല.

3.ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം 13/21 – 22 / തീയതി - 27.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സമയബന്ധിതമായി പരിഹരിക്കേണ്ടതും, അപാകതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സെക്ഷനുകൾക്ക് സെക്രട്ടറി ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം നൽകേണ്ടതുമാണ്. ലൈസൻസ് അനുവദിക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ തന്നെ തനത് ഫണ്ടിന്റെ ഭീമമായ ചോർച്ച നടന്ന് കൊണ്ടിരിക്കുന്നതായി മേൽ വസ്തുതകളിൽ നിന്ന് വ്യക്തമാണ്. എന്നാൽ നഗരസഭ ഇതിനെതിരേ നടപടികൾ സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി നിയമ പ്രകാരം ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ കച്ചവട വ്യാപാര/സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സത്വര

നടപടികൾ ഭരണസമിതിയും, സെക്രട്ടറിയും സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 വയൽ നികത്തി അനധികൃതനിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചില്ല.**

A. ഫയൽ - ഇ2 – 6697/22/22/09/22

നഗരസഭയുടെ 10 -ാം ഡിവിഷനിൽപ്പെട്ട കാവിൽ - തച്ചോട്ടുമ്മൽ റോഡിന് എതിർവശം നിലം നികത്തി നിർമ്മിച്ച വലിയ കെട്ടിടത്തിന് പെർമിറ്റ്,ലൈസൻസ് എന്നിവ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ശ്രീ.ശ്രീജേഷ് കെ പിലാത്തോട്ടത്തിൽ മാനിപുരം എന്ന വ്യക്തി വിവരവകാശ നിയമപ്രകാരം 29/09/2022 ൽ G4 -6697/22 നമ്പർ അപേക്ഷ നൽകിയിതായി കാണുന്നു. എന്നാൽ പ്രസ്തുത അപേക്ഷയ്ക്ക് സ്ഥാപനത്തിൽ നിന്ന് മറുപടി നൽകിയതായി കാണുന്നില്ല.

ഓഡിറ്റിന്റെ ഭാഗമായി 27.03.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ 10-ാം ഡിവിഷനിൽ ഉൾപ്പെട്ട കാവിൽ തച്ചോട്ടുമ്മൽ റോഡിന് എതിർവശമുള്ള സ്ഥലത്ത് നിലം നികത്തി തറ നില, ഒന്നാംനില,കോണിക്കൂട് എന്നിവ ഉൾപ്പെടെ വലിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ടർക്കിഷ് കോർണർ,നൈസ് ബേക്ക്സ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സ്ഥാപനത്തിന്റെ ഇടത്ത് സൈഡിൽ ചാക്കുകളിലാക്കി വേസ്റ്റ് കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നുണ്ട്.

പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടർക്കിഷ് കോർണർ എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല. നൈസ് ബേക്ക്സ് എന്നീ സ്ഥാപനത്തിന് 7/2221 C നമ്പറിൽ ബേക്കറി സാധന വിൽപ്പനയ്ക്ക് 2022 – 23 സാമ്പത്തിക വർഷം 1276 നമ്പർ ലൈസൻസ് അനുവദിച്ചതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയറിൽ ഈ കെട്ടിടം നിയമാനുസൃത കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നമ്പറിന് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 70/-രൂപ നിരക്കിൽ ദ്വീതീയ മേഖലയിൽപ്പെട്ട കെട്ടിടം എന്ന് കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

മേൽ നിർമ്മിതി അധികൃതമായി നിർമ്മിച്ചതാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ, പൂർത്തീകരണ ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അനധികൃത നിർമ്മാണത്തിനെതിരേ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ. ഓഡിറ്റ് എൻക്വയറി ( 24/2021 -22/ 28.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2008 ലെ കേരള നെൽവയൽ - തണ്ണീർത്തടസംരക്ഷണ ആക്റ്റിലെ 14 -ാം ഉപവകുപ്പ് പ്രകാരം ഈ

നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ, തണ്ണീർത്തടത്തിലോ ഈ നിയമത്തിലെ വകുപ്പുകൾക്ക് വിരുദ്ധമായി സ്വഭാവ വ്യതിയാനം വരുത്തിയിട്ടുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ, ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണമോ,ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശ സ്ഥാപനം നൽകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നിരിക്കിലും അനധികൃതമായി വയൽ നികത്തി നിർമ്മിച്ച കെട്ടിടസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കച്ചവട/ വ്യാപാര ലൈസൻസ് അനുവദിച്ചിട്ടുണ്ട്. കൂടാതെ മേൽ കെട്ടിടത്തിന്റെ നിർമ്മാണപെർമിറ്റിനുള്ള അപേക്ഷ ഹാജരാക്കിയതുമായി ബന്ധപ്പെട്ടയാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അനധികൃത നിർമ്മാണം നടന്നിട്ടും നഗരസഭ അനധികൃത നിർമ്മാണത്തിനെതിരേ യാതൊരു നടപടിയും സ്വീകരിച്ചതായികാണുന്നില്ല. കൂടാതെ മേൽ പ്രകാരം വിവരവകാശം നൽകിയിട്ടും നാളിതുവരെ അപേക്ഷകന് മറുപടി നൽകാത്തതും ശരിയായ നടപടിയല്ല. മേൽ ഫയലിൽ കൃത്യമായ ഫീൽഡ് പരിശോധന നടത്തി ബന്ധപ്പെട്ടവർക്കെതിരേ നിയമപ്രകാരമുള്ള നടപടി കൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

`B.അനധികൃത നിർമ്മാണം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അനധികൃത നിർമ്മാണം സംബന്ധിച്ച് തദ്ദേശ സ്വയഭരണ ( ആർ എ) വകുപ്പിന്റെ 29342/ആർ എ1/2014/ത.സ്വ.ഭ.വ 1905/2014 ഉത്തരവിൽ പറയും പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ,ഇതിനായി കൃത്യമായ ഇടവേളകളിൽ ഫീൽഡ്തല പരിശോധന നടത്തി വിവരങ്ങൾ കാലികമാക്കേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജീവനക്കാരെയും,കൗൺസിൽ മെമ്പർമാരെയും ഉൾപ്പെടുത്തി സ്വകാഡ് രൂപീകരിക്കണ്ടതാണ്.

1-19 എം.പി.സി ഹോസ്പിറ്റലിൽ അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടും തുടർനടപടികൾ സ്വീകരിച്ചില്ല.

നഗരസഭ പരിധിയിൽ 30-ാം ഡിവിഷനിൽ ശ്രീ നാസർ ഇ.സി S/o എം.പി.സി അബ്ദുൾഹാജി,ഫാത്തിമ എന്നവരുടെ ഉടമസ്ഥതയിൽ 30/455 നമ്പർ കെട്ടിടത്തിൽ എം.പി.സി ഹോസ്പിറ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന് 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) അനുസരിച്ച് 2021 - 22 ൽ 139/21-22 *28/*04/2021 പ്രകാരവും 2022 – 23 സാമ്പത്തിക വർഷത്തിൽ 5 വർഷത്തേക്ക് 393/22 - 23 09/05/2023 നമ്പറായി ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്നതിന്റെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ശ്രീമതി സുസ്മിത എം.കെ) റവന്യൂ വിഭാഗത്തിൽ നിന്നും 3/455 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, തറവിസ്തീർണ്ണം, ഉപയോഗക്രമം, നികുതി കുടിശ്ശിക എന്നിവ സംബന്ധിച്ച് റവന്യൂ ഇൻസ്പെക്ടറിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയിട്ടുണ്ട്. റവന്യൂ വിഭാഗത്തിൽ നിന്നും സെക്ഷൻ ക്ലർക്ക് (അശ്വതി) നൽകിയ ലഭ്യമായ വിവരം ചുവടെ പറയും പ്രകാരമാണ്.

| | സഞ്ചയ പ്രകാരംമുള്ള തറവിസ്തീർണ്ണം | യു.എൽ.സി.സി GIS മാപ്പിംഗ് പ്രകാരമുള്ള തറവിസ്തീർണ്ണം |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 420 ച.മീ | 1256 ച.മീ |
| ഫസ്റ്റ് ഫ്ലോർ | 410 ച.മീ | 1250 ച.മീ |
| 2 Nd ഫ്ലോർ | | 1250 ച.മീ |
| ആകെ | 830 ച.മീ | 3756 ച.മീ |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂപ്രണ്ട് നോട്ട് ഫയലിൽ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ (ബബിത) നൽകിയ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തിൽ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ , സെക്കന്റ് ഫ്ലോർ എന്നിങ്ങനെയാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നും, ഓഫീസ് രേഖകളിൽ പ്രസ്തുത കെട്ടിടം ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവ മാത്രമേയുള്ളൂവെന്നും, കൂടാതെ ഏരിയ സംബന്ധിച്ച വിശദാംശത്തിന് ടൗൺപ്ലാനിംഗ് സെക്ഷനോട് റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ കെട്ടിടത്തിൽ നഗരസഭ രേഖകളിൽ നിന്നും വ്യത്യസ്തമായി കാണുന്ന ഭാഗങ്ങൾ അനധികൃത നിർമ്മിതിയാണോ എന്ന് പരിശോധിക്കാവുന്നതാണെന്ന് സൂപ്രണ്ട് നോട്ടെഴുത്തിയിട്ടുണ്ട്. റെഗുലറൈസേഷൻ സംബന്ധിച്ച നടപടികൾ 3 മാസത്തിനുള്ളിൽനടത്തികൊള്ളുമെന്നും, അനധികൃതമായി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത് പൂർണ്ണമായും അംഗീകരിക്കുന്നതാണെന്ന നോട്ടറിയുടെ മുൻപാകെയുള്ള സത്യവാങ്മേൽ ലൈസൻസ് അനുവദിക്കാവുന്നതാണെന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

മേൽ കാര്യങ്ങളിൽ നിന്ന് അനധികൃത നിർമ്മാണം നടന്നതായി വ്യക്തമായിട്ടും നാളിതുവരെ അനധികൃത നിർമ്മാണം സംബന്ധിച്ച് നോട്ടീസ് നൽകിയതിന്റെയോ , തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (26/2021 -22/ 28.03.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലുള്ള കെട്ടിടത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അധിക നിർമ്മാണം നടത്തിയിട്ടും പ്രസ്തുത ആശുപത്രിക്ക് 5 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കെട്ടിടം സ്ഥലപരിശോധന നടത്തി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി കുറവ് വന്ന ഏരിയ കണക്കാക്കി അധിക നിർമ്മാണം നടത്തിയ ഏരിയ്ക്ക് എന്ന് മുതലാണോ പ്രസ്തുത നിർമ്മാണം നടത്തിയത് എന്ന് കണ്ടെത്തി കാലാകാലങ്ങളിൽ ബാധകമായ നിയമത്തിന്റെയും, ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് 1994ലെ വകുപ്പ് 242(1) പ്രകാരം നടപടികൾ സ്വീകരിച്ച് വസ്തുനികുതിയുടെ 3 ഇരട്ടി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 പാർക്കിംഗ് ഏരിയ തരം മാറ്റി ഉപയോഗിക്കുന്നു.- തുടർനടപടികൾ സ്വീകരിച്ചില്ല.

ഫയൽ - ഇ2 – 393/22/15/01/22

ശ്രീ.പ്രകാശ് സി.പി എന്ന വ്യക്തി റിസർവ്വേ നം .61/2 (61/28) ൽ ഉൾപ്പെട്ട 13.355 ആർ സ്ഥലത്ത് 214.76 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് E2 - (5555/21 Dtd 24.06.2021) അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ E2 -5555/21 Dtd 30.12.2021 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബേസ്മെന്റ് ഫ്ലോർ | 99.32ച.മീറ്റർ |
| ഗ്രൗണ്ട് ഫ്ലോർ | 99.32 ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 16.12 ച.മീറ്റർ |
| | 214.76ച.മീറ്റർ |

കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് 12/01/2022 ന് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 22/03/2022 ന് സെക്രട്ടറി ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിൽ

ഉൾപ്പെടുത്തി 7/567 A,B,C,D,E എന്നീ കെട്ടിട നമ്പർ നൽകി 90രൂപ/ച.മീറ്റർ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബേസ്മെന്റ് ഫ്ലോർ പാർക്കിംഗ് | 98.80ച.മീറ്റർ |
| ഗ്രൗണ്ട് ഫ്ലോർ | 98.80ച.മീറ്റർ |
| ഫസ്റ്റ് ഫ്ലോർ | 14.56 ച.മീറ്റർ |
| | 212.16ച.മീറ്റർ |

എന്നാൽ 27.03.2023 ൽ നഗരസഭ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പാർക്കിംഗിനായി നീക്കിവെച്ച ബേസ് മെന്റ് ഏരിയ പൂർണ്ണമായും ചുമരുകൾ കെട്ടി ഷെട്ടറിട്ട് ഗോഡൗൺ ആയി ഉപയാഗിക്കുന്നതായി കാണുന്നു. കൂടാതെ കെട്ടിടത്തിന്റെ മുൻവശം ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ടുണ്ട് . ആയത് പെർമിറ്റ് പ്ലാനിലും, പൂർത്തീകരണം പ്ലാനിലും രേഖപ്പെടുത്താത്ത വസ്തുതമാറ്റങ്ങളാണ്. പാർക്കിംഗ് തരം മാറ്റി ഉപയോഗിക്കുന്നത് 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിന് എതിരാണ്.

2019 ലെ കേരള മുൻസിപ്പാലിറ്റി ചട്ടം 29 ടേബിൾ 10 ക്രമ നമ്പർ 6 പ്രകാരം ഗണം F , 90 ച.മീറ്ററിൽ കൂടുതൽ തറവിസ്തൃതിയുള്ള വാണിജ്യ/കച്ചവട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 1260 ച.മീറ്റർ തറവിസ്തൃതി വരെ 90 ച.മീറ്റർ വരെ 1 പാർക്കിംഗ് എന്ന രീതിയിൽ പാർക്കിംഗ് ആവശ്യമാണ്. ആയതിനാൽ മേൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 212.16ച.മീറ്റർ ആയതുകൊണ്ട് തന്നെ 212.16 /90 = 2.35 =3 പാർക്കിംഗ് ആവശ്യമാണ്. കൂടാതെ ഈ കെട്ടിടത്തിൽ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം തരം മാറ്റി ഉപയോഗിച്ചിട്ടും, 2019 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ ചട്ടം 90 അതിന് കീഴിലുള്ള ഉപചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

മേൽ നടപടികൾ സ്വീകരിക്കാത്തതിനാൽ 2018 ലെ കേരള മുൻസിപ്പാലിറ്റി (അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണം) ചട്ടങ്ങളിലെ ഉപചട്ടം 6 (1) ലെ Appendix 1 3(i) പ്രകാരം കുറവ് വന്ന കാർപാർക്കിംഗിന് 2,50,000/-രൂപ വീതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായും കാണുന്നില്ല.

പാർക്കിംഗിനായി നിക്കീവെച്ച സ്ഥലം തരംമാറ്റിയതിനും, ആയതിനെതിരേ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/21-22 28.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഉപചട്ടം 21 (2) പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതിനുശേഷം ഏതു സമയത്തും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താവുന്നതാണ്. ആയതിലൂടെ നഗരസഭ പരിധിയിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ വരുത്തുന്ന വ്യതിയാനങ്ങൾ/തരം മാറ്റൽ/ കൂട്ടിചേർക്കൽ എന്നിവ സംബന്ധിതമായി കണ്ടെത്തി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാവും. മേൽ പ്രതിപാദിത കെട്ടിടത്തിൽ നിലവിൽ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 പ്രകാരമുള്ള പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം തരം മാറ്റിയതിനാലും, കെട്ടിടത്തിന്റെ മുൻവശത്ത് അനുവാദമില്ലാതെ ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട് അധിക നിർമ്മാണം നടത്തിയതിനും കെട്ടിട ഉടമസ്ഥനെതിരേ അനധികൃതനിർമ്മാണം സംബന്ധിച്ചുള്ള നിയപരമായ നടപടികൾ സ്വീകരിക്കേണ്ടതും, പാർക്കിംഗ് സൗകര്യം ഒരുക്കിയില്ലെങ്കിൽ 2018 ലെ കേരള മുൻസിപ്പാലിറ്റി (അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണം) ചട്ടങ്ങളി ലെ ഉപചട്ടം 6 (1) ലെ Appendix 1 3(i) പ്രകാരം കുറവ് വന്ന കാർപാർക്കിംഗിന് 2,50,000/-രൂപ വീതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ഗ്രേഡ് വാങ്ങിയതിന് ശേഷം പ്രമോഷൻ - റൂൾ 30ന് പകരം 28(1) പ്രകാരം ശമ്പള നിർണ്ണയം നടത്തി

ഫയൽ G1- 3755/17, എ2-3755/17

അർബൻ അഫയേഴ്സ് ഡയറക്ടറുടെ 02.08.21 ലെ ഇ3-15153/19 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി സനില വി.വി.യെ ക്ലാർക്ക് തസ്തികയിൽ നിന്ന് സീനിയർ ക്ലാർക്കായി പ്രമോട്ട് ചെയ്ത് കോഴിക്കോട് നഗരസഭയിൽ നിന്ന് കൊടുവള്ളി നഗരസഭയിലേക്ക് സ്ഥലംമാറ്റം ചെയ്തിട്ടുണ്ട്. സനില 24.08.2021 നാണ് സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്.

ശ്രീമതി സനിലയുടെ സേവനപുസ്തകവും, മുൻവർഷത്തെ ശമ്പള പരിഷ്കരണ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ പ്രസ്തുത ജീവനക്കാരിക്ക് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് പ്രമോഷൻ 11.04.2020 ന് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർന്ന് സീനിയർ ക്ലാർക്കിൽ പ്രമോഷൻ ലഭിക്കുമ്പോൾ കെ..എസ്.ആർ പാർട്ട് ഒന്ന് റൂൾ 30 പ്രകാരമാണ് ശമ്പള നിർണ്ണയം ചെയ്യേണ്ടത്. പകരം ശ്രീമതി സനിലയ്ക്ക് കെ.എസ്.ആർ കെ.എസ്.ആർ പാർട്ട് - 1 റൂൾ 28 എ പ്രകാരമാണ് ശമ്പള നിർണ്ണയം ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്ത പ്രകാരമാണ് ശമ്പള നിർണ്ണയം ചെയ്യേണ്ടത്.

24.08. 2021 ന് 35600-75400 സ്കെയിലിൽ 37400 രൂപ അനുവദിച്ചു. തുടർന്ന് പ്രമോഷൻ ലഭിച്ചപ്പോൾ റൂൾ 30 പ്രകാരം ഇതേ സ്കെയിലിൽ 37400 തന്നെയായി നിജപ്പെടുത്തുന്നതിന് പകരം 38300 രൂപയിൽ നിജപെടുത്തി.

അപാകത കണ്ടെത്തിയതിനെ തുടർന്ന് 26.12.2022 ന് ജി1-3755/17 നമ്പർ ഉത്തരവ് പ്രകാരം 24.08.2021 മുതൽ 2022 ആഗസ്റ്റ് മാസം വരെ 27008 രൂപ അധികം കൈപ്പറ്റിയത് തിരിച്ചടയ്ക്കാൻ ഇപ്പോൾ കോഴിക്കോട് നഗരസഭയിൽ ജോലി ചെയ്യുന്ന ടിയാരിയോട് ആവശ്യപ്പെട്ടെങ്കിലും ശ്രീമതി സനില ഇതുവരെ തുക കൊടുവള്ളി നഗരസഭയിൽ അടച്ചിട്ടില്ല. തുക അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 കണ്ടിജന്റ് ജീവനക്കാരുടെ നിയമനം - അപാകതകൾ

(ഫയൽ എച്ച് 2/4748/22)

നഗരസഭയിൽ നിലവിൽ 8 കണ്ടിജന്റ് സ്ഥിരം ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. ഇത്ര കുറച്ച് പേരെ വെച്ച് നഗരസഭയുടെ ദൈനംദിന ശുചീകരണ ജോലികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ കുറവ് പരിഹരിയ്ക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 5 സ്ഥിരം ജീവനക്കാരെയെങ്കിലും നിയമിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഹെൽത്ത് ഇൻസ്പെക്ടറുടെ 15.07.2022 ലെ കത്ത് പരിശോധനയ്ക്കായി കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിന്റെ ഭാഗമായി, ജീവനക്കാരെ 02.09.22 ൽ ഇന്റർവ്യൂ ചെയ്ത് നിയമിക്കാൻ തീരുമാനിച്ചു.

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാരനും , താൽക്കാലിക ഡ്രൈവറും , ബഹു കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്യുകയും, 02.09.2022 ൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ താൽക്കാലിക അനുമതി ലഭ്യമാക്കുകയുമുണ്ടായി. [WP(c) No.27187/2022(W)] ഇതിന്റെ അടിസ്ഥാനത്തിൽ 02.09.2022 ന് ഇന്റർവ്യൂവിന് പങ്കെടുക്കുകയും, കണ്ടിജന്റ് ജീവനക്കാരായി മേൽ രണ്ട് പേർ നിയമിക്കപ്പെടുകയുമുണ്ടായി. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം പാലിക്കുന്നില്ല

01.09.2022 ലെ എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ ഡി.യു,എ/8.5.2022 ഇ2 നമ്പർ കത്ത് പ്രകാരം കണ്ടിജന്റ് വർക്കർമാരെ നിയമിക്കുന്നതിനുള്ള അഭിമുഖവുമായി ബന്ധപ്പെട്ട ആക്ഷേപമുള്ളതിനാൽ അത് മാറ്റി വെക്കണമെന്നും, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ കോടതി വിധിയുടെ അടിസ്ഥാനത്തിൽ അഭിമുഖത്തിൽ പങ്കെടുക്കാൻ ഉത്തരവ് സമ്പാദിച്ച സാഹചര്യത്തിൽ അത് നിലവിൽ കണ്ടിജന്റ് വർക്കർമാരെ നിയമിക്കുന്നതിനുള്ള സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായതിനാൽ അവയിൽ പെറ്റീഷൻ ഫയൽ ചെയ്യാൻ നിയമപരമായ സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ചു. നഗരസഭ അവർ നിയമിച്ച

സ്റ്റാൻഡിംഗ് കൗൺസിൽ വക്കീലിൽ നിന്ന് നിയമോപദേശം തേടി. നിലവിൽ ഇന്ററിംഗ് ഓർഡർ ആണെന്നും, അന്തിമവിധി വന്നതിന് ശേഷമേ അപ്പീൽ സ്റ്റോപ്പ് പറയാൻ കഴിയൂ എന്നറിയിച്ചു. കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കേണ്ടതാണ്. പ്രസ്തുത റിട്ട് അപ്പീൽ കേസിൽ തുടർ നടപടികൾ ഒന്നും തന്നെ ഫയലിൽ കാണുന്നില്ല. കോടതി വ്യവഹാരങ്ങൾ തീരുമാനം കൈക്കൊള്ളാതിരിക്കൽ അതായത് കേസ് പെട്ടെന്ന് പോസ്റ്റ് ചെയ്യിച്ച് തീർപ്പായി വിധി നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കാതിരിക്കൽ അനർഹർ ജോലി നേടുന്നതിന് കൂട്ടു നിൽക്കുന്നതിന് തുല്യമാണ്.

2) കണ്ടിജന്റ് വർക്കർക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ ഓഫീസ് ചുമതലകൾ നൽകി

നഗരസഭയിൽ ഒരു ടൈപ്പിസ്റ്റ് മാത്രമായതിനാൽ സെക്ഷനുകളുടെ സുഗമമായ നടത്തിപ്പിനും, അടിയന്തിര സാഹചര്യത്തിൽ ചെയർമാൻ നിർദ്ദേശിക്കുന്ന പ്രകാരം കത്തുകളും വിവിധ സാക്ഷ്യപത്രങ്ങളും മറ്റും ടൈപ്പ് ചെയ്യുന്നതിന് കണ്ടിജന്റ് വർക്കർ ശ്രീ സൈദ് അലിയെയും ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി ശ്രീ മുഹമ്മദലി എൻ.കെ എന്നിവരേയും ചുമതലപ്പെടുത്തി. നഗരസഭയിൽ വർഷങ്ങളായി താത്ക്കാലിക ജീവനക്കാരായവർക്ക് കണ്ടിജന്റ് വർക്കറായി നിയമിച്ച നഗരസഭയിലെ കണ്ടിജന്റ് ജോലി ചെയ്യാതെ , മറ്റ് രഹസ്യ സ്വഭാവം ഉൾക്കൊള്ളുന്ന ഫയൽ കൈകാര്യം ചെയ്യാൻ അനുമതി നൽകുന്നത് ശരിയല്ല. കണ്ടിജന്റ് വർക്കർമാരെ നിയമിക്കുന്ന ഫയൽ ആരംഭിക്കുന്നത് തന്നെ നഗരസഭയിൽ വേണ്ടത്ര കണ്ടിജന്റ് ജീവനക്കാർ ഇല്ലാത്തതിനാൽ 5 പേരെ കൂടി നിയമിക്കണമെന്ന് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ സമർപ്പണത്തോടെയാണ്. ഇതിൽ നിന്ന് 2 പേരെ മറ്റ് പ്രവൃത്തികൾക്ക് നിയോഗിച്ചത് ശരിയായ നടപടിയല്ല.

1-23 പി.എം.എ.വൈ - ബാങ്ക് അക്കൗണ്ടിൽ നിന്ന് ക്ലിയറൻസ് ചാർജ് ഈടാക്കുന്നു മറ്റ് അപാകതകളും

പി.എം.എ.വൈ യുടെ ഭാഗമായ 5 ഡി.പി.ആറിലും കൂടി ആകെ 786 ഗുണഭോക്താക്കളാണ് നഗരസഭയ്ക്ക് ഉള്ളത്. ഒരു ഗുണഭോക്താവിന് അനുവദിക്കേണ്ട 7 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ ഹഡ്കോ ലോണും, 1.5 ലക്ഷം രൂപ കേന്ദ്രവിഹിതവും 0.5 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. 614 ഗുണഭോക്താക്കളിൽ ആവശ്യമുള്ള 12,28,00,000/- രൂപ ഹാഡ്കോ ലോണായി അനുവദിച്ചു. കനറാബാങ്കിന്റെ കൊടുവള്ളി ശാഖയിലാണ് (അക്കൗണ്ട് നമ്പർ 3784101011009) ലോൺ തുകയും കേന്ദ്ര സംസ്ഥാന വിഹിതവും നിക്ഷേപിച്ചത്. ഇതിൽ നിന്നും ഗുണഭോക്താക്കൾക്ക് തുക അനുവദിയ്ക്കുകയാണ് ചെയ്യുന്നത്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 14.03.2017 ന് ആരംഭിച്ച് കനറാ ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെക്ക് ക്ലിയറൻസ് ചാർജ് ഇനത്തിൽ 7728/- രൂപ ബാങ്ക് സ്വന്തം നിലയ്ക്ക് കുറവ് ചെയ്തിട്ടുണ്ട്. പാവപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാൻ ആരംഭിച്ച ഈ അക്കൗണ്ടിൽ നിന്ന് ഇത്തരത്തിൽ തുക ബാങ്ക് ഈടാക്കിയത് ശരിയല്ല. കൂടാതെ മറ്റ് ബാങ്കുകളിൽ നിന്ന് ക്ലിയറൻസ് ചാർജ് ഈടാക്കിയില്ല എന്ന് ഉറപ്പ് വരുത്തി ബാങ്ക് അക്കൗണ്ട് മാറ്റാനും നഗരസഭ ശ്രദ്ധിച്ചില്ല. ബാങ്കുമായി ബന്ധപ്പെട്ട് തുക തിരികെ ലഭ്യമാക്കാം. അല്ലാത്തപക്ഷം ബാങ്ക് അക്കൗണ്ട് മാറ്റുന്നത് ഉൾപ്പടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. പി.എം.എ.വൈ അക്കൗണ്ടിൽ നാളിതുവരെ 1203833/- രൂപ പലിശ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 584755/- രൂപ 31.05.2022 ലെ 415/എൻ/2021/കെ.എസ്.എച്ച്.ഒ പ്രകാരം 2022-23 വർഷത്തെ അനുവദിക്കാവുന്ന കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട 3880000/- രൂപയിൽ 584755/- രൂപ കുറവ് ചെയ്ത് 3295245/- രൂപയാണ് അനുവദിച്ചത്. അവശേഷിക്കുന്ന പലിശ 619078/- രൂപ തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. പി.എം.എ.വൈ ഇനത്തിൽ 40 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ഇതിൽ ലിന്റൽ വരെ പൂർത്തിയാക്കിയത് 11 പേരും, റൂഫ് വരെ പൂർത്തിയാക്കിയത് 26 പേരും, ഫൗണ്ടേഷൻ

ചെയ്തത് 3 പേരുമാണ്. ഇതിന് വേണ്ടി ചെലവഴിച്ചത് 8760000/- രൂപയാണ്. വീട് പണി പൂർത്തീകരിച്ച് അവശേഷിക്കുന്ന 7240000/- രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 7240000/- രൂപ ഇതിൽ ആവശ്യമായിരിക്കെ ബാങ്ക് അക്കൗണ്ടിൽ 13.03.2023 ന് 3920385/- രൂപയാണ് പലിശ ഉൾപ്പടെ അവശേഷിക്കുന്നത്. വ്യത്യാസമുള്ള തുക സ്വരൂപിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

1-24 DSR 2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ പ്രവൃത്തി നടത്തിയപ്പോൾ 2018നിരക്ക് അനുവദിച്ചു

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ അയ്യപ്പൻകാവ് അംഗൻവാടി (പ്രോ.നം.332/22)എന്ന പദ്ധതി DSR 2016 നിരക്കിൽ 2020-21 വർഷത്തിൽ തയ്യാറാക്കിയതാണ്. 1,00,000/-രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയിൽ അംഗൻവാടിയുടെ പെയിന്റിംഗും, നിലവും, മുറ്റവും ടൈലിംഗ്, കിച്ചൻ സിങ്ക് മുതലായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെണ്ടർ നടത്തി പ്രമോദ് എന്ന കരാറുകാരനെ 24.2.2021ന് പ്രവൃത്തി ഏൽപ്പിച്ചു. അളവു പുസ്തക പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 14.1.22നാണ്. പ്രവൃത്തി ഏറ്റെടുത്ത ശേഷം നിർവ്വഹണത്തിന് കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമല്ല. നിർവ്വഹണ സമയം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച സമയം ചില ഇനങ്ങളുടെ അളവിൽ വ്യത്യാസം വന്നതിനാലും, ചില ഇനങ്ങൾ കൂട്ടി ചേർക്കേണ്ടി വന്നതിനാലുമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതെന്ന് റിപ്പോർട്ടിൽ വിവരിക്കുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചാൽ അംഗൻവാടിയുടെ പെയിന്റിംഗിനായി ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പുതിയ നിർമ്മിതിയുടെ മുകളിലെ പെയിന്റിംഗ് ഇനത്തിനു പകരം പഴയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനും, കിച്ചൻ സിങ്കിന്റെ വലുപ്പം മാറ്റം വരുത്താനുമാണ് എസ്റ്റിമേറ്റ് പുതുക്കിയതെന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രാ ഇനം ഉൾപ്പെടുത്തിയപ്പോൾ 2018 ലെ DSR ലെ നിരക്കുകളാണ് ബാധകമാക്കിയതെന്ന് കാണുന്നു. ഈയിനത്തിൽ നഗരസഭയ്ക്ക് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | 2016 DSR പ്രകാരം നൽകേണ്ട നിരക്ക് | 2018 DSR നിരക്കിൽ നൽകിയത് | അധികം നൽകിയത് |
|---|---|---|---|
| Wall Painting With Plastic Emulsion Paint ...On Old Work | 305.238 X @72.41 = 22102.28 | 305.238 X 96.32 = 29400.52 | 7298.24 |
| Kitchen Sink...470x420mm Bowl Depth 178mm | @2636.93(ഒരെണ്ണം) | @2990.13(ഒരെണ്ണം) | 353.2 |
| ആകെ | | | 7651/- |

മേൽ വിവരിച്ച പ്രകാരം എഗ്രിമെന്റ് നിരക്കിനേക്കാൾ അധികം തുക കരാറുകാരന് അനുവദിക്കാനുണ്ടായ സാഹചര്യവും, പ്രവൃത്തി ആരംഭിക്കാൻ/പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ/പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. 2018 ലെ നിരക്കിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-25 ചോലക്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അവ്യക്തത

ഓഡിറ്റ് വർഷം നിർവ്വഹണം ചെയ്ത മേൽ കുടിവെള്ള പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ, പദ്ധതിക്കാവശ്യമായ 90mm Dia പൈപ്പ് നിലവിൽ ലഭ്യമാണെന്നും, എസ്റ്റിമേറ്റിൽ ഐറ്റം 2.2 ആയി ലഭ്യമായ പൈപ്പ് സ്ഥാപിക്കുന്നതിന് (280മീറ്റർ) ഇനം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണ സമയമുണ്ടായ ചില കാരണങ്ങളാലും, ലഭ്യമായ പൈപ്പ് അനുയോജ്യമല്ലാത്തതിനാലും എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നടപ്പാക്കിയത്. പുതുക്കിയ എസ്റ്റിമേറ്റിൽ ഡിപ്പാർട്ട്മെന്റ് പൈപ്പ് സ്ഥാപിക്കുന്ന ഇനം ഒഴിവാക്കി, പുതിയ പൈപ്പ് ഉപയോഗിച്ച് പ്രവൃത്തി നടത്തുകയാണുണ്ടായത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തതയില്ല.

- പ്രവൃത്തി സമയം ലഭ്യമാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ച 90mmപൈപ്പുകൾ എപ്രകാരം ലഭ്യമായതാണെന്നും, ഈ പൈപ്പുകൾ മേൽ പ്രവൃത്തിയിൽ ഉപയോഗിക്കാത്ത സാഹചര്യത്തിൽ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതും വ്യക്തമല്ല.
- പൈപ്പുകൾ മറ്റേതെങ്കിലും പ്രവൃത്തിയിൽ ഉപയോഗപ്പെടുത്തുകയോ അല്ലെങ്കിൽ ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.
- എസ്റ്റിമേറ്റ് പുതുക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകിയതിന്റെ വിശദാംശം ഫയലിൽ ഇല്ല. അതുകൊണ്ടു തന്നെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് കൗൺസിൽ അംഗീകാരമുണ്ടായിരുന്നോയെന്ന് വ്യക്തതയില്ല.
- പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ 75000/-രൂപ മോട്ടോറും പമ്പ് സെറ്റിനായും 90000/-രൂപ ഇലക്ട്രിഫിക്കേഷനായും ലംസം തുകയായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മോട്ടോറിനും അനുബന്ധ പ്രവൃത്തികൾക്കുമായി യഥാർത്ഥത്തിൽ ചെലവായ 102500/-രൂപ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. 30.3.2022 ലെ കൊടുവള്ളിയിലുള്ള ലോയൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ മോട്ടോറിന്റെ 62500/- രൂപയുടെയും, ഇലക്ട്ര എന്ന സ്ഥാപനത്തിന്റെ ഇലക്ട്രിക്കൽ സാമഗ്രികളുടെ 40230/- രൂപയുടെ ടാക്സ് ഇൻവോയ്സിന്റെയും തുകയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ യഥാർത്ഥ ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത് പ്രവൃത്തി പൂർത്തീകരണ ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കിയത് എന്നത് വ്യക്തമാക്കുന്നു. മോട്ടോർ സ്ഥാപനവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ച മേൽ പദ്ധതി പ്രവർത്തനക്ഷമമാമായോ എന്നും, പ്രവൃത്തി കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിൽ ഗുണഭോക്തൃകമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന വിവരവും വ്യക്തമല്ല.
- പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ടാങ്കിന്റെ നിർമ്മിതിയിൽ(ആർ.സി.സി. ഓവർഹെഡ് ടാങ്ക്) കോളം, ബീമുകൾ, ടാങ്കിന്റെ അടിത്തട്ട്, സൈഡ് വാൾ എന്നിവയ്ക്കായി DARലെ ഐറ്റം 5.2.2, 5.3എന്നിവയാണ് ഉൾപ്പെടുത്തിയത്. ഇതിൽ ടാങ്കിന്റെ സൈഡ് വാൾ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയത് ഐറ്റം 5.3ആണ്. സാധാരണയായി ബീമുകൾക്കും, ഫ്ലോർ സ്ലാബിനും, റൂഫിനുമായി ഉൾപ്പെടുത്തുന്ന ഈയിനം കോൺക്രീറ്റ് വാൾ നിർമ്മാണത്തിൽ ഉൾപ്പെടുത്താനുണ്ടായ കാരണം വ്യക്തമല്ല. ഐറ്റം 5.2.2ന്റെ വിവരണത്തിൽ ഈയിനം വാൾ, കോളം, പില്ലർ എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതാണന്ന് വ്യക്തമാകുന്നു. ഈയിനം എസ്റ്റിമേറ്റിൽ ഉണ്ടായിരിക്കെ പ്രസ്തുത ഇനം ഉപയോഗപ്പെടുത്താതെ നിരക്ക് കൂടിയ 5.3ചെയ്യാനുണ്ടായ സാഹചര്യം/സാങ്കേതിക കാരണം വ്യക്തമല്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കാൻ/വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരങ്ങൾക്ക് വിശദീകരണം നൽകേണ്ടതും, കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിശദാംശവും, ഉപയോഗിക്കാത്ത 90 എം.എം.പൈപ്പുകൾ ലേലം ചെയ്തതിന്റെ വിവരവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-26 ടെണ്ടർ കുറവ് ബില്ലിൽ കിഴിവ് ചെയ്തില്ല

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് കരാറുകാർ ക്വാട്ട് ചെയ്തത്. എന്നാൽ

പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക നൽകിയപ്പോൾ ഈ കുറവ് ബില്ലിൽ നിന്നും കിഴിവ് വരുത്തിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി വിശദാംശം | കരാറുകാരൻ/നിരക്ക് | യഥാർത്ഥത്തിൽ നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | എരഞ്ഞോണ കിഴക്കെ തൊട്ടുക റോഡ്, 97/22 | നിസാർ.ടി.പി. 4.5% കുറവ് | Value Of Work Done-106765.83 4.5% Below-4804.46 =101961.37 Add 12% GST -12235.36 Total - 114197/- | Value Of Work Done-106765.83 Add 12% GST -12811.9 Total -119578/- | 5381/- |
| 2 | എരഞ്ഞോണ കളത്തിൽ റോഡ്, 424/22 | നിസാർ.ടി.പി. 0.18% കുറവ് | Value Of Work Done-177261.62 0.18% Below-319 =176942.62 Add 12% GST -21233.11 Total -198176/- | Value Of Work Done-177261.62 Add 12% GST -21271.39 Total - 198533/- | 357/- |
| 3 | അയ്യപ്പൻകാവ് അംഗൻവാടി, 332/22 | പ്രമോദ്.കെ.എം. 0.1% കുറവ് | Value Of Work Done-85958.73 0.1% Below-85.96 =85872.77 Add 12% GST -10304.73 Total - 96178/- | Value Of Work Done-85958.73 Add 12% GST -10315 Total -96274/- | 96/- |
| 4 | മുക്കിലങ്ങാടി അംഗൻവാടി, 32/22 | എൻ.എം.മൻസൂർ | Value Of Work Done-8941.3 (Agreed PAC) 0.1% Below-89.14 =89052.15 Add 12% GST | Value Of Work Done-8941.3 (Agreed PAC) Add 12% GST -10696 Total -99838/- | 99/- |

| | | | | | |
|---|---|---|---|---|---|
| | | | -10686.26<br>Total -99739/- | | |
| ആകെ | | | | | 5933/- |

മേൽ വിവരിച്ച പ്രവൃത്തികളുടെ ടെണ്ടർ കുറവ് കിഴിവ് വരുത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ടെണ്ടർ കുറവ് ഈടാക്കി ബന്ധപ്പെട്ട സർക്കാർ/സ്ഥാപനഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

1-27 മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - നഗരസഭ ഫണ്ടിന്റെ അധിക ചെലവിനു കാരണമായി

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി നടത്തിയ ടെണ്ടർ പരിശോധിച്ചതിൽ, സിംഗിൾ ടെണ്ടറാണെന്ന കാരണത്താൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് നിരക്ക് ക്വാട്ട് ചെയ്ത നിരക്കുകൾ പരിഗണിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടു. പിന്നീട് ഈ പ്രവൃത്തികൾ റീടെണ്ടർ നടത്തിയപ്പോൾ വീണ്ടും സിംഗിൾ ടെണ്ടർ ലഭിക്കുകയും(അതേ കരാറുകാരൻ) ആ സമയം ക്വാട്ട് ചെയ്ത എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ച് നിർവ്വഹണം നടത്തുകയും ചെയ്തു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആദ്യടെണ്ടറിലെ നിരക്ക് | റീടെണ്ടറിലെ നിരക്ക് |
|---|---|---|---|---|
| 1 | വാവാട് ഭഗവതി ക്ഷേത്രം കരിയാണിക്കൽ റോഡ്, 359/22 | നിസാർ.ടി.പി. | 4.37% കുറവ് (1.1.21 ലെ ടെണ്ടർ) | എസ്റ്റിമേറ്റ് നിരക്ക് (6.2.21 ലെ ടെണ്ടർ) |
| 2 | ആച്ചപൊയിൽ റോഡ്, 366/22 | അൻവർ സാദിഖ് | 6.25% കുറവ് (1.1.21 ലെ ടെണ്ടർ) | എസ്റ്റിമേറ്റ് നിരക്ക് (6.2.21 ലെ ടെണ്ടർ) |
| 3 | എരഞ്ഞോണ അംഗൻവാടി, 34/22 | ഷിഹാബുദ്ദീൻ | 8.9% കുറവ് (13.12.21 ലെ ടെണ്ടർ) | 1.2% കുറവ് (12.1.22 ലെ ടെണ്ടർ) |
| 4 | വൈക്കര പാലം നിർമ്മാണം, 326/22 | മുഹമ്മദ് ഷാഫി | 0.1%കുറവ് (27.10.20 ലെ ടെണ്ടർ) | എസ്റ്റിമേറ്റ് നിരക്ക് (1.1.21 ലെ ടെണ്ടർ) |

സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b)പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ

നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ / വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിൻമേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

എന്നാൽ ആദ്യ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടറുകൾ കുറവ് നിരക്കായിരുന്നിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീ-ടെണ്ടർ നടത്തിയാൽ ഇതിലും താഴ്ന്ന ടെണ്ടർ കുറവു ലഭിക്കുമായിരുന്നോയെന്ന വിശകലനം നടത്തിയതായി കാണുന്നില്ല. റീടെണ്ടറിൽ സിംഗിൾ ടെണ്ടറായി എസ്റ്റിമേറ്റ് നിരക്ക് ലഭിച്ചപ്പോൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള നിരക്കിന്റെ/വിലയുടെ ന്യായം ഉറപ്പാക്കാതെ നിരക്ക് അംഗീകരിച്ചതെന്തുകൊണ്ടെന്നും വ്യക്തമല്ല. റീടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസി.എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. റീടെണ്ടറിൽ പരമാവധി പരസ്യം ഉറപ്പാക്കിയതെങ്ങനെയെന്നും വ്യക്തമല്ല. മുകളിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടറിൽ താരതമ്യേന കുറഞ്ഞ ഓഫർ ക്വാട്ട് ചെയ്ത അതേ കരാറുകാർ തന്നെ റീടെണ്ടറിലും പങ്കെടുത്ത സാഹചര്യത്തിൽ റീടെണ്ടർ അംഗീകരിക്കുന്നതിനുമുമ്പ് നെഗോസിയേഷൻ അടക്കമുള്ള സാധ്യത പരിശോധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. ആദ്യ ടെണ്ടറിനു നൽകിയതിനേക്കാൾ കൂടുതൽ പരസ്യം ഉറപ്പാക്കിയിരുന്നോയെന്ന് പരിശോധിക്കുന്നതിന് ആദ്യ ടെണ്ടറും, റീടെണ്ടറും ഏതൊക്കെ ദിനപത്രങ്ങളിലാണ് പരസ്യപ്പെടുത്തിയിരുന്നെന്ന വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ സാധ്യതകൾ പരിഗണിക്കാതെ ആദ്യ ടെണ്ടർ നിരസിച്ച് നഗരസഭ ഫണ്ടിന് അധിക ചെലവുണ്ടാക്കിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ടെണ്ടറുകൾ പരിഗണിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

1-28 റോഡ് നിർമ്മാണത്തിൽ ലഭിച്ച കല്ലുകൾ നിലവിലും ഉപയോഗപ്പെടുത്തിയില്ല/ലേലം ചെയ്ത് മുതൽ കൂട്ടിയില്ല

നഗരസഭയുടെ എം.സി.എഫിനായി കണ്ടെത്തിയ കണ്ടാലമലയിലെ സ്ഥലത്തേയ്ക്ക് 2020-21, 2021-22വർഷങ്ങളിൽ റോഡ് നിർമ്മാണം നടത്തിയപ്പോൾ എസ്കവേഷനിലൂടെ വലിയ അളവിൽ കല്ലുകൾ ലഭ്യമായിരുന്നു. 2020-21ൽ നടത്തിയ നിർമ്മാണത്തിൽ ഇങ്ങനെ ലഭിച്ച 766.51 $M^3$ കല്ലിനെ സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 15.4.21 ലെ D2/General/2020-21 നമ്പർ കത്ത് മുഖേന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച സർവ്വേ റിപ്പോട്ട് പ്രകാരം 766.51 $M^3$ കരിങ്കല്ല് സ്റ്റാക്ക് ചെയ്യുകയും ഇതിന് കല്ലിന്റെ സ്ഥിതിയും, നിലവിലെ മാർക്കറ്റ് വിലയും കണക്കാക്കി 3,31,516/- രൂപ വില നിശ്ചയിച്ചിട്ടുണ്ട്. ഈ കല്ല് ലേലം ചെയ്ത് വിൽക്കാൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂപ്രണ്ട് അഭിപ്രായപ്പെട്ടെങ്കിലും ഈ കല്ല് നഗരസഭ സ്ഥലത്തിന്റെ അതിർത്തി വേർതിരിക്കുന്നതിന് ഉപയോഗപ്പെടുത്താൻ അന്നത്തെ സെക്രട്ടറി അഭിപ്രായപ്പെട്ടു(6.5.21ലെ കുറിപ്പ്). തുടർന്ന് 2021-22വർഷത്തിൽ നടത്തിയ റോഡ് നിർമ്മാണത്തിലും ഇത്തരത്തിൽ കല്ല് എസ്കവേറ്റ് ചെയ്തിരുന്നു. ഇതിനായി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ടിൽ 218.43$m^3$ കല്ലിന്റെ വില 120120/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അളവു പുസ്തക പ്രകാരം 52.26$m^3$ കല്ല് റോഡിന്റെ സൈഡ് കെട്ടുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി 166.14$m^3$ കല്ലുൾപ്പെടെ ആകെ 932.65$m^3$ കല്ല് നിലവിൽ ലഭ്യമാണ്.

ഈ കല്ലുകൾ സ്ഥലത്തിന്റെ അതിരുകൾ തിരിക്കുന്നതിനുപയോഗിക്കാമെന്ന് സെക്രട്ടറി

അഭിപ്രായപ്പെട്ടതല്ലാതെ ഇതിനായി നിലവിലും പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രസ്തുത കല്ലുകൾ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ എത്രയും വേഗം ലേലം ചെയ്തു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാനും, ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ കല്ലുകൾ നഗരസഭാ സ്ഥലത്ത് കൃത്യമായി സ്റ്റാക്ക് ചെയ്ത് സുരക്ഷിതമാക്കാനും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിലും ഇതു ചെയ്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. മേൽ കല്ലുകൾ റോഡ് പ്രവൃത്തി നടത്തിയ സമയം തന്നെ ശരിയായ രീതിയിൽ സ്റ്റാക്ക് ചെയ്യേണ്ടതായിരുന്നു. പ്രസ്തുത കല്ലുകൾ നിലവിലും ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ/ലേലം ചെയ്തൊഴിവാക്കാത്ത സാഹചര്യത്തിൽ കല്ലിന് നിശ്ചയിച്ച് ലഭിച്ച വില ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - അളവു രേഖപ്പെടുത്തി തുക നൽകി

പ്രോജക്ട് :- മദ്രസ്സ ബസാർ ബസ് സ്റ്റോപ്പ്, 408/22

അടങ്കൽ :- 1,00,000/-തനതുഫണ്ട്

ചെലവ് :- 98,280/- വൗ.നം.22100490/22.11.2021

ശോചനീയാവസ്ഥയിലായ മേൽ ബസ് സ്റ്റോപ്പിന് തറ നിർമ്മിച്ച് ഫ്ലോർ ടൈൽ, വാൾ ടൈൽ, എ.സി.പി. എന്നിവ നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ തറ ടൈൽ പാകുന്നതിന് 22mmകനമുള്ള പ്രീകാസ്റ്റ് ടെറാസ്സോ ടൈലും, സൈഡുകളിൽ പതിക്കുന്നതിന് സെറാമിക് ഗ്ലേസ്ഡ് വാൾ ടൈലുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബസ് സ്റ്റോപ്പിന്റെ മുകൾഭാഗത്ത് ട്രസ് റൂഫിനു താഴെ നാലു ഭാഗത്ത് മറ നൽകുന്നതിന് എ.സി.പി. എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് സ്ട്രക്ച്ചറൽ ഗ്ലേസിംഗിനുള്ള(ഐറ്റം 25.2) ഇനമാണ്. ഇതിനായുള്ള അലുമിനിയം സ്ട്രക്ച്ചറിനുള്ള ഇനവും(ഐറ്റം 25.1) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മേൽ നിർമ്മാണം 27.3.23ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചപ്പോൾ, എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചും, വ്യത്യസ്തമായ ഇനം ഉൾപ്പെടുത്തിയും നിർമ്മാണം നടത്തിയിരിക്കുന്നതായി കണ്ടു. തറയിലും, തറയുടെ സൈഡിലും ഒരേ വലുപ്പത്തിലുള്ള വ്യത്യസ്ത നിറത്തിലുള്ള ടൈൽ(സെറാമിക്/വിട്രിഫൈഡ് 600x600വലുപ്പത്തിലുള്ള) ആണ് ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സ്ട്രക്ച്ചറൽ ഗ്ലേസിംഗ് പ്രവൃത്തിയ്ക്ക് പകരം ജി.ഐ. സ്ക്വയർ ട്യൂബ് ഫ്രെയിമിൽ എ.സി.പി.യ്ക്ക് സമാനമായ ബോർഡ് സ്ഥാപിക്കുകയാണ് ചെയ്തിരിക്കുന്നത്.

വ്യത്യസ്തമായ ഇനമുപയോഗിച്ചും, എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം നടത്തിയിട്ടും പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഇതുസംബന്ധിച്ച് പരാമർശിക്കാതെ, അളവുകൾ രേഖപ്പെടുത്തുകയും കരാറുകാരന് തുക നൽകുകയുമാണുണ്ടായത്. സ്ട്രക്ച്ചറൽ ഗ്ലേസിംഗ് പോലുള്ള ഉയർന്ന നിരക്കിലുള്ള/സാങ്കേതിക വൈദഗ്ദ്യം ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും, തികച്ചും വ്യത്യസ്തമായി നിർമ്മാണം പൂർത്തീകരിച്ചപ്പോഴും ആയത് പരിഗണിക്കാതെ കരാറുകാരന് തുക അനുവദിച്ച സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ നിരുത്തരവാദിത്വപരമായി അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഗുരുതര വീഴ്ചയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും, ഈ നിർമ്മാണത്തിന് യഥാർത്ഥത്തിൽ ഉപയോഗിച്ച/നിർവ്വഹിച്ച ഇനങ്ങളുടെ അളവുകൾ തിട്ടപ്പെടുത്തി, ചെലവ് കണക്കാക്കേണ്ടതും കരാറുകാരന് നൽകിയ തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് ബന്ധപ്പെട്ട സമിതികൾ ഉറപ്പാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. ഈ വിഷയത്തിന്റെ തുടർനടപടികൾ അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 പൊതുമരാമത്ത് പ്രവൃത്തികൾ - പകുതി ചെലവും സ്പിൽഓവർ പദ്ധതികൾക്ക്

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്താനായി നഗരസഭയിൽ തയ്യാറാക്കിയത് 343പദ്ധതികളാണ്. ഇതിൽ 217 പദ്ധതികൾ പുതുതായി രൂപീകരിച്ചതും, ബാക്കി 126എണ്ണം സ്പിൽഓവർ പദ്ധതികളുമാണ്. പുതുതായി 217പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും സംസ്ഥാന ബജറ്റിലുണ്ടായ മാറ്റത്തിൽ നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ടിൽ കുറവുണ്ടാവുകയും, ഈ കാരണത്താൽ തയ്യാറാക്കിയ 52പദ്ധതികൾക്ക് ഫണ്ട് തികയാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു. ഈ പദ്ധതികളിൽ പലതിന്റെയും

ടെണ്ടർ നടപടികളും നിർവ്വഹണവും പൂർത്തീകരിച്ച സാഹചര്യത്തിൽ മേൽ പദ്ധതികൾ വാർഷിക പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കാതെ വരികയും, ഇതിനു പ്രതിവിധിയായി ഈ പദ്ധതികൾക്ക് ഓഡിറ്റ് വർഷത്തിൽ 'ഒരു രൂപ' തനതുഫണ്ട് അടങ്കൽ മാത്രം വകയിരുത്തി ബഹുവർഷ പദ്ധതിയാക്കുകയും, ബാക്കി തുക തുടർവർഷത്തിൽ വകയിരുത്തുകയുമാണുണ്ടായത്.

മേൽ 52 പദ്ധതികൾ മാറ്റി നിർത്തിയാൽ 291 പദ്ധതികൾ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണത്തിനുണ്ടായിരുന്നു. ഈ പദ്ധതികളുടെ വിശദാംശം പരിശോധിച്ചാൽ 251 പദ്ധതിയും 3 ലക്ഷമോ അതിൽ കുറവോ അടങ്കലിൽ തയ്യാറാക്കിയവയാണെന്ന് കാണാം. ആകെ 12 പദ്ധതികൾ മാത്രമാണ് 5 ലക്ഷമോ അതിൽ കൂടുതലോ അടങ്കലിൽ തയ്യാറാക്കിയിട്ടുള്ളത്. 3 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയിൽ അടങ്കലിൽ 28പദ്ധതികളും തൻവർഷമുണ്ടായി. ഈ പദ്ധതികളുടെ നിർവ്വഹണ വിശദാംശം പരിശോധിച്ചതിൽ തൻവർഷത്തെ ആകെ ചെലവിന്റെ പകുതിയും സ്പിൽഓവർ പദ്ധതികൾക്കാണ് ചെലവഴിച്ചതെന്ന് കാണുന്നു.

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 5848282 | 5493311 | 2300000 | 2168560 | 39.48% |
| വികസനഫണ്ട് എസ്.സി.പി. | 6200369 | 3110189 | 2660369 | 2127558 | 68.41% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 21324863 | 8013944 | 1824295 | 1391591 | 17.36% |
| തനതുഫണ്ട് | 9715667 | 7509265 | 7603865 | 6732927 | 89.66% |
| സംരക്ഷണഗ്രാന്റ് റോഡ് | 14983000 | 11439445 | 6572000 | 6244015 | 54.58% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 6170441 | 2854623 | 1537000 | 1145260 | 40% |
| മറ്റുള്ളവ | 4203000 | 2236754 | -- | -- | -- |
| ആകെ | 68445622 | 40657531 | 22497529 | 19809911 | 48.72% |

ഓരോ വർഷവും അതതു വർഷത്തെ വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയാണ് മേൽ രീതിയിൽ മുൻവർഷ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി വിനിയോഗിക്കേണ്ടി വന്നിട്ടുള്ളത്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-18) പൊതുമരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതിലും, നിർവ്വഹണം നടത്തുന്നതിലുമുള്ള അപാകതകളും, ഇതു മൂലം തദ്ദേശ/സംസ്ഥാന/കേന്ദ്ര സർക്കാറുകൾക്കും, ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും സംബന്ധിച്ച് വിവരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അതേ അവസ്ഥ തുടരുന്നു. ഫണ്ടുകളുടെ ചെറിയ തോതിലുള്ള വിന്യാസം ഒഴിവാക്കിയും, പ്രോജക്ടുകൾ സമഗ്രമായി (മുഴുവൻ നീളത്തിൽ റോഡ്, കെട്ടിടങ്ങളുടെ മുഴുവൻ പ്രവൃത്തികളും) തയ്യാറാക്കിയും നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ കൗൺസിലിന്റെ കൂട്ടായ ശ്രമം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. നഗരസഭ പരിധിയിലെ ജനങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന സേവനങ്ങൾ യഥാസമയം ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്കൊപ്പം, ഭരണസമിതിയിലും നിക്ഷിപ്തമായിരിക്കുന്നു.

ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 കൃഷി വ്യാപനത്തിനുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിലെ അപാകതകൾ

തൈകളും മറ്റ് നടീൽ വസ്തുക്കളും വിതരണം ചെയ്ത് കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ കൃഷിയും കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ഭൂമിയുടെ വിസ്തൃതിയും വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ 2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | വിതരണം ചെയ്ത നടീൽ വസ്തു | വിതരണം ചെയ്ത ആകെ എണ്ണം |
|---|---|---|---|---|---|
| 1 | 07/21-22, വാഴക്കൃഷി വിസ്തൃതി വ്യാപനം | 4,00,000/- | 4,00,000/- | വാഴക്കന്ന് | 25,000 |
| 2 | 27/21-22, കവുങ്ങിൻ തൈ വിതരണം | 2.65,200/- | 2.65,200/- | കവുങ്ങിൻ തൈ | 10,500 |
| 3 | 30/21-22, പച്ചക്കറി വികസന പദ്ധതി | 2,00,000/- | 2,00,000/- | വെണ്ട,വഴുതിന, തക്കാളി, മുളക് എന്നിവയുടെ തൈകൾ | 80,000 |
| 4 | 233/21-22, ഫലവൃക്ഷ തൈ വിതരണം | 4,00,000/- | 4,00,000/- | മാങ്കോസ്റ്റിൻ, മാവ്, പ്ലാവ് എന്നിവയുടെ ഒട്ട് തൈകൾ | 3,000 |

നടീൽ വസ്തുക്കളുടെ വിതരണത്തിനായി ആവിഷ്കരിക്കുന്ന പ്രൊജക്റ്റുകളിൽ വിത്തുകളുടെ അളവും തുകയും സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കേണ്ടതെന്ന് 14.02.2018ലെ ജി.ഒ (എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.1 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രൊജക്റ്റുകളിൽ സർക്കാർ നിർദ്ദേശ പ്രകാരം വിതരണ വസ്തുക്കളുടെ അളവ് കണക്കാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാതെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒരേ അളവിൽ വിതരണം നടത്തുകയാണ് ചെയതിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | ഗുണഭോക്താക്കളുടെ എണ്ണം | ഓരോ ഗുണഭോക്താവിനും വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ എണ്ണം |
|---|---|---|---|
| 1 | 07/21-22, വാഴക്കൃഷി വിസ്തൃതി വ്യാപനം | 2500 | 10 |

| | | | |
|---|---|---|---|
| | | | |
| 2 | 27/21-22, കവുങ്ങിൻ തൈ വിതരണം | 1500 | 7 |
| 3 | 30/21-22, പച്ചക്കറി വികസന പദ്ധതി | 2000 | 40 |
| 4 | 233/21-22, ഫലവൃക്ഷ തൈ വിതരണം | 1000 | 3 |

ഗുണഭോക്താക്കൾ കൃഷി സ്ഥലത്തെ സംബന്ധിച്ച് അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ ശരിയാണോ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ നികുതിശീട്ടോ, പാട്ടക്കരാറോ പരിശോധിച്ച് ഉറപ്പു വരുത്തുന്നതായി കാണുന്നില്ല. വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ ഉപയോഗിച്ച് കൃഷി ചെയ്യാൻ പര്യാപ്തമായ കൃഷി സ്ഥലം ഗുണഭോക്താവിന് സ്വന്തമായോ മറ്റു രീതിയിലോ ഉണ്ടോ എന്ന് ഉറപ്പു വരുത്താതെയാണ് മേൽ പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി തൈകളും മറ്റും വിതരണം ചെയ്തിട്ടുള്ളത്.

ഉദാഹരണമായി രണ്ടാം ഡിവിഷനിലെ ഗുണഭോക്താവായ ശ്രീമതി സൈഫുന്നീസ ടി.എം, W/oഅബ്ദുൾ നാസർ പി.ടി, കരുണിച്ചാലിൽ, വാവാട് എന്നവർക്ക് മേൽപറഞ്ഞ നാലു പ്രൊജക്റ്റുകളിലും ഉൾപ്പെടുത്തി നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയിലെ രേഖപ്പെടുത്തൽ പ്രകാരം അവർക്ക് ആകെ 10 സെന്റ് ഭൂമി മാത്രമാണ് ഉള്ളത്. രണ്ടാം ഡിവിഷനിൽ തന്നെ ഒരേ വീട്ടിലെ മൂന്ന് പേർക്ക് വാഴക്കൃഷി വിസ്തൃതി വ്യാപന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വാഴക്കന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷയിലെ രേഖപ്പെടുത്തൽ പ്രകാരം വളരെ കുറവ് ഭൂമി മാത്രമുള്ള ഇവർ ഓരോരുത്തർക്കും 10 കന്നുകൾ വീതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | അപേക്ഷ പ്രകാരം കൈവശമുള്ള ഭൂമി |
|---|---|
| കൃഷ്ണൻകുട്ടി ഇ.പി,<br>കൊട്ടിൽ , വാവാട് പി.ഒ, പിൻ 673572 | റീ.സ 17/36<br>67.7സ്ക്വയർ മീറ്റർ (1.7 സെന്റ്) |
| സാവിത്രി കെ.<br>W/0 കൃഷ്ണൻകുട്ടി ഇ.പി<br>കൊട്ടിൽ , വാവാട് പി.ഒ, പിൻ 673572 | റീ.സ 17/42<br>27.8 സ്ക്വയർ മീറ്റർ (0.69 സെന്റ്) |
| ജിജീഷ് കുമാർ ഇ.പി,<br>S/0 കൃഷ്ണൻകുട്ടി ഇ.പി<br>കൊട്ടിൽ , വാവാട് പി.ഒ, പിൻ 673572 | റീ.സ 17/35<br>94.9 സ്ക്വയർ മീറ്റർ (2.34 സെന്റ് |

നടീൽ വസ്തുക്കളുടെ വിതരണത്തിന് ശേഷം പ്രൊജക്റ്റിന്റെ ലക്ഷ്യപൂർത്തീകരണം സംബന്ധിച്ച് തുടർനിരീക്ഷണം നടത്തുന്നതായി കാണുന്നില്ല. പ്രൊജക്റ്റ് ഫയലുകളിലൊന്നിലും മോണിറ്ററിങ് റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്തിട്ടില്ല. സമാന പ്രൊജക്റ്റുകൾ മുൻ വർഷങ്ങളിൽ നടപ്പാക്കുകയും നടപ്പ് വർഷത്തിൽ നടപ്പാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇവ മൂലം കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ കൃഷിയും കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ഭൂമിയുടെ വിസ്തൃതിയും എത്രമാത്രം വർദ്ധിച്ചു എന്നത് സംബന്ധിച്ച കണക്കുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും, മേൽ പ്രൊജക്റ്റുകളുടെ നിർവ്വഹണം വഴി

മുനിസിപ്പാലിറ്റിയിൽ കൃഷിയും കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ഭൂമിയുടെ വിസ്തൃതിയും എത്രമാത്രം വർദ്ധിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2021-22 തീയതി 24.03.2023) മറുപടിയായി ഭൂവിസ്തൃതി സംബന്ധിച്ച് കർഷകർ അപേക്ഷയിൽ തെറ്റായ രീതിയിൽ രേഖപ്പെടുത്തൽ വരുത്തുന്നതാണ് എന്നും, ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുമ്പോൾ ഭൂമി സംബന്ധമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട് എന്നും നിർവ്വഹണോദ്യോഗസ്ഥയായ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. പദ്ധതികൾ മോണിറ്ററിങ് ചെയ്യുന്നുണ്ടെങ്കിലും റിപ്പോർട്ടുകൾ സൂക്ഷിച്ചിട്ടില്ല എന്നും ഇനിയുള്ള പ്രൊജക്ടുകളിൽ മോണിറ്ററിങ് റിപ്പോർട്ടുകൾ വെയ്ക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കൊടുവള്ളി പോലെ ജനസാന്ദ്രതയുള്ള പ്രദേശത്ത് പുരിയിടകൃഷി പ്രോൽസാഹനമാണ് ഉദ്ദേശിക്കുന്നതെന്നും, പുരയിടകൃഷിയിൽ വിസ്തൃതി വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.
പ്രൊജക്ടുകളുടെ മോണിറ്ററിങ് കൃത്യമായി നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ആയതിന്റെ രേഖകളും കൃഷിവർദ്ധനവ് സംബന്ധിച്ച വിവരങ്ങളും തുടർവർഷങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-32 തെങ്ങിന് വളം - സബ്സിഡി നൽകിയതിൽ അപാകത

| | |
|---|---|
| പ്രൊജക്ട് | 06/21-22, തെങ്ങിന് വളം വിതരണം |
| അടങ്കൽ | 20,00,000/-<br>( 15,00,000/-വികസന ഫണ്ട് - പൊതു വിഭാഗം<br>5,00,000/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | 20,00,000/-<br>( സാംഖ്യാ ബിൽ നം. 180/21-22തീയതി 17.01.2022 – 12,28,907/-<br>സാംഖ്യാ ബിൽ നം. 181/21-22തീയതി 17.01.2022 – 2,71,093/-<br>നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃവിഹിതം - 5,00,000/- ) |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി 1480 കർഷകർക്ക് ജൈവവളത്തിന് സബ്സിഡി നൽകുന്നതിനായി 15,00,000/- രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കൃഷിഭവനിൽ നിന്ന് അനുവദിക്കുന്ന പെർമ്മിറ്റിന്റെ അടിസ്ഥാനത്തിൽ കർഷകർ കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വളം ഡിപ്പോയിൽ നിന്ന് സബ്സിഡി കിഴിച്ചുള്ള തുക മാത്രം നൽകി വളം വാങ്ങുകയും, സബ്സിഡി തുക നിർവ്വഹണോദ്യോഗസ്ഥൻ ബാങ്കിന് അനുവദിക്കുകയും ചെയ്യുന്ന രീതിയാണ്

അനുവർത്തിച്ചിട്ടുള്ളത്. ഇപ്രകാരം കർഷകർ വാങ്ങിയ 20,081 കിലോഗ്രാം നീറ്റ് കക്ക, 48,194.4 കിലോഗ്രാം എല്ല് പൊടി എന്നിവയുടെ വിലയുടെ 75% തുകയാണ് താഴെപറയും പ്രകാരം സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്.

| ഇനം | വില (കിലോഗ്രാമിന്) | ആകെ അളവ് (കിലോഗ്രാം) | ആകെ തുക |
|---|---|---|---|
| നീറ്റ് കക്ക | 18 | 20,081 | 3,61,458 |
| എല്ല് പൊടി | 34 | 48,194.4 | 16,38,609 |
| ആകെ | | | 20,00,067 |
| ആകെ തുക 20,00,000/- രൂപയിൽ പരിമിതപ്പെടുത്തിയതിന്റെ 75% | | | 15,00,000 |

ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് 14.02.2018ലെ ജി.ഒ (എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ 3.1, 3.3 ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1, ക്രമ നം.1 പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 75% ആണ് പൊതുവിഭാഗം കർഷകർക്ക് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി. ജില്ലാതല സാങ്കേതിക സമിതി മേൽപറഞ്ഞ ജൈവവളങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ബാധകമായ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 08.02.2021ലെ 41680/2017/ ഡി.പി.ഒ/കെ.കെ.ഡി നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | യൂണിറ്റ് കോസ്റ്റ് |
|---|---|
| നീറ്റ് കക്ക | കിലോഗ്രാമിന് 22/- രൂപ |
| എല്ല് പൊടി | കിലോഗ്രാമിന് 30/- രൂപ |

എന്നാൽ എല്ല് പൊടിയുടെ വിലയായി മേൽപറഞ്ഞ യൂണിറ്റ് കോസ്റ്റിന് പകരം കിലോഗ്രാമിന് 34/- രൂപയാണ് ബാങ്ക് ഈടാക്കിയിട്ടുള്ളത്. അതു പ്രകാരം 48,194.4 കിലോഗ്രാം എല്ല് പൊടിയുടെ വിലയായ 16,38,609/- രൂപയുടെ 75% തുകയായ 12,28,956/- നിർവ്വഹണോദ്യോഗസ്ഥൻ ബാങ്കിന് നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ അനുവദിക്കേണ്ടിയിരുന്ന 10,84,374/- രൂപയ്ക്ക് [ 48,194.4 X 30 = 14,45,835 ; 4,45,835 X 75% = 10,84,374 ] പകരമാണ് മേൽ തുക നൽകിയിട്ടുള്ളത്.
സബ്സിഡി ഇനത്തിൽ 1,44,582/- രൂപ (12,28,956 – 10,84,374 = 1,44,582) അധികമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22 തീയതി 24.03.2023) മറപടിയായി യുണിറ്റ് കോസ്റ്റിലെ മാറ്റം ശ്രദ്ധിക്കപ്പെടാതെ ആകെ ചെലവ് തുകയുടെ 75% കർഷകർക്ക് സബ്സിഡിയായി അനുവദിക്കുകയായിരുന്നു എന്നും വരും കാലങ്ങളിൽ അപാകത സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേലിൽ ഇത്തരം പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ അനുവദനീയമായ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി കണക്കാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സബ്സിഡിയിനത്തിൽ അധികം നൽകുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

## 1-33 വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ താഴെപറയുന്ന പ്രൊജക്റ്റിൽ മരുന്ന് വിതരണ സ്ഥാപനത്തിന് വില മുൻകൂറായി നൽകിയിട്ടും ഇതുവരെ മരുന്നുകൾ മുഴുവനായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | 15/21-22 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകളും |
|---|---|

| | |
|---|---|
| | അനുബന്ധ വസ്തുകളും വാങ്ങൽ) |
| മരുന്ന് വിതരണ സ്ഥാപനം | ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) |
| നൽകിയ തുക | 3,00,000/-<br>( ബിൽ നം. 150/2021-22 തീയതി 16.12.2021)<br>[GHD കൊടുവള്ളിയിലേക്ക് - 2,00,000<br>മൂഴിക്കുന്നമ്മൽ സബ്ബ് സെന്ററിലേക്ക് - 1,00,000] |
| ലഭിച്ച മരുന്നിന്റെ വില | 2,04,978/-<br>(GHD കൊടുവള്ളി - 1,04,978<br>മൂഴിക്കുന്നമ്മൽ സബ്ബ് സെന്റർ - 1,00,000) |
| ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില | 95,022/- (GHD കൊടുവള്ളി) |

അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭ്യമാക്കാത്ത മരുന്നുകളുടെ വിലയായ 95022/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 ഐ.കെ.എമ്മിന് വിഹിതം നൽകൽ - തുക ചെലവഴിച്ചത് സംബന്ധിച്ച സാക്ഷ്യപത്രമില്ല

| | |
|---|---|
| പ്രൊജക്റ്റ് | 19/21-22, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 1,50,000/- ( സാംഖ്യാ ബിൽ നം. 112/21-22തീയതി 07.10.21) |
| നിർവ്വഹണം | സെക്രട്ടറി |

ഐ.കെ.എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷനിൽ നിന്നുള്ള 20.04.2021ലെ ഐ.കെ.എം/എ7 /955/2021നമ്പർ ഡിമാന്റ് ലെറ്ററിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തെ വിഹിതമായി 1,50,000/- രൂപ ഐ.കെ.എമ്മിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് ഐ.കെ.എമ്മിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/2021-22 തീയതി 24.03.2023) മറുപടി ലഭിച്ചിട്ടില്ല.
ഈ സാഹചര്യത്തിൽ ചെലവ് തുക 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ മുനിസിപ്പാലിറ്റിയുടെ ജനറൽ സ്റ്റോക്ക്

രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക്/ഇഷ്യൂ സംബന്ധിച്ച് യായൊരു വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2021-22 തീയതി 10.03.2023) മറുപടി നൽകുകയോ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ പ്രത്യേകം രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് 24-9-2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-36 ജി.ഐ.എസ് മാപ്പിങ്ങ് പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | 246/21-22, കെട്ടിടങ്ങളും നഗരസഭാ ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ് നടത്തൽ |
| അടങ്കൽ | 35,00,000/-<br>(വികസന ഫണ്ട് -പൊതുവിഭാഗം 10,00,000 +<br>തനത് ഫണ്ട് 25,00,000 ) |
| ചെലവ് | 18,03,040/-<br>(സാംഖ്യാ ബിൽ നമ്പർ 81/21-22 തീയതി 27.08.21 – 6,23,040/-<br>സാംഖ്യാ ബിൽ നമ്പർ 203/21-22 തീയതി 28.01.22 – 3,76,960/-<br>സാംഖ്യാ ബിൽ നമ്പർ 204/21-22 തീയതി 28.01.22 – 8,03,040-) |
| നിർവ്വഹണം | സെക്രട്ടറി |

കൊടുവള്ളി നഗരസഭയിലെ കെട്ടിടങ്ങളും നഗരസഭാ ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മേൽ പ്രൊജക്റ്റ് പ്രകാരം 2021-22 സാമ്പത്തിക വർഷം ആകെ 1803040/- രൂപ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നതിന് 04.10.2018ലെ 2556/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാപ്പിങ്ങ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണെന്നും, ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിങ്ങ് നടത്തേണ്ടതെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) മാപ്പിങ്ങിന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഐ.കെ.എമ്മിന്റെ മേൽനോട്ടം ഉണ്ടായതായി കാണുന്നില്ല. കൂടാതെ ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന ഒരു സോഫ്റ്റ്‌വെയറുമായും പ്രൊജക്റ്റ് പ്രകാരം ശേഖരിച്ച വിവരങ്ങൾ നിലവിൽ സംയാജിപ്പിച്ചിട്ടില്ല.

ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിലാണോ ജി.ഐ.എസ് മാപ്പിങ്ങ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമല്ല.

(2) ജി.ഐ.സ് മാപ്പിങ്ങ് പൂർത്തിയായയിന് ശേഷം നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളും, സൃഷ്ടിക്കപ്പെട്ടിട്ടുള്ള നഗരസഭാ ആസ്തികളും ഉൾപ്പെടുത്തി ജി.ഐ.എസ് മാപ്പിങ്ങ് കാലികമാക്കിയിട്ടില്ല.

അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2021-22 തീയതി 28.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 18,03,040/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഐ.ടി.ഐക്ക് ഭൂമി വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 240/21-22, ഐ.ടി.ഐക്ക് സ്ഥലം വാങ്ങൽ |
| ഫയൽ നമ്പർ | ജി.2 10543/17, ജി.2 5251/19, ജി.1 2223/22 |
| അടങ്കൽ | 37,00,000/- (തനത് ഫണ്ട്) |
| ചെലവ് | 35,20,000/- ( സാംഖ്യാ ബിൽ നം. 423/21-22 തീയതി 29.03.22) |
| നിർവ്വഹണം | സെക്രട്ടറി |

കൊടുവള്ളി ഗവർമ്മെന്റ് റസിഡൻഷ്യൽ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്റ്റിട്യൂട്ടിനായി മേൽ പ്രൊജക്റ്റ് പ്രകാരം വാവാട് വില്ലേജ്, കളരാന്തിരി ദേശത്ത് റീ.സർവ്വെ നമ്പർ 16/88ൽ 1 ഏക്കർ 10 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

(1) ഐ.ടി.ഐ ക്ക് വേണ്ടി സ്ഥലം നൽകാൻ താൽപര്യമുള്ള വസ്തു ഉടമകളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചത് പ്രകാരം ശ്രീമതി ഫാത്തിമത്ത് സുഹറ മുതൽ പേർ സമർപ്പിച്ച താൽപര്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. ശ്രീമതി ബീപ്പാത്തു, ശ്രീ ത്രിലോകനാഥൻ മുതൽ പേർ, ശ്രീ മുഹമ്മദ് ഹാജി മുതൽ പേർ എന്നിവർ സമർപ്പിച്ച താൽപര്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(2) ഐ.ടി.ഐക്ക് വേണ്ടി വാങ്ങിയ ഭൂമിയെ സംബനധിച്ച് 02.03.2022 ന് താമരശ്ശേരി തഹസിൽദാർ നൽകിയ വില നിർണ്ണയ സാക്ഷ്യപത്രം പ്രകാരം ആർ ഒന്നിന്റെ വില 30102/- രൂപയാണ്. എന്നാൽ തഹസിൽദാർ 18.03.2022 ന് നൽകിയ കത്തിൽ വില ആർ ഒന്നിന് 74130/- രൂപയാണെന്ന് പറയുകയും ആയതിന് അനുസരിച്ച് മുനിസിപ്പാലിറ്റി ഭൂമി വാങ്ങൽ നടപടികൾ പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. തഹസിൽദാർ ആദ്യം നൽകിയ വില നിർണ്ണയ സാക്ഷ്യപത്രം മുനിസിപ്പാലിറ്റി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം നൽകാനും, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2021-22 തീയതി 28.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 35,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വൈദ്യുതീകരണം പൂർത്തിയായില്ല

| | |
|---|---|
| പ്രൊജക്റ്റ് | 276/21-22, കണ്ടാലമല പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | 4,48,685/-<br>(3,00,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1,48,685 -തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 4,48,685/-<br>(സാംഖ്യാ ബിൽ നം. 273/21-22 തീയതി 24.02.22 - 3,00,000<br>ചെക്ക് നം. 515750 തീയതി 26.02.22 – 1,48,685) |
| നിർവ്വഹണം | സെക്രട്ടറി |

കണ്ടാലമല എം.സി.എഫിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി മേൽ പ്രൊജക്റ്റ് പ്രകാരം 4,48,685/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി ഇതു വരെ പൂർത്തിയായിട്ടില്ല. കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്നും ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ് എന്നും 29.01.2018ലെ ജി.ഒ(എം.എസ്)11/2018 /തസ്വഭവ നമ്പർ ഉത്തരവിന്റെ ഖണ്ഡിക 11.2(ഡി) പ്രകാരം സർക്കാർ നിർദ്ദേശച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റിനെ സംബന്ധിച്ച് ഇക്കാര്യം പാലിക്കപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2021-22 തീയതി 28.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 4,48,685/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 എസ്.എസ്.എ വിഹിതം നൽകൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 20/21-22, എസ്.എസ്.എ വിഹിതം നൽകൽ |
| ഫയൽ നമ്പർ | ജി.4 - 6155/21 |
| അടങ്കൽ | 10,00,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 10,00,000/- ( സാംഖ്യാ ബിൽ നം. 11/21-22തീയതി 23.07.21) |
| നിർവ്വഹണം | സെക്രട്ടറി |

നഗരസഭകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വകയിരുത്തണമെന്നും, പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 02.02.2018ലെ ജി.ഒ (എം.എസ്) 17/2018 /തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ ഖണ്ഡിക 7.6(3)ൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൊടുവള്ളി മുസിപ്പാലിറ്റിയിൽ നിന്നുള്ള എസ്.എസ്.എ വിഹിതമായി മേൽ പ്രൊജക്റ്റ് പ്രകാരം പത്ത്

ലക്ഷം രൂപ എസ്.എസ്.എയുടെ കോഴിക്കോട് ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് 277210100329l നമ്പർ അക്കൗണ്ടിലേക്ക് (ബാങ്ക് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല) കൈമാറിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിലെ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെയും, വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും മിനുറ്റ്സുകൾ പരിശോധിച്ചതിൽ എസ്.എസ്.എ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ഉയർന്നതായോ ചർച്ചകൾ നടന്നതായോ കാണുന്നില്ല. പദ്ധതിരൂപീകരണത്തിൽ മുനിസിപ്പാലിറ്റി യാതൊരു പങ്കും വഹിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

2021-22സാമ്പത്തിക വർഷം സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് എസ്.എസ്.എ അധികാരികളിൽ നിന്ന് ലഭിച്ച വിശദാംശങ്ങളോ, ആയതിനുള്ള വിഹിതം കൈമാറാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മുനിസിപ്പാലിറ്റി കൈമാറിയ വിഹിതം ഉപയോഗിച്ച് തദ്ദേശസ്ഥാപന പരിധിയിൽ എസ്.എസ്.എ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളും, തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2021-22 തീയതി 28.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 വയോമിത്രം പദ്ധതി - വിഹിതം നൽകിയിട്ടും പ്രവർത്തനങ്ങളൊന്നും നടന്നില്ല

| | |
|---|---|
| പ്രൊജക്റ്റ് | 26/21-22, വയോമിത്രം പദ്ധതി |
| അടങ്കൽ | 5,40,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 5,40,000/- ( സാംഖ്യാ ബിൽ നം. 283/21-22തീയതി 27.02.22) |
| നിർവ്വഹണം | സെക്രട്ടറി |

സംസ്ഥാനത്തെ നഗരപ്രദേശത്ത് താമസിക്കുന്ന 65വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യപരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലത്ത് തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി നടപ്പാക്കുന്ന വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൊടുവള്ളി മുനിസിപ്പാലിപ്പാലിറ്റിയിൽ നടത്തുന്നതിനായി 07.06.2021ലെ എ.4/3285/ കെ.എസ്.എസ്.എം(63) നമ്പർ കത്ത് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർ വിഹിതം ആവശ്യപ്പെടുകയും മേൽ പ്രൊജക്റ്റ് പ്രകാരം മുനിസിപ്പാലിറ്റി 5,40,000/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

വയോജനങ്ങൾക്ക് മെഡിക്കൽ സേവനങ്ങൾ എത്തിക്കുക, അവർക്ക് മാനസിക ഉല്ലാസം പകരാൻ ഉതകുന്ന കലാവിരുന്നുകൾ, വിനോദയാത്രകൾ, ആഘോഷങ്ങൾ എന്നിവ നഗരസഭാ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നതെന്നാണ് മിഷൻ ഡയറക്ടറുടെ കത്തിൽ പറഞ്ഞിട്ടുള്ളത്. കേരള സാമൂഹ്യ സുരക്ഷാ മിഷനും നഗരസഭകളും സംയുക്തമായി നടപ്പാക്കുന്ന വയോമിത്രം പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന കോ-ഓർഡിനേറ്റർമാർ, മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ തുടങ്ങിയവരുടെ ശമ്പളത്തിനും

മരുന്ന്, വാഹനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കുമായാണ് വിഹിതം ചെലവഴിക്കുന്നത് എന്നും, അതിനായി ഒരു വയോമിത്രം യൂണിറ്റ് പ്രവർത്തിക്കുന്ന നഗരസഭകൾ പതിനഞ്ച് ലക്ഷം രൂപയും രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നവ മുപ്പത് ലക്ഷം രൂപയും നൽകണമെന്നുമാണ് മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നത്.

പദ്ധതിക്കായി 5,40,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും കൊടുവള്ളിയിൽ മുനിസിപ്പാലിറ്റിയിൽ വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്റ്റായാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നാണ് സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ കത്തിൽ പറഞ്ഞിട്ടുള്ളതെങ്കിലും മുനിസിപ്പാലിറ്റിയുടെ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനുറ്റ്സുകൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉയർന്നതായോ ചർച്ചകൾ നടന്നതായോ കാണുന്നില്ല. കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ എത്ര വയോമിത്രം യൂണിറ്റുകളാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നും പോലും വ്യക്തമല്ല.

പദ്ധതി വിഹിതമായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2021-22 തീയതി 28.03.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 5,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - പ്രാഥമിക പഠനം നടത്താത്തതും മറ്റ് അപാകതകളും

| | |
|---|---|
| പ്രൊജക്റ്റ് | 247/21-22, സ്ട്രീറ്റ് ലൈറ്റ് മൂന്നാം ഗഡു നൽകൽ |
| അടങ്കൽ | 35,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ഫയൽ നമ്പർ | ജി4- 10921/2018 |
| ചെലവ് | 35,00,000/- ( സാംഖ്യാ ബിൽ നം. 373/21-22തീയതി 24.03.22) |
| നിർവ്വഹണം | സെക്രട്ടറി |

കൊടുവള്ളി നഗരസഭയിൽ 2018-19 സാമ്പത്തികവർഷ കാലയളവിൽ നിലവിലുണ്ടായിരുന്ന ഏകദേശം 4200ഓളം 24 വാട്ട് ഓട്ടോമാറ്റിക്ക് ഓർഡിനറി ലൈറ്റുകൾ മാറ്റി പുതിയ എൽ.ഇ.ഡി ഓട്ടോമാറ്റിക്ക് ഓർഡിനറി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, നാഷണൽ/സ്റ്റേറ്റ് ഹൈവേകളോട് ചേർന്നുള്ള ഏകദേശം 350 ഓളം ലൈറ്റുകൾ മാറ്റി പുതിയ 75 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി ആവിഷ്കരിച്ച 46/18-19 നമ്പർ പ്രൊജക്റ്റിലെ (പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ -എൽ.ഇ.ഡി) സേവനദാതാവായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് (കെ.എസ്.ഐ.ഇ) എന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള മൂന്നാം ഗഡു തുക നൽകുന്നതിനായി നടപ്പാക്കിയതാണ് മേൽ പ്രൊജക്റ്റ്. ഊർജ്ജ സംരക്ഷണത്തിനുതകുന്ന എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുക വഴി സ്ട്രീറ്റ് ലൈറ്റുകൾക്കായി വർഷാവർഷം അടവാക്കി വരുന്ന വൈദ്യുതി ചാർജ്ജിൽ കുറവ് വരുത്തുക എന്നതായിരുന്നു പ്രൊജക്റ്റിന്റെ പ്രധാന ലക്ഷ്യം.

കെ.എസ്.ഐ.ഇയുമായി മുനിസിപ്പാലിറ്റി ഒപ്പു വച്ച കരാർ (നമ്പർ 23/18.01.2019) പ്രകാരം ചെലവ് തുക നാല് ഗഡുക്കളായാണ് അവർക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രതീക്ഷിത പ്രവൃത്തി മൂല്യം | | | |
|---|---|---|---|
| ഇനം | നിരക്ക് | എണ്ണം | തുക |

| | | | |
|---|---|---|---|
| 24 വാട്ട് എൽ.ഇ.ഡി | 2,650 | 4200 | 1,11,30,000 |
| 75 വാട്ട് എൽ.ഇ.ഡി | 5,050 | 350 | 17,67,500 |
| ആകെ | | | 1,28,97,500 |

| ഗഡു | തുക |
|---|---|
| ഒന്ന് (2018-19) | 32,97,500 |
| രണ്ട് (2019-20) | 32,00,000 |
| മൂന്ന് (2020-21) | 32,00,000 |
| നാല് (2021-22) | 32,00,000 |
| ആകെ | 1,28,97,500 |

24 വാട്ടിന്റെ 4200 ലൈറ്റുകളും, 75 വാട്ടിന്റെ 190 ലൈറ്റുകളും സ്ഥാപിച്ചു കഴിഞ്ഞതായി 07.05.2019ലെ KSIE/CLT/MKTG/2019-20 നമ്പർ കത്ത് പ്രകാരം കെ.എസ്.ഐ.ഇ മുനിസിപ്പാലിറ്റിയെ അറിയിച്ചിരുന്നു. 75 വാട്ടിന്റെ 350 ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി മാത്രമേ തുടർന്ന് പൂർത്തിയാവാനുള്ളൂ എന്നും, ആയത് കെ.എസ്.ഇ.ബി ഇലക്ട്രിക് കേബിൾ സ്ഥാപിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ് എന്നും പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കരാർ പ്രകാരം 75 വാട്ടിന്റെ 350 ലൈറ്റുകളാണ് സ്ഥാപിക്കേണ്ടതെന്നിരിക്കെ പ്രവൃത്തി പൂർത്തിയായ 190 ലൈറ്റുകൾക്ക് പുറമേ 350 എണ്ണം കൂടി സ്ഥാപിക്കുന്നത് എന്തിനാണ് എന്ന് വ്യക്തമല്ല. ഇവ പിന്നീട് സ്ഥാപിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഇക്ക് നാളിതുവരെ നൽകിയ തുകകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. (ക്രമ നം 1 മുതൽ 4 വരെയുള്ളവയുടെ വിശദമായ ചെലവു വിവരങ്ങൾക്ക് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-25 കാണുക)

| ക്രമ നം | പ്രൊജക്ട് | ചെലവ് തുക |
|---|---|---|
| 1 | 46/18-19, പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1407150 |
| 2 | 184/19-20, പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. (സ്പിൽ ഓവർ) | 469050 |
| 3 | 109/20-21, പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) | 1123800 |
| 4 | 318/20-21, പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ | 3500000 |

| | | |
|---|---|---|
| | ഓവർ) | |
| 5 | 247/21-22, സ്ട്രീറ്റ് ലൈറ്റ് മൂന്നാം ഗഡു നൽകൽ | 3500000 |
| ആകെ | | 1,00,00,000 |

മുൻ പരാമർശങ്ങൾ

പദ്ധതിനടത്തിപ്പിന്റെ തുടക്കം മുതൽ തന്നെ ആയതിലുള്ള അപാകതകളെ സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളിൽ വിശദമായി പരാമർശിച്ചിട്ടുള്ളതാണ്. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | പരാമർശിച്ച അപാകത |
|---|---|---|
| 2018-19 | 1-16 | നിലവിലുള്ള തെരുവുവിളക്കുകളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല |
| | | മാറ്റിവയ്ക്കുന്നവ പുനരുപയോഗിക്കുന്നത്/കൈയ്യൊഴിയുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചില്ല |
| | | കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല |
| 2020-21 | 1-25 | ടെണ്ടർ കൂടാതെ തെരുവ് വിളക്ക് വാങ്ങി |
| | | മാറ്റി വച്ച തെരുവ് വിളക്കുകൾ പലതും കത്തുന്നില്ല |
| | | തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |
| | | പഴയ വിളക്കുകൾ മാറ്റിയിട്ടും വൈദ്യുതി ചാർജ്ജിൽ കുറവ് വന്നില്ല |
| | | പഴയ വിളക്കുകൾ ലേലം ചെയ്ത് കയ്യൊഴിഞ്ഞില്ല |

| | |
|---|---|
| | |
| | മാറ്റി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി/ കൗൺസിലർമാരുടെ റിപ്പോർട്ടുകളിൽപൊരുത്തക്കേട് |

അപാകതകൾ വിശദമായി പരാമർശിച്ചിട്ടും അവയൊന്നും നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

(1) പ്രാഥമിക പഠനം നടത്തിയില്ല

ഇത്തരത്തിലുള്ള ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിക്കുമ്പോൾ വിശദമായ പഠനം നടത്തി നിലവിലെ സ്ഥിതിവിവരങ്ങൾ കൃത്യമായി ശേഖരിക്കുകയും, അതിനുസരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ രൂപരേഖയുണ്ടാക്കുകയുമാണ് പ്രാഥമികമായി ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇക്കാര്യം പാലിക്കപ്പെട്ടിട്ടില്ല എന്നാണ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ എത്ര തെരുവുവിളക്കുകൾ ഉണ്ട്, അവ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്, അവ സി.എഫ്.എൽ/എൽ.ഇ.ഡി തുടങ്ങി ഏതിനത്തിൽ പെട്ടതാണ്, പ്രവർത്തനക്ഷമമായതും പ്രവർത്തിക്കാത്തതും എത്രവീതം ഉണ്ട്, ഓട്ടോമാറ്റിക്ക് ലൈറ്റുകളാണോ അല്ലയോ എന്നിങ്ങിനെ തെരുവുവിളക്കുകളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളൊന്നും മുനിസിപ്പാലിറ്റിയിൽ ഉണ്ടായിരുന്നതായി കാണുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താൽപര്യപത്രം ക്ഷണിച്ചത് പോലും മാറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്ന തെരുവുവിളക്കുകളുടെ ഏകദേശ കണക്കുകൾ മാത്രം പറഞ്ഞുകൊണ്ടാണ് (08.11.2018ലെ ജി4-10921/18 നമ്പർ ഓഫർ ക്ഷണപത്രിക).

സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് താൽപര്യപത്രങ്ങൾ ക്ഷണിച്ച് പദ്ധതി നടപ്പാക്കുന്നതിനാണ് മുനിസിപ്പൽ ഭരണസമിതി തീരുമാനിച്ചത് (30.10.2018ലെ 10/2നമ്പർ തീരുമാനം). വ്യാപകമായ പ്രചരണം നൽകി മൽസരാധിഷ്ഠിത ടെണ്ടറിലൂടെ പദ്ധതി നടപ്പാക്കുകയാണെങ്കിൽ സാമ്പത്തികമായി ലാഭകരമാവുമോ എന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും നടന്നതായി കാണുന്നില്ല.

(2) ഒഴിവാക്കിയ പഴയ ലൈറ്റുകൾ സംബന്ധിച്ച് കണക്കുകളില്ല

പദ്ധതിയുടെ ഭാഗമായി പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റിയ പഴയ സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തിട്ടില്ല. അവ മുനിസിപ്പാലിറ്റി കമ്മ്യൂണിറ്റി ഹാളിന് പിൻവശത്തുള്ള മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇപ്രകാരം കൂട്ടിയിട്ടിരിക്കുന്നവയിൽ പ്രവർത്തനക്ഷമവും, വാറണ്ടി കാലാവധി കഴിയാത്തവയുമായ ലൈറ്റുകൾ ഉണ്ടോ എന്ന് ഒരു പരിശോധനയും നടത്തിയിട്ടില്ല. 2017-18 വർഷം നടപ്പാക്കിയ 358/18 നമ്പർ പ്രൊജക്റ്റ് പ്രകാരം 489179/- രൂപ ചെലവഴിച്ച് 24 വാട്ടിന്റെ 263 എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചിരുന്നു. കൂടാതെ 480/15-16, 17/16-17 എന്നീ പ്രൊജക്ടുകൾ പ്രകാരം 883786/- രൂപ ചെലവഴിച്ച് 590 സി.എഫ്.എൽ തെരുവ് വിളക്കുകളും വാങ്ങി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. വാറണ്ടി കാലാവധി കഴിഞ്ഞിട്ടില്ലാത്ത പ്രസ്തുത തെരുവവിളക്കുകളും പുതിയ പ്രൊജക്റ്റ് പ്രകാരം മാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പ്രവർത്തനക്ഷമവും, ഉപയോഗ യോഗ്യവുമായിരുന്നവ ഉണ്ടായിരുന്നെങ്കിൽ പോലും കഴിഞ്ഞ മൂന്ന് വർഷമായി അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നത് മൂലം അവ കേടുവന്നു പോയിരിക്കാനാണ് സാധ്യത.

അഴിച്ചു മാറ്റിയ തെരുവുവിളക്കുകൾ കൂട്ടിയിട്ടിരിക്കുന്ന മുറി വാതിലുകൾ തകർന്ന് സുരക്ഷിതമല്ലാത്ത അവസ്ഥയിലാണ് ഉള്ളത്. കൂടാതെ തെരുവുവിളക്കുകൾ കൂട്ടിയിട്ടിരിക്കുന്നതിന് സമീപം ഹരിതകർമ്മസേന ശേഖരിച്ച അജൈവ മാലിന്യങ്ങളും കൂട്ടിയിട്ടിട്ടുണ്ട്. പുറത്ത് നിന്ന് ഇവിടേക്ക് നിഷ്പ്രയാസം കടന്നു ചെല്ലാമെന്നിരിക്കേ പഴയ തെരുവുവിളക്കുകൾ ഇവിടെ നിന്ന്

നഷ്ടപ്പെട്ടിട്ടുണ്ടാവാനുള്ള സാധ്യത കൂടുതലാണ്. മൂന്ന വർഷം കഴിഞ്ഞിട്ടും പഴയ തെരുവുവിളക്കുകളിൽ ഉപയോഗയോഗ്യമായവ ഉണ്ടോ എന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ ആയത് പുനരുപയോഗിക്കുന്നതിനുള്ള സാധ്യത തേടുന്നതിനും, ഉപയോഗയോഗ്യമല്ലാത്തവ ലേലം ചെയ്ത് കൈയ്യൊഴിയുന്നതിനും നടപടികൾ സ്വീകരിക്കാത്തത് മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുള്ള വലിയ വീഴ്ചയാണ്.

(3) ഗുണനിലവാരം സംബന്ധിച്ച് തുടർ പരിശോധന നടത്തിയില്ല .

കെ.എസ്.ഐ.ഇ ക്ക് വർക്ക് ഓർഡർ നൽകുന്നതിന് മുന്നോടിയായി അവർ ലഭ്യമാക്കിയ സാമ്പിൾ ലൈറ്റുകൾ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുണ്ട് ( എൻ.ഐ.ടി ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നുള്ള 28.12.2018 ലെ EED/SA/LED STREET LIGHT FITTINGS/ 283A നമ്പർ ടെസ്റ്റ് റിപ്പോർട്ട്). എന്നാൽ സാങ്കേതിക പരിശോധനയ്ക്ക് ലഭ്യമാക്കിയ തരം തെരുവുവിളക്കുകൾ തന്നെയാണോ പ്രവത്തിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ളത് എന്ന് മുനിസിപ്പാലിറ്റി പിന്നീട് യാതൊരു വിധത്തിലും ഉറപ്പു വരുത്തിയിട്ടില്ല. പുതുതായി സ്ഥാപിച്ച് തെരുവു വിളക്കുകൾ കത്താത്തത് സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നതായി ബന്ധപ്പെട്ട ഫയലിലും പരാതി രജിസ്റ്ററിലും ഉണ്ട്. കെ.എസ്.ഐ.ഇ റിപ്പയർ ചെയ്ത വിളക്കുകൾ വീണ്ടും കേടായതിനെ കുറിച്ചും കൗൺസിലർമാരുടെ സാക്ഷ്യപത്രമുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 (3)ൽ ഇക്കാര്യം വിശദമായി പരാമർശിച്ചിട്ടുള്ളതാണ്. സ്ഥാപിക്കുന്ന തെരുവുവിളക്കുകൾ കേടുവരുന്നതായി വ്യാപകമായി പരാതി ഉയർന്ന സാഹചര്യത്തിലെങ്കിലും അവയുടെ ഗുണനിലവാരം സംബന്ധിച്ച് തുടർ പരിശോധന നടത്തേണ്ടതായിരുന്നു. ഇക്കാര്യം ചെയ്യാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

(4) സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിച്ചില്ല

പുതുതായി സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ വാറണ്ടി 31.03.2022 ന് അവസാനിപ്പിച്ച സാഹചര്യത്തിൽ ഓൺസൈറ്റ് വാറണ്ടി കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കെ.എസ്.ഐ.ഇ തയ്യാറാവുകയും, 17.03.2022ലെ 3/4നമ്പർ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച് മുനിസിപ്പാലിറ്റി അവരുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകൾ വ്യാപകമായി കേടുവരുന്നത് തുടരുകയും (560ൽ അധികം തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായി കിടക്കുന്നതായി 13.04.2022ലെ ജി.4-10921/2018 നമ്പർ കത്തിൽ നഗരസഭ കെ.എസ്.ഐ.ഇ യെ അറിയിച്ചിട്ടുണ്ട്), അതു സംബന്ധിച്ച പരാതികൾ സ്ഥാപനത്തെ അറിയിച്ചിട്ടും പരിഹാരമുണ്ടാവാതിരിക്കുകയും ചെയ്തതിനെ തുടർന്ന് ഭരണസമിതിയുടെ 15.07.2022ലെ 1൦ നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡുമായുള്ള മെയിന്റനൻസ് കരാർ റദ്ദ് ചെയ്യുകയും, സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യം സർക്കാരിനെയോ സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിനേയോ അറിയിച്ചിട്ടുള്ളതായി കാണുന്നില്ല.

കരാർലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ച് അവരിൽ നിന്ന് സേവനം ലഭിക്കുന്നെന്ന് ഉറപ്പു വരുത്തേണ്ടിയിരുന്നതിന് പകരം മുനിസിപ്പാലിറ്റി തന്നെ കരാറിൽ നിന്ന് ഏകപക്ഷിയമായി പിൻമാറിയത് യഥാർത്ഥത്തിൽ കെ.എസ്.ഐ.ഇക്ക് സഹായകരമാവുകയാണ് ചെയ്തിട്ടുള്ളത്. ഇതിനെ തുടർന്ന് 2022-23 വാർഷിക പദ്ധതിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി പുതിയ പ്രൊജക്റ്റ് വയ്ക്കുകയും (നം. 228/22-23) ആയതിനായി ഡെക്കാൻ അസോസിയേറ്റ്സ് , കണ്ണൂർ എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ മുഖേന തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട് (16.12.2022ലെ 6/1നമ്പർ ഭരണസമിതി തീരുമാനം). 24വാട്ട് എൽ.ഇ.ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് 420/- രൂപയും 75 വാട്ട് എൽ.ഇ.ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് 590/- രൂപയുമാണ് അവർക്ക് അനുവദിച്ചിരിക്കുന്ന നിരക്ക്. കെ.എസ്.ഐ.ഇ സ്ഥാപിച്ച 4,390 ലൈറ്റുകൾക്ക് (24വാട്ടിന്റെ 4200 ലൈറ്റ് + 75വാട്ടിന്റെ 190 ലൈറ്റ്) ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരുന്നിരിക്കെ അവ കൂടി പുതിയ സേവനദാതാക്കൾക്ക് തുക നൽകി റിപ്പയർ ചെയ്യേണ്ടി വരുന്നത് മുനിസിപ്പാലിറ്റിക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്.

(5) വൈദ്യുതി ചാർജ്ജിൽ ക്രമാനുഗത വർദ്ധന

ഊർജ്ജ സംരക്ഷണത്തിനുതകുന്ന എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുക വഴി സ്ട്രീറ്റ് ലൈറ്റുകൾക്കായി വർഷാവർഷം അടവാക്കി വരുന്ന വൈദ്യുതി ചാർജ്ജിൽ കുറവ് വരുത്തുക എന്നതായിരുന്നു പ്രൊജക്റ്റിന്റെ പ്രധാന ലക്ഷ്യം. എന്നാൽ അതിനു പകരം ഓരോ വർഷവും വൈദ്യുതി ചാർജ്ജിൽ വലിയ വർദ്ധനവ് ഉണ്ടായി വരുന്നതായാണ് കാണുന്നത്. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. പദ്ധതി നടപ്പാക്കുന്നതിന് മുൻപ് 2017-18ൽ മുനിസിപ്പാലിറ്റിക്ക് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന തുകയും, പദ്ധതി നടപ്പിലാക്കിയതിന് ശേഷം തുടർ വർഷങ്ങളിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം (വാർഷിക കണക്കുകളിലെ ആർ.പി-12 ഷെഡ്യൂൾ പ്രകാരമുള്ളത്) താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വൈദ്യുതി ചാർജ്ജ് |
|---|---|
| 2017-18 | 12,09,563 |
| 2018-19 | 17,91,169 |
| 2019-20 | 22,57,635 |
| 2020-21 | 23,41,611 |
| 2021-22 | 26,93,087 |

കെ.എസ്.ഇ.ബിയുമായി ചേർന്ന് മുനിസിപ്പാലിറ്റിയിലെ മുഴുവൻ തെരുവു വിളക്കുകളുടെയും സംയുക്തപരിശോധന നടത്തി അതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് മൂലമാണ് ഇങ്ങിനെ സംഭവിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2021-22 തീയതി 29.03.2023) മറപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 35,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കെ.എസ്.ഇ.ബിയുമായി ചേർന്ന് മുനിസിപ്പാലിറ്റിയിലെ മുഴുവൻ തെരുവു വിളക്കുകളുടെയും സംയുക്തപരിശോധന നടത്തി അതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥിതി ചെയ്യുന്ന സ്ഥലം (പോസ്റ്റ് നമ്പർ അടക്കം), വാറണ്ടി കാലാവധി തുടങ്ങിയ വിവരങ്ങൾ അടങ്ങിയ തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ അഴിച്ചു മാറ്റിയ പഴയ തെരുവുവിളക്കുകളിൽ ഉപയോഗയോഗ്യമായവ ഉണ്ടോ എന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ ആയത് പുനരുപയോഗിക്കുന്നതിനും ഉപയോഗയോഗ്യമല്ലാത്തവ ലേലം ചെയ്ത് കൈയ്യൊഴിയുന്നതിനും വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-42 ഇ.എം.എസ് ഭവന പദ്ധതി - പലിശ ഇനത്തിൽ വൻതുക ഒടുക്കി.

ജി.ഒ.(ആർ.ടി) നമ്പർ 533/2010 എൽ.എസ്.ജി.ഡി തീയതി.18.02.2010 പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് വേണ്ടി 18663000/- രൂപ കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്തു. സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 10% പലിശയ്ക്ക് ആണ് ഈ ലോൺ അനുവദിച്ചത്.

09.07.2010 ന് ബാങ്കും, അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇന്ന് കൊടുവള്ളി നഗരസഭയാണ്) യുമായി ചമച്ച കരാർ നമ്പർ 1/2010-11 പ്രകാരം വായ്പ തുകയുടെ മുതൽ വിഹിതം 2011-12 മുതൽ സ്ഥാപനത്തിൽ ലഭിയ്ക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും കുറക്കുമെന്നും, പലിശ മൂന്ന് മാസത്തിലൊരിക്കൽ എന്ന രീതിയിൽ സർക്കാർ, ബാങ്കിന് അനുവദിക്കുന്നതുമാണ്. ലോൺ തിരിച്ചടവ് കാലയളവ് 10 വർഷക്കാലമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലോൺ കൈമാറാൻ കെ.ഡി.വി.13001004000001 എന്ന നമ്പറിൽ ഒരു അക്കൗണ്ട് 29.07.2010 ൽ ആരംഭിക്കുകയും 11,60,000/- രൂപ അന്ന് തന്നെ ലോൺ ആദ്യ ഗഡുവായി കൈമാറി. 10 വർഷക്കാലം പൂർത്തിയാകുന്ന 29.07.2020 ലെ ലോൺ കാലയളവ് അവസാനിക്കുകയാണ്.

ഫയൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 29.07.2010 മുതൽ അവസാന ഗഡു വന്ന 18.08.2015 വരെ 28 ഗഡുക്കളായി ആകെ 17586000/- രൂപ മേൽ ലോൺ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. 17 ഗഡുക്കളായി 28.05.2011 മുതൽ 03.03.2022 വരെയുള്ള കാലയളവിൽ പ്രസ്തുത ലോൺ തുക തിരിച്ച് അടച്ചിട്ടുണ്ട്. ഈ തുകകൾ (17 ഗഡുക്കൾ) നഗരസഭയുടെ പദ്ധതി തുക അനുവദിക്കുമ്പോൾ ഉത്ഭവത്തിൽ തന്നെ സർക്കാർ പിടിച്ചെടുത്ത് ബാങ്കിന് അടക്കുകയാണ്. 31.03.2011 മുതൽ 03.03.2022 വരെയുള്ള കാലയളവിൽ 6 ഗഡുക്കളായി 8242091/- രൂപ സർക്കാർ പലിശ ഇനത്തിൽ ബാങ്കിന് അടച്ചിട്ടുണ്ട്. എന്നാൽ 29.07.2010 മുതൽ 03.03.2022 വരെയുള്ള കാലയളവിൽ 28 ഗഡുക്കൾ വരവ് വന്നതും, 17 ഗഡുക്കൾ മുതൽ ഭാഗം തിരിച്ചടച്ചതും തമ്മിലുള്ള കാലയളവിലെ പലിശ കണക്കാക്കിയാൽ 8038883/- രൂപ മാത്രമേ തിരിച്ചടക്കേണ്ടതുള്ളൂ. 203208/- രൂപ അധികം അടച്ചത് ബാങ്കിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. (വിശദമായ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു)
2. ലോണിന്റെ ആദ്യ ഗഡു 29.07.2010 നാണ് ലഭ്യമായത്. ഇത് കണക്കിലെടുത്താൽ ലോൺ അടച്ച് തീർപ്പാക്കേണ്ടത് 10 വർഷം കഴിഞ്ഞ് 29.07.2020 നാണ്. ആ തീയതിയിൽ 29,87,764/- രൂപ ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് കൃത്യമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് 29.07.2020 ന് ശേഷമുള്ള നഗരസഭ സെക്രട്ടറിമാർ പരാജയപ്പെട്ടിട്ടുണ്ട്. ഈ കാരണത്താൽ തന്നെ സർക്കാരിന് പലിശ ഇനത്തിൽ താഴെ കൊടുത്ത തുക നഷ്ടപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| 29.07.2020 ന് തിരിച്ചടയ്ക്കാൻ അപേക്ഷിക്കുന്ന തുക | 2987764 |
| ലോൺ തിരിച്ചടച്ച ദിവസം | 03.03.2022 |
| 29.07.2020 മുതൽ 03.03.2022 വരെ പലിശ | 2987764x582x10/365x100 |
| | 476405 |

യഥാസമയം ലോൺ തിരിച്ചടയ്ക്കാൻ നഗരസഭ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിൽ 476405/- രൂപ പലിശ ഇനത്തിൽ സർക്കാർ അധികം ഒടുക്കേണ്ടതില്ലായിരുന്നു. തുക 29.07.2020 മുതൽ 03.03.2022 വരെ നഗരസഭയിൽ ഉണ്ടായിരുന്ന സെക്രട്ടിമാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-43 റിംഗ് കംമ്പോസ്റ്റ് വിതരണം ചെയ്തത്- നിർവ്വഹണത്തിൽ അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് – 277/22 റിംഗ് കമ്പോസ്റ്റ്

പ്രൊജക്ട് അടങ്കൽ- 90ലക്ഷം രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-3753000/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 3150000/-

സംസ്ഥാനാവിഷ്കൃത ഫണ്ട്-2097000/-)

പദ്ധതി ചെലവ് - 7393624/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-3362688/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 2586000/-സ്വച്ച് ഭാരത് മിഷൻ

സംസ്ഥാനാവിഷ്കൃത ഫണ്ട്-1444936/-(ശുചിത്വ മിഷൻ)

നഗരസഭയിലെ 3600വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ളതായിരുന്ന പ്രൊജക്ട്.യൂണിറ്റ് കോസ്റ്റ് 2500/-രൂപയാണെങ്കിലും ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുക്കപ്പെട്ട മയൂബ വേസ്റ്റ് മാനേജ്മെന്റ്, ചെറുവത്തൂർ എന്ന സ്ഥാപനം 2240/-രൂപയക്ക് (ആകെ അടങ്കൽ 8064000/-രൂപ) യൂണിറ്റ് സ്ഥാപിക്കാൻ തയ്യാറായി.ഓഡിറ്റ് വർഷത്തിലും തുടർ വർഷത്തിലുമായി ആകെ 3600/-റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുകയും ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച 7393624/-രൂപ കഴിച്ചുള്ള തുക (670376/-രൂപ) തുടർ വർഷത്തിൽ പ്രൊജക്ട് സ്പിൽ ഓവറാക്കി നല്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

എ) പ്രൊജക്ടിന്റെ ആവശ്യകത , ആകെ യൂണിറ്റുകൾ കണക്കാക്കിയതിന്റെ മാനദണ്ഡം എന്നിവ വ്യക്തമാക്കുന്ന ഒരു വിവരവും പ്രൊജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേഖലയിലെ സ്റ്റാറ്റസ് സംബന്ധിച്ച വിവരമൊന്നും ഇല്ലെന്ന്, ഈ രേഖ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിൽ നിന്നും വ്യക്തമാകുന്നു. നഗരസഭയിലെ ആകെ വീടുകൾ എത്ര, അവയിൽ നിലവിൽ ഉറവിടമാലിന്യ സംവിധാനമുള്ളവയെത്ര, പ്രൊജക്ടിൽ നല്കിയ മുൻഗണന പ്രകാരമുള്ള (5സെന്റിൽ കുറവ് ഭൂമിയുള്ളവർ,വനിത,അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള വീട്) വീടുകൾ എത്ര, പ്രൊജക്ട് നിർവ്വഹണത്തിനുശേഷം അവശേഷിക്കുന്ന വീടുകളിൽ എപ്രകാരം ഇവ സ്ഥാപിക്കും തുടങ്ങിയ കാര്യങ്ങളിലൊന്നും യാതൊരു വിശദാംശവും പ്രൊജക്ട് നല്കുന്നില്ല. അവശ്യവിവരങ്ങളില്ലാതെ പ്രൊജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനും വിവരങ്ങളില്ലാത്ത പ്രൊജക്ടിന് സാങ്കേതികാനുമതി നല്കിയ ഉദ്യോഗസ്ഥനും(ലഭ്യമാക്കിയ പ്രൊജക്ടിൽ വെറ്റിംഗ് ഓഫീസറുടെ വിശദാംശങ്ങളില്ല) ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

ബി) ഇരുവർഷങ്ങളിലായി ആകെ 3600 യൂണിറ്റുകൾ (ഒരു യൂണിറ്റിൽ 2 റിംഗുകൾ ഉൾപ്പെടുന്നു) വിതരണം ചെയ്തതിന് ആകെ 8064000/-രൂപ അനുവദിച്ചിട്ടുണ്ട്(2240x3600).എന്നാൽ ഈ എണ്ണവും വിതരണം ചെയ്തവയുടെ എണ്ണവും, ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണവും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാങ്ങിയ റിംഗ് കമ്പോസ്റ്റുകൾ | 3600 |
| 24.08.2021 ലെ ഭരണസമിതി തീരുമാനം 12/2പ്രകാരം അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 3215 |
| അക്വിറ്റൻസ് പ്രകാരം ആകെ വിതരണ ചെയ്ത റിംഗ് കമ്പോസ്റ്റുകൾ(3358-18=3340(അക്വിറ്റൻസിൽ 15എണ്ണം ഒപ്പിടാത്തതും3എണ്ണം ഗുണഭോക്താവിനെ സ്ട്രൈക്ക് ചെയ്തതും | 3340 |

3215 ഗുണഭോക്താക്കളെ മാത്രമാണ് അംഗീകരിച്ചതെന്നിരിക്കെ ഇപ്രകാരം വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്. കൂടാതെ വാങ്ങിയവ മുഴുവൻ വിതരണം ചെയ്യാത്തത് വിശദമാക്കേണ്ടതുമാണ്.

സി) 2240/-രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന റിംഗ് കംമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സബ്സിഡി അനുവദിച്ച് നൽകുകയാണ് പ്രൊജക്ട് പ്രകാരം ചെയ്തിരിക്കുന്നത്.സബ്സിഡിയും

അനുബന്ധവിഷയങ്ങളും പ്രതിപാദിക്കുന്ന14.2.2018ലെ കൈ.22/18/എൽ എസ് ജി ഡി സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.8പ്രകാരം റിംഗ് കമ്പോസ്റ്റിന് ജനറൽ വിഭാഗത്തിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 50ശതമാനം മാത്രമാണ്.തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 25മുതൽ 50ശതമാനം വരേയും ശുചിത്വമിഷൻ വിഹിതം പരമാവധി 25ശതമാനവും ഗുണഭോക്തൃ വിഹിതം 50 ശതമാനവുമാണ് വിനിയോഗിക്കാവുന്നതെന്ന് ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിബന്ധനകൾക്ക് വിരുദ്ധമായി 3696812/-രൂപ (7393624/2) അധികം വിനിയോഗിച്ചതിന് കാരണം വിശദമാക്കേണ്ടതാണ്.2022-23വർഷത്തിൽ ചെലവഴിച്ച 335188/- (335188/2)രൂപയും അധികച്ചെലാവാണെന്ന് കാണാം.

ഡി) 12ശതമാനം ജി എസ് ടി ഉൾപ്പെടുന്ന വിലയാണ് യൂണിറ്റ് കോസ്റ്റായ2240/-രൂപ. 2.5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി എസ് ടി സ്രോതസ്സിൽ നിന്നും പിടിക്കണമെന്നിരിക്കെ യാതൊരു തുകയും നികുതിയിനത്തിൽ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നല്കുകയായിരുന്നു പ്രൊജക്ട് പ്രകാരം ചെയ്തത്. ഇത് മൂലം പ്രൊജക്ട് ചെലവായ 8064000/-രൂപയുടെ 2%ആയ 161280/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. (ഓഡിറ്റ് വർഷം 147872/-രൂപയും 2022-23വർഷത്തിൽ 13408/-രൂപയും.) ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും 161280/-രൂപ ഉടനടി കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

ഇ) വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടില്ല. 27.03.23ന് നടത്തിയ സ്ഥല പരിശോധനയിൽ റിംഗ് കമ്പോസ്റ്റ് ലഭിച്ച 29ആം വാർഡിലെ ശ്രീ ഷജീറിന്റെ കാര്യത്തിൽ ലഭിച്ച റിംഗ് പൊട്ടിത്തുങ്ങിയ നിലയിൽ കണ്ടതാകുന്നു.കൂടാതെ ഇത് നിലവിൽ ചകിരി ചിരട്ട എന്നിവ സൂക്ഷിച്ച് വയ്ക്കുന്നതിന് ഉപയോഗപ്പെടുത്തിയിരിക്കുകയാണ്. ഇത് ഫെറോസിമന്റിൽ നിർമ്മിച്ചതല്ലെന്നും ശുചിത്വമിഷൻ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഇല്ലെന്നും (പ്രത്യേകിച്ച് കനത്തിന്റെ കാര്യത്തിൽ) കാണുന്നു.വിതരണം ചെയ്യാൻ പോകുന്ന റിംഗിന്റെ സാംമ്പിൾ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് മുമ്പിൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ഫയലിൽ കുറിപ്പെഴുതിയിരുന്നെങ്കിലും തുർന്ന് ഇക്കാര്യം നടന്നോയെന്ന് വ്യക്തമാകുന്നില്ല. കൂടാതെ സാംമ്പിൾ പരിശോധിച്ചെങ്കിൽ തന്നെ തുടർന്ന് വിതരണം ചെയ്തവയ്ക്ക് അതേ ഗുണനിലവാരമുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ, നിരീക്ഷണകമ്മിറ്റിയോ ഉറപ്പുവരുത്തിയിട്ടില്ല. റിംഗ് കമ്പോസ്റ്റിന്റെ ഗുണനിലവാരത്തെ കുറിച്ച് പരാതി ഉയർന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ വിതരണം ചെയ്ത റിംഗുകളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷൻ ശുചിത്വ മിഷൻ നിഷ്കർഷിച്ചതു തന്നെയാണോ എന്ന കാര്യത്തിലും ഒരു സാങ്കേതിക സമിതിയെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതുണ്ട്.

എഫ്) പ്രൊജക്ട് നിർവ്വഹണം ആരും തന്നെ മോണിറ്റർ ചെയ്തിട്ടില്ല.വിതരണവും തുടർന്നുള്ള ഉപയോഗവും നിരീക്ഷിക്കപ്പെടാത്തതിനാൽ തന്നെ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന കാര്യത്തിൽ വ്യക്തതയില്ല

ജി) പ്രൊജക്ടിന്റെ നോട്ട് ഫയലിൽ (ഫയൽ നം H2/5313/21) ,24/12/21തീയതിവച്ചും 24.1.22തീയതി വച്ചും 25/3/22 തീയതി വച്ചും സെക്ഷൻ ഏതെന്ന് വ്യക്തമാക്കാതെ കുറിപ്പുകൾ രേഖപ്പെടുത്തിക്കാണുന്നു. 28.3.23ന് പ്രൊജക്ട് നിർവ്വഹിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശശി നടുവിലക്കണ്ടി എന്നവരെ നേരിൽ കേട്ടതിൽ മേൽകുറിപ്പുകൾ അയ്യങ്കാളി തോഴിലുറപ്പ് പദ്ധതി ജീവനക്കാരിൽ ഒരാളുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംവിധാനത്തിന് പുറത്തുള്ള ഒരാൾ ഫയൽ കൈകാര്യം ചെയ്തതിൽ വിശദീകരണം നല്കേണ്ടതുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ ക്രമ നമ്പർ ബി യിൽ സൂചിപ്പിച്ച, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 385 പോർക്ക് നല്കിയ യൂണിറ്റുകളുടെ വില 862400/-രൂപ (385x2240) ഓഡിറ്റിൽ നിരാകരിക്കുന്നു. ക്രമ നമ്പർ ഡി യിൽ പരാമർശിച്ച നികുതി കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. കൂടാതെ ക്രമ നം ഇയിൽ സൂചിപ്പിച്ച പരിശോധന നടത്തി വിവരം

അറിയിക്കേണ്ടതുമാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം നല്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച തുക കഴിച്ച് 6531224/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-44 ബയോഗ്യാസ് പ്ലാന്റ് - നിർവ്വഹണത്തിൽ അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് -292/22 ബയോഗ്യാസ് പ്ലാന്റ്

പ്രൊജക്ട് അടങ്കൽ- 36ലക്ഷം രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-1501200/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 1260000/-

സംസ്ഥാനാവിഷ്കൃത ഫണ്ട്-838800/-)

പദ്ധതി ചെലവ് - 1259180/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-758940/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 320923/-സ്വച്ച് ഭാരത് മിഷൻ

സംസ്ഥാനാവിഷ്കൃത ഫണ്ട്-179317/-ശുചിത്വ മിഷൻ)

300പേർക്ക് 12000/-രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. എമറാൾഡ് എന്റർപ്രൈസസ് എറണാകുളം എന്ന സ്ഥാപനം ടെണ്ടറിൽ യൂണിറ്റിന് 10400/-രൂപ നിരക്കിൽ ക്വോട്ട് ചെയ്ത് പ്ലാന്റുകൾ വിതരണം ചെയ്യുകയായിരുന്നു. ഓഡിറ്റ് വർഷവും 2022-23ലുമായി ആകെ 235 പ്ലാന്റുകൾ സ്ഥാപിച്ച് പ്രൊജക്ട് പൂർത്തീകരിക്കുകയാണുണ്ടായത്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) ഗാർഹിക ഉറവിട മാലിന്യ സംസ്കരണത്തിന് 277/22 നമ്പർ പ്രൊജക്ട് പ്രകാരം 2240/-രൂപ നിരക്കിൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യാൻ പ്രൊജക്ട് രൂപീകരിച്ചിരിക്കെ ഇതേ ആവശ്യത്തിന് ഇതിന്റെ മൂന്നരയിരട്ടി വില വന്ന ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യാൻ പ്രൊജക്ട് തയ്യാറാക്കിയതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.റിംഗ് കമ്പോസ്റ്റിന്റെ കാര്യത്തിൽ എന്ന പോലെ പ്രൊജക്ടിന്റെ ആവശ്യകത , ആകെ യൂണിറ്റുകൾ കണക്കാക്കിയതിന്റെ മാനദണ്ഡം എന്നിവ വ്യക്തമാക്കുന്ന ഒരു വിവരവും പ്രൊജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.രണ്ട് പ്രൊജക്ടുകളുടേയും മുൻഗണനാ മാനദണ്ഡങ്ങൾ ഒന്നു തന്നെയായിരിക്കെ വിലകൂടിയ ഇനം നല്കാൻ 300ഗുണഭോക്താക്കളെ എപ്രകാരം തെരെഞ്ഞെടുത്തുവെന്നും, അവർക്ക് ഇത് നല്കേണ്ടതിന്റെ ആവശ്യകതയെന്തെന്നും പ്രൊജക്ടിൽ നിന്നും വ്യക്തമല്ല. പ്ലാന്റിനായി ചെലവഴിച്ച തുക കൂടി റിംഗ് കമ്പോസ്റ്റിനായി വിനിയോഗിച്ചിരുന്നെങ്കിൽ വലിയൊരു ശതമാനം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാമായിരുന്നു. കുറച്ചു ഗുണഭോക്താക്കൾക്കു മാത്രം കൂടിയ വില വരുന്ന പ്ലാന്റുകൾ നല്കിയതും മറ്റ് അപാകതകൾക്കും വിശദീകരണം നല്കേണ്ടതാണ്.

ബി)പ്ലാന്റ് സ്ഥാപിച്ചതിന് 1259180/-രൂപ ഓഡിറ്റ് വർഷം കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ 2% ജി എസ് ടി,1% ആദായ നികുതി,1% വെൽഫെയർ ഫണ്ട് എന്നിവ ഈടാക്കാതെയാണ് തുക നല്കിയിരിക്കുന്നത്. കൂടാതെ 2022-23ൽ ചെലഴിച്ച തുകയുടെ കാര്യത്തിലും നികുതികളൊന്നും ഈടാക്കിയിട്ടില്ല

സി) പ്രൊജക്ട് നിർവ്വഹണം ആരും തന്നെ മോണിറ്റർ ചെയ്തിട്ടില്ല. വിതരണവും തുടർന്നുള്ള ഉപയോഗവും നിരീക്ഷിക്കപ്പെടാത്തതിനാൽ തന്നെ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന കാര്യത്തിൽ വ്യക്തതയില്ല

ഡി). 10400/-രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ബയോഗ്യാസ് പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സബ്സിഡി അനുവദിച്ച് നൽകുകയാണ് പ്രൊജക്ട് പ്രകാരം ചെയ്തിരിക്കുന്നത്. സബ്സിഡിയും അനുബന്ധവിഷയങ്ങളും പ്രതിപാദിക്കുന് ന14.2.2018ലെ കൈ.22/18/എൽ എസ് ജി ഡി സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.8 പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾക്ക് ജനറൽ വിഭാഗത്തിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 50 ശതമാനം മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 25

മുതൽ 50 ശതമാനം വരേയും ശുചിത്വമിഷൻ വിഹിതം പരമാവധി 25ശതമാനവും ഗുണഭോക്തൃ വിഹിതം 50 ശതമാനവുമാണ് വിനിയോഗിക്കാവുന്നതെന്ന് ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.നിബന്ധനകൾക്ക് വിരുദ്ധമായി 629180/-രൂപ (1259180/2) അധികം വിനിയോഗിച്ചതിന് കാരണം വിശദമാക്കേണ്ടതാണ്. 2022-23വർഷത്തിൽ ചെലവഴിച്ച 592410/-(1184820/2) രൂപയും അധികച്ചെലാവാണെന്ന് കാണാം.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ക്രമ സി യിൽ പരാമർശിച്ച നികുതികൾ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 1259180/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-45 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - നിർവ്വഹണത്തിൽ അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് -279/22

പ്രൊജക്ട് അടങ്കൽ- 20ലക്ഷം രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

പദ്ധതി ചെലവ് - 1214235/-രൂപ

പുനചംക്രമണ യോഗ്യമായ മാലിന്യം വില്ക്കുന്നതിനും പുനചംക്രമണ യോഗ്യമല്ലാത്തവ തുക നല്കി കൈയ്യൊഴിയുന്നതിനുമുള്ളതാണ് പ്രൊജക്ട് . ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുക്കപ്പെട്ട ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ പ്രൊവൈഡേഴ്സ് എന്ന സ്ഥാപനവുമായി കരാർ വച്ചാണ് പ്രൊജക്ട് നിർവ്വഹിച്ചത്.മാലിന്യം കൈയ്യൊഴിയുന്നതിന് 1214235/-രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ നിർവ്വഹണത്തിൽ സംഭവിച്ചിട്ടുണ്ട്.

എ) റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയുന്നതിന് മേൽ പറഞ്ഞ പ്രകാരം നഗരസഭയ്ക്ക് തുക വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്റ്റഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ,അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ , വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, ഹരിതകർമ്മസേനയ്ക്ക് യൂണിഫോം ഉൾപ്പടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുക, MCF, MRF ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഒരുക്കി ആവശ്യമായ മെഷീനുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങൾക്ക് മാത്രമാണ് നഗരസഭയ്ക്ക് ചെലവ് വരേണ്ടത്.കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ ചെലവിന് കാരണമായതെന്ന് കാണാം. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ , പരിമിതമായ ഫീസ് ഈടാക്കിയാണ് റിജക്റ്റഡ് വേസ്റ്റ് ഉൾപ്പടെയുള്ള മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് മേൽ ചെലവിൽ നിന്നും വ്യക്തമാകുന്നു. ഹരിതകർമ്മ സേന വീടുകൾ സന്ദർശിക്കുന്നതിനും വേർതിരിച്ച് സൂക്ഷിച്ച പുനചംക്രമണയോഗ്യമായ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുമാണ് പ്രതിമാസ വരിസംഖ്യ ഈടാക്കുന്നത്. റിജക്റ്റഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അധികമായി വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇത് ഹരിതകർമ്മസേനയുടേയും നഗരസഭയുടേയും ബാധ്യതയായി തുടരുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.അനാവശ്യചെലവ് നഗരസഭാ ഫണ്ടിനുണ്ടാക്കിയത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

ബി) ഹരിതകർമ്മ സേനാംഗങ്ങൾ എത്രത്തോളം മാലിന്യം ശേഖരിച്ചുവെന്ന് പരിശോധിക്കാതെയാണ് ഇവ കയറ്റി അയച്ചത്. ഗ്രീൻ വേംസ് ഭാരം തൂക്കിയതിന്റെ രേഖ സഹിതം നല്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ വിവിധ ബില്ലുകളിലായി തുക അനുവദിക്കുകയായിരുന്നു.9.11.21 തീയതിയിൽ ഈ സ്ഥാപനവുമായി വച്ച കരാറിൽ ക്രമ നമ്പർ 6 പ്രകാരം മാലിന്യം കയറ്റുന്നതിനു മുമ്പും കയറ്റിയതിന് ശേഷവും നഗരസഭ നിയോഗിക്കുന്നന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഭാര പരിശോധന നടത്തുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 31.1.22 വരെ കയറ്റി അയച്ച മാലിന്യത്തിന്റെ കാര്യത്തിൽ ഇത് ചെയ്തിട്ടില്ല.കൂടാതെ ചില ദിവസങ്ങളിൽ അർദ്ധരാത്രി ഭാരം എടുത്തതായും കാണുന്നു. യഥാർത്ഥത്തിൽ കയറ്റി അയച്ച മാലിന്യത്തിന്റേയും തൂക്കിയതായി കാണിച്ച ഭാരത്തിന്റേയും പൊരുത്തം ഇതു മൂലം ഉറപ്പുവരുത്തപ്പെട്ടിട്ടില്ല.

സി)പ്രൊജക്ട് ഫയലിലെ കുറിപ്പിൽ 2.5 ടൺ തരം തിരിച്ച മാലിന്യങ്ങളും 200 ടൺ റിജക്ടഡ് മാലിന്യങ്ങളും കൈയ്യൊഴിയേണ്ടതുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇതുകൊണ്ട് തന്നെ ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് പുനചംക്രമണ യോഗ്യമായ മാലിന്യം വില്ക്കുന്നതിനും പുനചംക്രമണ യോഗ്യമല്ലാത്തവ തുക നല്കി കൈയ്യൊഴിയുന്നതിനുമാണ്. എന്നാൽ പുനഃചംക്രമണ യോഗ്യമായ മാലിന്യം കൈയ്യൊഴിഞ്ഞതായോ ഇത് വഴി ലഭിച്ച തുക സംബന്ധിച്ചോ യാതൊരു വിവരവും ഫയലിൽ ലഭ്യമായിട്ടില്ല.

ഡി)ക്ലീൻ കേരള കമ്പനി 24.2.21ന് നല്കിയ പാഴ് വസ്തു ശേഖരണ രശീതി പ്രകാരം 94 ചാക്ക്, വിവിധ ഇനങ്ങളിലുള്ള പുനചംക്രമണ യോഗ്യമായ മാലിന്യം ശേഖരിച്ചതായി കാണുന്നു.എന്നാൽ ഇതുവഴി ലഭിച്ച തുക എന്ത് ചെയ്തെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ വ്യക്തതവരുത്തേണ്ടതാണ്.

ഇ) ഹരിതകർമ്മസേനയെ നേരിൽ കേട്ടതിൽ മാലിന്യം കയററിക്കൊണ്ടുപോനുള്ള കരാർ നിലവിലില്ലാത്തതിനാൽ നിലവിൽ മാലിന്യം ശേഖരിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഹരിത കേരള മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പ്രവർത്തനമില്ലാത്തതാണ് ഈ സ്ഥിതിയിൽ സ്ഥാപനത്തെ എത്തിച്ചതെന്ന് കാണാം.

എഫ്) ഈ ഫയലിന്റെ കാര്യത്തിലും സംവിധാനത്തിന് പുറത്തുള്ളയാളുടെ കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ക്രമ നം സി ഡി എന്നിവയിൽ പരാമർശിച്ച കാര്യത്തിൽ തുക എപ്രകാരം ഈടാക്കി എന്ന് വ്യക്തമാക്കേണ്ടതാണ്. മറ്റ് കാര്യങ്ങളിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1214235/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത്- അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് 285/22 പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത്

പ്രൊജക്ട് അടങ്കൽ- 499000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

പദ്ധതി ചെലവ് - 490296/-രൂപ

നഗരസഭയിൽ അജൈവ പാഴ്‌വസ്തുവായ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നത് ഉദ്ദേശിച്ചുള്ളതാണ് പ്രൊജക്ട്. എസ്റ്റിമേറ്റ് പ്രകാരം ഒരെണ്ണത്തിന് 10001/-രൂപ വില വരുന്ന ബൂത്തുകൾ ടെണ്ടർ നടപടികളിലൂടെ 7908/-രൂപനിരക്കിൽ(21%കുറവിൽ) നിർവ്വഹിക്കുന്നതിന് കമറുദ്ദീൻ ടി എം എന്നയാൾ കരാറിലേർപ്പെടുകയായിരുന്നു.നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) പ്രൊജക്ടിൽ യാതൊരുവിധ അടിസ്ഥാന വിവരങ്ങളോ , എത്ര യൂണിറ്റെന്നോ, യൂണിറ്റ് നിരക്ക് എത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രൊജക്ട് നിർവ്വഹിക്കേണ്ടതിന്റെ അനിവാര്യത

എവിടേയും വ്യക്തമാക്കപ്പെട്ടിട്ടില്ല. വിവരങ്ങളൊന്നുമില്ലാതെ പ്രൊജക്ട് തയ്യാറാക്കിയ തെങ്ങിനെയെന്നും ഇത് വെറ്റിംഗ് ഓഫീസർ എപ്രകാരം അംഗീകരിച്ചെന്നും വ്യക്തമാക്കേണ്ടതാണ്.

ബി)62 ബൂത്തുകൾ സ്ഥാപിച്ചതിന് 7908/-രൂപ നിരക്കിൽ 490296/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2% ജി എസ് ടി,1% ആദായ നികുതി,1% വെൽഫെയർ ഫണ്ട് എന്നിവ ഈടാക്കാതെയാണ് തുക നല്കിയിരിക്കുന്നത്.

സി) ബൂത്തുകൾ എവിടെയൊക്കെ സ്ഥാപിച്ചെന്ന് എവിടേയും രേഖപ്പെടുത്തിയിട്ടില്ല കൂടാതെ സ്ഥാപനത്തിന്റെ ജംഗമവസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ഇവ ഉൾപ്പെടുത്തിയിട്ടുമില്ല.കൂടാതെ ആരും തന്നെ നിർവ്വഹണം മോണിറ്റർ ചെയ്യുകയോ എവിടെയൊക്കെ സ്ഥാപിച്ചെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഡി) ഇത്തരം പ്രൊജക്ടുകൾ എഞ്ചിനീയറിംഗ് വിംഗ് നിർവ്വഹിക്കേണ്ടിയിരിക്കെ ഹെൽത്ത് ഇൻസ്പെക്ടർ ഇത് നിർവ്വഹിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ നിർമ്മിക്കപ്പെട്ട ബൂത്തുകൾ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാണോയെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.ക്രമനം ബി പ്രകാരമുള്ള നികുതി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 DSR 2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ പ്രവൃത്തി നടത്തിയപ്പോൾ 2018 നിരക്ക് അനുവദിച്ചു

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ അയ്യപ്പൻകാവ് അംഗൻവാടി (പ്രോ.നം.332/22)എന്ന പദ്ധതി DSR 2016 നിരക്കിൽ 2020-21 വർഷത്തിൽ തയ്യാറാക്കിയതാണ്. 1,00,000/-രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയിൽ അംഗൻവാടിയുടെ പെയിന്റിംഗും, നിലവും, മുറ്റവും ടൈലിംഗ്, കിച്ചൻ സിങ്ക് മുതലായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെണ്ടർ നടത്തി പ്രമോദ് എന്ന കരാറുകാരനെ 24.2.2021ന് പ്രവൃത്തി ഏൽപ്പിച്ചു. അളവു പുസ്തക പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 14.1.22നാണ്. പ്രവൃത്തി ഏറ്റെടുത്ത ശേഷം നിർവ്വഹണത്തിന് കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമല്ല. നിർവ്വഹണ സമയം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച സമയം ചില ഇനങ്ങളുടെ അളവിൽ വ്യത്യാസം വന്നതിനാലും, ചില ഇനങ്ങൾ കൂട്ടി ചേർക്കേണ്ടി വന്നതിനാലുമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതെന്ന് റിപ്പോർട്ടിൽ വിവരിക്കുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചാൽ അംഗൻവാടിയുടെ പെയിന്റിംഗിനായി ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പുതിയ നിർമ്മിതിയ്ക്കു മുകളിലെ പെയിന്റിംഗ് ഇനത്തിനു പകരം പഴയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനും, കിച്ചൻ സിങ്കിന്റെ വലുപ്പം മാറ്റം വരുത്താനുമാണ് എസ്റ്റിമേറ്റ് പുതുക്കിയതെന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രാ ഇനം ഉൾപ്പെടുത്തിയപ്പോൾ 2018 ലെ DSR ലെ നിരക്കുകളാണ് ബാധകമാക്കിയതെന്ന് കാണുന്നു. ഈയിനത്തിൽ നഗരസഭയ്ക്ക് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | 2016 DSR പ്രകാരം | 2018 DSR | അധികം |
|---|---|---|---|

| | നൽകേണ്ട നിരക്ക് | നിരക്കിൽ നൽകിയത് | നൽകിയത് |
|---|---|---|---|
| Wall Painting With Plastic Emulsion Paint ...On Old Work | 305.238 X @72.41 = 22102.28 | 305.238 X 96.32 = 29400.52 | 7298.24 |
| Kitchen Sink...470x420mm Bowl Depth 178mm | @2636.93(ഒരെണ്ണം) | @2990.13(ഒരെണ്ണം) | 353.2 |
| ആകെ | | | 7651/- |

മേൽ വിവരിച്ച പ്രകാരം എഗ്രിമെന്റ് നിരക്കിനേക്കാൾ അധികം തുക കരാറുകാരന് അനുവദിക്കാനുണ്ടായ സാഹചര്യവും, പ്രവൃത്തി ആരംഭിക്കാൻ/പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ/പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. 2018 ലെ നിരക്കിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

3-2 ടെണ്ടർ കുറവ് ബില്ലിൽ കിഴിവ് ചെയ്തില്ല

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് കരാറുകാർ ക്വാട്ട് ചെയ്തത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തുക നൽകിയപ്പോൾ ഈ കുറവ് ബില്ലിൽ നിന്നും കിഴിവ് വരുത്തിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി വിശദാംശം | കരാറുകാരൻ/നിരക്ക് | യഥാർത്ഥത്തിൽ നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | എരഞ്ഞോണ കിഴക്കെ തൊട്ടുക റോഡ്, 97/22 | നിസാർ.ടി.പി. 4.5% കുറവ് | Value Of Work Done-106765.83 4.5% Below-4804.46 =101961.37 Add 12% GST -12235.36 Total - 114197/- | Value Of Work Done-106765.83 Add 12% GST -12811.9 Total -119578/- | 5381/- |
| 2 | എരഞ്ഞോണ കളത്തിൽ റോഡ്, 424/22 | നിസാർ.ടി.പി. 0.18% കുറവ് | Value Of Work Done-177261.62 0.18% Below-319 =176942.62 Add 12% GST -21233.11 Total -198176/- | Value Of Work Done-177261.62 Add 12% GST -21271.39 Total - 198533/- | 357/- |

| | | | | | |
|---|---|---|---|---|---|
| 3 | അയ്യപ്പൻകാവ് അംഗൻവാടി, 332/22 | പ്രമോദ്.കെ.എം. 0.1% കുറവ് | Value Of Work Done-85958.73 0.1% Below-85.96 =85872.77 Add 12% GST -10304.73 Total - 96178/- | Value Of Work Done-85958.73 Add 12% GST -10315 Total -96274/- | 96/- |
| 4 | മുക്കിലങ്ങാടി അംഗൻവാടി, 32/22 | എൻ.എം.മൻസൂർ | Value Of Work Done-8941.3 (Agreed PAC) 0.1% Below-89.14 =89052.15 Add 12% GST -10686.26 Total -99739/- | Value Of Work Done-8941.3 (Agreed PAC) Add 12% GST -10696 Total -99838/- | 99/- |
| ആകെ | | | | | 5933/- |

മേൽ വിവരിച്ച പ്രവൃത്തികളുടെ ടെണ്ടർ കുറവ് കിഴിവ് വരുത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ടെണ്ടർ കുറവ് ഈടാക്കി ബന്ധപ്പെട്ട സർക്കാർ/സ്ഥാപനഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

### 3-3 റിംഗ് കംമ്പോസ്റ്റ് വിതരണം ചെയ്തത്- നിർവ്വഹണത്തിൽ അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഇൻസ്പെക്ടർ

പ്രൊജക്ട് – 277/22 റിംഗ് കമ്പോസ്റ്റ്

പ്രൊജക്ട് അടങ്കൽ- 90ലക്ഷം രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-3753000/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 3150000/-

സംസ്ഥാനാവിഷ്കൃത ഫണ്ട്-2097000/-)

പദ്ധതി ചെലവ് - 7393624/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്-3362688/-

കേന്ദ്രാവിഷ്കൃത ഫണ്ട്- 2586000/-സ്വച്ച് ഭാരത് മിഷൻ

സംസ്ഥാനാവിഷ്കൃത ഫണ്ട്-1444936/-(ശുചിത്വ മിഷൻ)

നഗരസഭയിലെ 3600വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ളതായിരുന്ന പ്രൊജക്ട്.യൂണിറ്റ് കോസ്റ്റ് 2500/-രൂപയാണെങ്കിലും ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുക്കപ്പെട്ട മയൂബ വേസ്റ്റ് മാനേജ്മെന്റ്, ചെറുവത്തൂർ എന്ന സ്ഥാപനം 2240/-രൂപയക്ക് (ആകെ അടങ്കൽ 8064000/-രൂപ) യൂണിറ്റ് സ്ഥാപിക്കാൻ തയ്യാറായി.ഓഡിറ്റ് വർഷത്തിലും തുടർ വർഷത്തിലുമായി ആകെ 3600/-റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുകയും ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ച 7393624/-രൂപ കഴിച്ചുള്ള തുക (670376/-രൂപ) തുടർ വർഷത്തിൽ പ്രൊജക്ട്

സ്സിൽ ഓവറാക്കി നല്കുകയും ചെയ്തിട്ടുണ്ട്.പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

എ) പ്രൊജക്ടിന്റെ ആവശ്യകത , ആകെ യൂണിറ്റുകൾ കണക്കാക്കിയതിന്റെ മാനദണ്ഡം എന്നിവ വ്യക്തമാക്കുന്ന ഒരു വിവരവും പ്രൊജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേഖലയിലെ സ്റ്റാറ്റസ് സംബന്ധിച്ച വിവരമൊന്നും ഇല്ലെന്ന്, ഈ രേഖ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിൽ നിന്നും വ്യക്തമാകുന്നു. നഗരസഭയിലെ ആകെ വീടുകൾ എത്ര, അവയിൽ നിലവിൽ ഉറവിടമാലിന്യ സംവിധാനമുള്ളവയെത്ര, പ്രൊജക്ടിൽ നല്കിയ മുൻഗണന പ്രകാരമുള്ള (5സെന്റിൽ കുറവ് ഭൂമിയുള്ളവർ,വനിത,അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള വീട്) വീടുകൾ എത്ര, പ്രൊജക്ട് നിർവ്വഹണത്തിനുശേഷം അവശേഷിക്കുന്ന വീടുകളിൽ എപ്രകാരം ഇവ സ്ഥാപിക്കും തുടങ്ങിയ കാര്യങ്ങളിലൊന്നും യാതൊരു വിശദാംശവും പ്രൊജക്ട് നല്കുന്നില്ല. അവശ്യവിവരങ്ങളില്ലാതെ പ്രൊജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനും വിവരങ്ങളില്ലാത്ത പ്രൊജക്ടിന് സാങ്കേതികാനുമതി നല്കിയ ഉദ്യോഗസ്ഥനും(ലഭ്യമാക്കിയ പ്രൊജക്ടിൽ വെറ്റിംഗ് ഓഫീസറുടെ വിശദാംശങ്ങളില്ല) ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

ബി) ഇരുവർഷങ്ങളിലായി ആകെ 3600 യൂണിറ്റുകൾ (ഒരു യൂണിറ്റിൽ 2 റിംഗുകൾ ഉൾപ്പെടുന്നു) വിതരണം ചെയ്തതിന് ആകെ 8064000/-രൂപ അനുവദിച്ചിട്ടുണ്ട്(2240x3600).എന്നാൽ ഈ എണ്ണവും വിതരണം ചെയ്തവയുടെ എണ്ണവും, ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണവും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാങ്ങിയ റിംഗ് കമ്പോസ്റ്റുകൾ | 3600 |
| 24.08.2021 ലെ ഭരണസമിതി തീരുമാനം 12/2പ്രകാരം അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 3215 |
| അക്വിറ്റൻസ് പ്രകാരം ആകെ വിതരണ ചെയ്ത റിംഗ് കമ്പോസ്റ്റുകൾ(3358-18=3340(അക്വിറ്റൻസിൽ 15എണ്ണം ഒപ്പിടാത്തതും3എണ്ണം ഗുണഭോക്താവിനെ സ്ട്രൈക്ക് ചെയ്തതും | 3340 |

3215 ഗുണഭോക്താക്കളെ മാത്രമാണ് അംഗീകരിച്ചതെന്നിരിക്കെ ഇപ്രകാരം വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്. കൂടാതെ വാങ്ങിയവ മുഴുവൻ വിതരണം ചെയ്യാത്തത് വിശദമാക്കേണ്ടതുമാണ്.

സി) 2240/-രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന റിംഗ് കംമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സബ്സിഡി അനുവദിച്ച് നൽകുകയാണ് പ്രൊജക്ട് പ്രകാരം ചെയ്തിരിക്കുന്നത്.സബ്സിഡിയും അനുബന്ധവിഷയങ്ങളും പ്രതിപാദിക്കുന്ന14.2.2018ലെ കൈ.22/18/എൽ എസ് ജി ഡി സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.8പ്രകാരം റിംഗ് കമ്പോസ്റ്റിന് ജനറൽ വിഭാഗത്തിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 50ശതമാനം മാത്രമാണ്.തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 25മുതൽ 50ശതമാനം വരേയും ശുചിത്വമിഷൻ വിഹിതം പരമാവധി 25ശതമാനവും ഗുണഭോക്തൃ വിഹിതം 50 ശതമാനവുമാണ് വിനിയോഗിക്കാവുന്നതെന്ന് ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിബന്ധനകൾക്ക് വിരുദ്ധമായി 3696812/-രൂപ (7393624/2) അധികം വിനിയോഗിച്ചതിന് കാരണം വിശദമാക്കേണ്ടതാണ്.2022-23വർഷത്തൽ ചെലവഴിച്ച 335188/- (335188/2)രൂപയും അധികച്ചെലാവാണെന്ന് കാണാം.

ഡി) 12ശതമാനം ജി എസ് ടി ഉൾപ്പെടുന്ന വിലയാണ് യൂണിറ്റ് കോസ്റ്റായ2240/-രൂപ. 2.5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി എസ് ടി സ്രോതസ്സിൽ നിന്നും പിടിക്കണമെന്നിരിക്കെ യാതൊരു തുകയും നികുതിയിനത്തിൽ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നല്കുകയായിരുന്നു

പ്രൊജക്ട് പ്രകാരം ചെയ്തത്. ഇത് മൂലം പ്രൊജക്ട് ചെലവായ 8064000/-രൂപയുടെ 2%ആയ 161280/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. (ഓഡിറ്റ് വർഷം 147872/-രൂപയും 2022-23വർഷത്തിൽ 13408/-രൂപയും.) ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും 161280/-രൂപ ഉടനടി കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

ഇ) വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടില്ല. 27.03.23ന് നടത്തിയ സ്ഥല പരിശോധനയിൽ റിംഗ് കമ്പോസ്റ്റ് ലഭിച്ച 29ആം വാർഡിലെ ശ്രീ ഷജീറിന്റെ കാര്യത്തിൽ ലഭിച്ച റിംഗ് പൊട്ടിത്തുങ്ങിയ നിലയിൽ കണ്ടതാകുന്നു.കൂടാതെ ഇത് നിലവിൽ ചകിരി ചിരട്ട എന്നിവ സൂക്ഷിച്ച് വയ്ക്കുന്നതിന് ഉപയോഗപ്പെടുത്തിയിരിക്കുകയാണ്. ഇത് ഫെറോസിമന്റിൽ നിർമ്മിച്ചതല്ലെന്നും ശുചിത്വമിഷൻ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഇല്ലെന്നും (പ്രത്യേകിച്ച് കനത്തിന്റെ കാര്യത്തിൽ) കാണുന്നു.വിതരണം ചെയ്യാൻ പോകുന്ന റിംഗിന്റെ സാമ്പിൾ പ്രൊക്യർമെന്റ് കമ്മിറ്റിക്ക് മുമ്പിൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ഫയലിൽ കുറിപ്പെഴുതിയിരുന്നെങ്കിലും തുർന്ന് ഇക്കാര്യം നടന്നോയെന്ന് വ്യക്തമാകുന്നില്ല. കൂടാതെ സാംമ്പിൾ പരിശോധിച്ചെങ്കിൽ തന്നെ തുടർന്ന് വിതരണം ചെയ്തവയ്ക്ക് അതേ ഗുണനിലവാരമുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ, നിരീക്ഷണകമ്മിറ്റിയോ ഉറപ്പുവരുത്തിയിട്ടില്ല. റിംഗ് കമ്പോസ്റ്റിന്റെ ഗുണനിലവാരത്തെ കുറിച്ച് പരാതി ഉയർന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ വിതരണം ചെയ്ത റിംഗുകളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷൻ ശുചിത്വ മിഷൻ നിഷ്കർഷിച്ചതു തന്നെയാണോ എന്ന കാര്യത്തിലും ഒരു സാങ്കേതിക സമിതിയെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതുണ്ട്.

എഫ്) പ്രൊജക്ട് നിർവ്വഹണം ആരും തന്നെ മോണിറ്റർ ചെയ്തിട്ടില്ല.വിതരണവും തുടർന്നുള്ള ഉപയോഗവും നിരീക്ഷിക്കപ്പെടാത്തതിനാൽ തന്നെ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന കാര്യത്തിൽ വ്യക്തതയില്ല

ജി) പ്രൊജക്ടിന്റെ നോട്ട് ഫയലിൽ (ഫയൽ നം H2/5313/21) ,24/12/21തീയതിവച്ചും 24.1.22തീയതി വച്ചും 25/3/22 തീയതി വച്ചും സെക്ഷൻ ഏതെന്ന് വ്യക്തമാക്കാതെ കുറിപ്പുകൾ രേഖപ്പെടുത്തിക്കാണുന്നു. 28.3.23ന് പ്രൊജക്ട് നിർവ്വഹിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശശി നടുവിലക്കണ്ടി എന്നവരെ നേരിൽ കേട്ടതിൽ മേൽകുറിപ്പുകൾ അയ്യങ്കാളി തോഴിലുറപ്പ് പദ്ധതി ജീവനക്കാരിൽ ഒരാളുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംവിധാനത്തിന് പുറത്തുള്ള ഒരാൾ ഫയൽ കൈകാര്യം ചെയ്തതിൽ വിശദീകരണം നല്കേണ്ടതുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ ക്രമ നമ്പർ ബി യിൽ സൂചിപ്പിച്ച, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 385 പോർക്ക് നല്കിയ യൂണിറ്റുകളുടെ വില 862400/-രൂപ (385x2240) ഓഡിറ്റിൽ നിരാകരിക്കുന്നു. ക്രമ നമ്പർ ഡി യിൽ പരാമർശിച്ച നികുതി കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സ്ർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. കൂടാതെ ക്രമ നം ഇയിൽ സൂചിപ്പിച്ച പരിശോധന നടത്തി വിവരം അറിയിക്കേണ്ടതുമാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം നല്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച തുക കഴിച്ച് 6531224/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2021-22 | 17.03.2023 മുതൽ 29.03.2023 വരെ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കണ്ടാലമല എം.സി.എഫ് പ്ലാസ്റ്റിക്ക് ഷെഡ്രിംഗ് യൂണീറ്റ് ഇലക്ട്രിഫിക്കേഷൻ | 273/24.02.22 300000 /- ചെക്ക് നമ്പർ - 515750 *26/02/22* - 148865/- | 448685 | --- | 448685 |
| | | | 448685 | | 448685 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ഭവന പദ്ധതി ലോൺ തിരിച്ചടവ് (HUDCO) | 2021-22 | 62,00,000 | 9,90,26,667 | 74,49,467 | 0 | 9,77,77,200 |
| EMS ഭവന പദ്ധതി ലോൺ തിരിച്ചടവ് | 2021-22 | 0 | 27,87,764 | 27,87,764 | 0 | 0 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|---|---|
| 2020-21 | 3-1 | 25,000 | മാളു | 121020900023, 29/07/2021 |
| 2020-21 | 3-1 | 25,000 | ലീല പി. | 121020900024, 03/08/2021 |
| 2020-21 | 3-1 | 25,000 | രജനി | 121020900022, 27/08/2021 |
| 2020-21 | 3-1 | 25,000 | മാധവി | 121100113094, 31/03/2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡിയോട് ശുപാർശ ചെയ്തു |
| 2000-01 | 48 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽ ക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)വെറ്ററിനറി ആശുപത്രി റിപ്പയർ | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും | |

| | | | | | |
|---|---|---|---|---|---|
| | | | | എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജല വിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി - സഞ്ചയയിൽ പ്ലിന്ത് ഏരിയിൽ കുറവു വരുത്തുന്നു | |
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-7 | 2017-18 | 1.11.13 | ഇൻഡസ്ട്രിയൽ ഷെഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ച | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,38,95,255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,75,03,417 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,75,984 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13584/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,88,46,842 |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | -- | 7651 | ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 5933 | ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 862400 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| | | 875984 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 98280 | ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ |
| 1-33 | 95022 | ഡോ.സാഹിറ വി.ബി മെഡിക്കൽ ഓഫീസർ,(ഹോമിയോ) |
| 1-34 | 150000 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |
| 1-36 | 1,803040 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |
| 1-37 | 35,20,000 | ശ്രീ. സുജിത്ത് പി. സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-38 | 4,48,605 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |
| 1-39 | 10,00,000 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |
| 1-40 | 5,40,000 | ശ്രീ. പ്രവീൺ. എ, സെക്രട്ടറി |
| 1-41 | 35,00,000 | ശ്രീ. സുജിത്ത് പി. സെക്രട്ടറി-ഇൻ-ചാർജ്ജ് |

| | | |
|---|---|---|
| 1-43 | 65,31,224 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-44 | 12,59,180 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-45 | 12,14,235 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-46 | 4,90,296 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രവീൺ. എ, സെക്രട്ടറി | സെക്രട്ടറി, പാനൂർ നഗരസഭ | ഗുരുക്കളവിട വീട്, ജില്ലാ കോടതിക്ക് സമീപം, തലശ്ശേരി-670101 Ph: 9446010764 |
| ശ്രീ. സുജിത്ത്. പി. സെക്രട്ടറി-ഇൻ-ചാർജ്ജ് | സെക്രട്ടറി കോട്ടക്കൽ നഗരസഭ | നിർവ്വാണ കോണോട്ട്, പറമ്പിൽ ബസാർ, കോഴിക്കോട് |
| ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് സൂപ്പർവൈസർ മാനന്തവാടി നഗരസഭ | നടുവിലക്കണ്ടിയിൽ എടച്ചേരി നോർത്ത് പി.ഒ വടകര,കോഴിക്കോട് |
| ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ | അസി. എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് പേരാമ്പ്ര | 10/541, കാർത്തികേയം, മാത്തൂർകാവ് റോഡ്, പകലൂർ, പള്ളിച്ചൽ 695020 |
| ഡോ.സാഹിറ വി.ബി മെഡിക്കൽ ഓഫീസർ, (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി കൊടകര | ബെങ് ല വീട് മുത്തപ്പൻകാവിന് സമീപം എരഞ്ഞിപ്പാലം പി. ഒ, കോഴിക്കോട് |

| | | |
|---|---|---|

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/1274(2) Dt.27.09.2011 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(3) Dt.27.09.2011 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(4) Dt.27.09.2011 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(5) Dt.27.09.2011 | 6 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(6) Dt.27.09.2011 | 7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(7) Dt.27.09.2011 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(8) Dt.14.07.2010 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(9) Dt.27.09.2011 | 09 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4/262/10 Dt.20.05.2010 | 07 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/728/07 തി.05.10.07- | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4/358/10- | 16 |

| | | |
|---|---|---|
| | dt.30.04.10 | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.എസ്1/178/09-1 Dt.21.04.09 | 36 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.എസ്1/1446/09 Dt.08.04.10 | 49 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി9/785 /13തി.28.04.12 | 39 |
| 2009-10<br>2010-11 | എൽ.എഫ്.കെ.കെ.ഡി.പി9/726 /12തി.07.05.13 | 29 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി9/1075 /13(1)തി.02.08.14 | 17 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി9/785 /12തി.28.04.12 | 23 |
| 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/633 /15(1)തി.28.04.12 | 40 |
| 2014-15 | എൽ.എഫ്.കെ.കെ.ഡി.പി9/662 /15തി.08.07.15 | 28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി14/145/ 2016, തീ.01.06.2017 (ഗ്രാമപഞ്ചായത്ത്) | 28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി144/145/ 2016, തീ.07.07.2017 ( നഗരസഭ) | 19 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 653/20/01.10.20 | 31 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 749/2019/20.05.2019 | 30 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14 /271/2020 /11.02.2021 | 25 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി/പി.9 /1814/2021 /18.04.22 | 35 |
| 2020 -21 | നം.കെ.എസ്.എ.കെ.കെ.ഡി/പി.9 /1814/2021 /18.04.22 | 49 |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

ഇ.എം.എസ്. ലോൺ -ബാങ്ക് പലിശ കണക്കാക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് .

| | | | Interest |
|---|---|---|---|
| Ist Instalment | | 1160000 | |
| | 29.07.2010 | 1160000x55x10/365x10 | 17479 |
| Interest up to 22.9.2010 | | | |
| Iind & IIIrd Instalment | | | |
| | 22.9.2010 | 825000+452500=1277500 | |
| Total | | 2437500 | |
| Ivth Instalment | 18.10.2010 | 1322500 | |
| Total | | 3760000 | |
| Interest up to 18.10.2010 | | 2437500x26x10/36500 | 17363 |
| Vth Instalment | 23.11.2010 | 2157500 | |
| Total | | 5917500 | |
| Interest up to | | 3760000x36x10/36500 | 37085 |

| | | | |
|---|---|---|---|
| 23.11.2010 | | | |
| VI th Instalment | 17.3.2011 | 267500 | |
| Total | | 6185000 | |
| Interest up to 17.3.2011 | | 5917500x104x10/36500 | 168608 |
| VII th Instalment | 25.3.2011 | 200000 | |
| Total | | 6385000 | |
| Interest up to 25.3.2011 | | 6185000x8x10/36500 | 13556 |
| VIII th Inst. | 12.05.2011 | 277500 | |
| Total | | 6662500 | |
| Interest up to 12.5.2011 | | 6385000x480/36500 | 83967 |
| Refund of Principal | 28.5.2011 | 591750 | |
| Balance | | 6070750 | |
| Interest up to 28.5.2011 | | 6662500x160/36500 | 29205 |
| IX th inst. | 9.6.2011 | 202500 | |
| Total | | 6273250 | |
| Interest up to 9.6.2011 | | 6070750x120/36500 | 19959 |

| | | | |
|---|---|---|---|
| | | | |
| Xth Inst. | 13.9.2011 | 195000 | |
| Total | | 6468250 | |
| Interest up to 13.9.2011 | | 6273250x96x10/36500 | 164995 |
| XI th Inst. | 28.9.2011 | 147500 | |
| Total | | 6615750 | |
| Interest up to 28.9.2011 | | 6468250x150/36500 | 26582 |
| XII th Inst. | 11.11.2011 | 82500 | |
| Total | | 6698250 | |
| Interest up to 11.11.2011 | | 6615750x440/36500 | 79752 |
| Refund of Principal | 17.1.2012 | 600000 | |
| Balance | | 6098250 | |
| Interest up to 17.1.2012 | | 6698250x670/36500 | 122954 |
| XIII th Inst. | 23.1.2012 | 240000 | |
| Total | | 6338250 | |
| Interest up to 23.1.2012 | | 6098250x60/36500 | 10025 |
| XIV th Inst. | 28.3.2012 | 85500 | |

| | | | |
|---|---|---|---|
| | | | |
| Total | | 7193250 | |
| Interest up to 28.3.2012 | | 6338250x650/36500 | 112873 |
| XVth Inst. | 13.6.2012 | 1800000 | |
| Total | | 8993250 | |
| Interest up to 13.6.2012 | | 7193250 x770/36500 | 151748 |
| XVI th Inst. | 30.7.2012 | 1500000 | |
| Total | | 10493250 | |
| Interest up to 13.6.2012 | | 8993250 x470/36500 | 115803 |
| XVII th Inst. | 4.10.2012 | 800000 | |
| Total | | 11293250 | |
| Interest up to 4.10.2012 | | 10493250 x660/36500 | 189741 |
| XVIII th Inst. | 16.11.2012 | 587500 | |
| Total | | 11880750 | |
| Interest up to 16.11.2012 | | 11293250 x430/36500 | 133044 |

| | | | |
|---|---|---|---|
| XIXth Inst. | 18.12.2012 | 931000 | |
| Total | | 12811750 | |
| Interest up to 18.12.2012 | | 11880750x320/36500 | 104160 |
| XX th Inst. | 19.2.2013 | 1070000 | |
| Total | | 13881750 | |
| Interest up to 19.2.2013 | | 12811750x320/36500 | 112322 |
| Principal portion remitted | 6.3.2013 | 835000 | |
| Total | | 13046750 | |
| Interest up to 6.3.2013 | | 13881750 x 150/36500 | 57048 |
| XXI th Inst. | 25.3.2013 | 735000 | |
| Total | | 13781750 | |
| Interest up to 19.2.2013 | | 13046750x 190 /36500 | 67914 |
| XXII th Inst. | 30.9.2013 | 397500 | |
| Total | | 14179250 | |

| | | | |
|---|---|---|---|
| Interest up to 30.9.2013 | | 13781750 x 1890/36500 | 713630 |
| Principal portion remitted | 22.11.2013 | 1500000 | |
| Total | | 12679250 | |
| Interest up to 22.11.2013 | | 14179250 x530/36500 | 205890 |
| XXIII nd Inst. | 8.1.2014 | 300000 | |
| Total | | 12979250 | |
| Interest up to 8.1.2014 | | 12679250 x480/36500 | 166741 |
| XXIV rd Inst. | 7.3.2014 | 340000 | |
| Total | | 13319250 | |
| Interest up to 7.3.2014 | | 12979250 x 580/36500 | 206246 |
| Principal portion remitted | 3.5.2014 | 500000 | |
| Total | | 12819250 | |
| Interest up to 3.5.2014 | | 13319250 x 570/36500 | 207999 |

| | | | |
|---|---|---|---|
| | | | |
| XXV th Inst. | 9.7.2014 | 177500 | |
| Total | | 12996750 | |
| Interest up to 9.7.2014 | | 12819250 x 670/36500 | 235312 |
| XXVI th Inst. | 22.9.2014 | 177500 | |
| Total | | 13174250 | |
| Interest up to 22.9.2014 | | 12996750 x 760/36500 | 270617 |
| Principal portion remitted | 3.3.2015 | 1500000 | |
| Total | | 11674250 | |
| Interest up to 3.3.2015 | | 13174250 x1620/36500 | 584720 |
| XXVII th Inst. | 6.3.2015 | 177500 | |
| Total | | 11851750 | |
| Interest up to 6.3.2015 | | 11674250 x 30 /36500 | 9595 |
| Principal portion remitted | 22.7.2015 | 2300000 | |

| | | | |
|---|---|---|---|
| Total | | 9551750 | |
| Interest up to 22.7.2015 | | 11851750 x 1380/36500 | 448093 |
| XXVIII th Inst. | 18.8.2015 | 207500 | |
| Total | | 9759250 | |
| Interest up to 18.8.2015 | | 9551750 x 260/36500 | 68040 |
| Principal credited | 22.12.2016 | 400000 | |
| Total | | 9359250 | |
| Interest up to 22.12.2016 | | 9759250 x 4510/36500 | 1205869 |
| Principal credited | 31.03.2017 | 2789000 | |
| Total | | 6570250 | |
| Interest up to 31.3.2017 | | 9359250 x 990/36500 | 253854 |
| Principal credited | 31.3.2017 | 2182486 | |
| Total | | 4387764 | |
| Principal credited | 4.8.2017 | 500000 | |
| Total | | 3887764 | |

| | | | |
|---|---|---|---|
| Interest up to 4.8.2017 | | 4387764 x 1260/36500 | 151468 |
| Principal remitted | 22.6.2018 | 500000 | |
| Total | | 3387764 | |
| Interest up to 22.6.2018 | | 3887764 x 3220/36500 | 342975 |
| Principal remitted | 25.10.2019 | 400000 | |
| Total | | 2987764 | |
| Interest up to 25.10.2019 | | 3387764 x 5200/36500 | 482640 |
| Principal remitted | 25.3.2021 | 200000 | |
| Total | | 2787764 | |
| Interest up to 25.3.2021 | | 2987764 x 5160 /36500 | 422380 |
| Principal remitted | 25.10.2021 | 1000000 | |
| Total | | 1787764 | |
| Interest up to 25.10.2021 | | 2787764 x 2140/36500 | 163447 |

| | | | |
|---|---|---|---|
| Principal remitted | 3.3.2022 | 1787764 | |
| Interest up to 3.3.2022 | | 1787764 x 1290/36500 | 63184 |
| | | | 8038883 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.